Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മിഥുനം 15—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂൺ 29 | ലക്കം 44

## തോമ്മാശ്ലീഹാ മതം പ്രസംഗിച്ച ഇന്ത്യ

"മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ ക്രിസ്തുവേദം പഠിപ്പിച്ചതായും ഇവിടെത്തന്നെ മരിച്ചടക്കപ്പെട്ടതായും പല പൂർവ്വപിതാക്കന്മാർ സാക്ഷ്യം വഹിച്ചിട്ടുണ്ടല്ലോ. എന്നാൽ അവർ പറയുന്ന ഇന്ത്യ സാക്ഷാൽ ഇന്ത്യ അല്ലെന്നു ഒരു വാദം അടുത്ത കാലത്തു ഉന്നയിക്കപ്പെട്ടിരിക്കുന്നു. ഏതാണ്ടു ക്രിസ്ത്വബ്ദാരംഭകാലം മുതൽ മൂന്നു നാലു ശതകങ്ങളിൽ പശ്ചിമേഷ്യയിലും അലക്സാന്ത്രിയായിലും റോമായിലും സാക്ഷാൽ ഇന്ത്യ തീർച്ചയായും അജ്ഞാതമായിരുന്നില്ല. റോമാസാമ്രാജ്യം ലോകനേതൃത്വം വഹിച്ചിരുന്ന അക്കാലത്തു റോമാക്കാരുടെ കച്ചവടം പ്രധാനമായി ഇന്ത്യയുമായിട്ടായിരുന്നു. എന്നല്ല, 1900 വർഷം മുമ്പു ലോകത്തിലെ ഏററം വമ്പിച്ച വാണിജ്യം അലക്സാന്ത്രിയായും ഇന്ത്യയും തമ്മിലായിരുന്നു. ഇന്ത്യയിൽ അന്നു കേരളമായിരുന്നു ഈ വാണിജ്യത്തിൻെറ കേന്ദ്രസ്ഥാനം.

"മേൽകാണിച്ചതിനെല്ലാം ലക്ഷ്യം വഹിക്കുന്നതു് അന്നുതന്നെ എഴുതപ്പെട്ട ചില ഗ്രീക്കുഗ്രന്ഥങ്ങളും രേഖകളുമാണു്. ക്രിസ്ത്വബ്ദാരംഭകാലത്തു ജീവിച്ചിരുന്ന സ്റ്റ്റാബോ (Strabo) യുടെ വിവരണം, ക്രി. വ. 50-ൽ എഴുതപ്പെട്ട പ്ലീനി (Pliny) എന്ന പ്രസിദ്ധ ഗ്രന്ഥകാരൻെറ "നാച്ചുറൽ ഹിസ്റ്ററി", ആയിടയ്ക്കുതന്നെ, കപ്പൽയാത്രക്കാരുടെ ഉപയോഗത്തിനുള്ള ഒരു കൈപ്പുസ്തകമായി എഴുതപ്പെട്ട "പെരിപ്ലസ്" (Periplus), പിന്നീടു് (80 വർഷം കഴിഞ്ഞു) വിശ്രുതനായ ടോളെമി (Ptolemy) എഴുതിയ ഭൂവിവരണം മുതലായവയാണു് ഇതിനെപ്പററിയുള്ള പ്രമാണഗ്രന്ഥങ്ങൾ.

"അന്നു ചെങ്കടൽമുഖത്തുനിന്നു 40 ദിവസം കപ്പലോടിച്ചാൽ ഇന്ത്യയിലെ ഒന്നാമത്തെ നഗരമായ Muziris (മുയിരിക്കോടു്, കൊടുങ്ങല്ലൂർ) ൽ എത്തിയിരുന്നെന്നും കിഴക്കെ രാജ്യത്തു പാണ്ഡ്യരാജാവു ഭരിച്ചിരുന്നെന്നും മററും പ്ലീനി തെളിവായി എഴുതിയിരിക്കുന്നു. പെരിപ്ലസ് കൃതിയിൽ സൗരാഷ്ട്രം മുതലാണു് ഇന്ത്യ തുടങ്ങുന്നതെന്നു തെളിവാക്കിയിട്ടുണ്ടു്. തെക്കെ ഇന്ത്യയിലെ, വിശേഷിച്ചു്, കേരളത്തിലെ പട്ടണങ്ങളാണു് അതിൽ പ്രധാനമായി പറയുന്നതു്. മേൽപറഞ്ഞ രണ്ടിനേക്കാൾ വിപുലമായ ഇന്ത്യാവിവരണം ടോളമിയുടെ കൃതിയിലുണ്ടു്. ഇന്ത്യയുടെ അതിരു് വടക്കു ഹിമാലയവും, കിഴക്കു ഗംഗാതലവും, തെക്കു് ഇന്ത്യൻ സമുദ്രവുമാണെന്നു അയാൾ തീർത്തുപറഞ്ഞിരിക്കുന്നു. കേരളതീരത്തിലെ അനേകം പട്ടണങ്ങളുടെ പേർ പറയുന്നുമുണ്ടു്. ഇന്ത്യയെപ്പററി അന്നത്തെ പ്രമാണഗ്രന്ഥങ്ങൾ ഇത്രവിശദമായി പറഞ്ഞിരിക്കെ, സാക്ഷാൽ ഇന്ത്യ അന്നു പാശ്ചാത്യർക്കു അജ്ഞാതമായിരുന്നു എന്നു് എങ്ങിനെ വാദിക്കും?"

[ഡോക്ടർ പി. ജെ. തോമസ് എം. ഏ. ഡി. ലിററു്, "ദീപിക, ശതാബ്ദസ്മാരകം"]

## മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ പ്രേഷിതത്വം



**മാർത്തോമ്മാശ്ലീഹാ**

**(തിരുനാൾ ജൂലൈ 3)**

### ശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതത്വം

"മാർത്തോമ്മാശ്ലീഹാ ഞങ്ങളുടെ പ്രദേശങ്ങളിൽ (പാശ്ചാത്യ ഏഷ്യയിലെ സിറിയാ മുതലായ സ്ഥലങ്ങൾ) സുവിശേഷം അറിയിച്ചതിൻെറ ശേഷം ഇന്ത്യയിലേക്കു തിരിച്ചുവെന്നും, അവിടെ ക്രിസ്തീയവിശ്വാസം പ്രസംഗിക്കുകയും പഠിപ്പിക്കുകയും പള്ളികൾ സ്ഥാപിച്ചു ക്രമീകരിക്കുകയും ചെയ്തുവെന്നും, അവിടെവച്ചു രക്തസാക്ഷിമകുടം സ്വീകരിച്ചുവെന്നും, പിന്നീടു മൂന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ അദ്ദേഹത്തിൻെറ അസ്ഥികൾ എദേസ്സാ പട്ടണത്തിലേക്കു മാററപ്പെട്ടുവെന്നും ഞങ്ങളുടെ കൽദായസഭ ആദ്യനൂററാണ്ടുകൾമുതൽ വിശ്വസിച്ചുപോരുന്നു. ഈ സംഗതിയിൽ ഞങ്ങളുടെ സഭയുടെ വിശ്വാസം ഗ്രീക്കുമല്പാന്മാരും മററും എഴുതിയിട്ടുള്ളതിനു പുറമെ കൽദായക്കാരുടെ പുരാതനമായ സാക്ഷികളേയും ആശ്രയിച്ചുള്ളതാണു്. മാർത്തോമ്മാശ്ലീഹാ ഇന്ത്യൻ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചു എന്നതിനെ സ്ഥിരീകരിക്കുന്ന പ്രഥമസാക്ഷ്യം ആ ശ്ലീഹായുടെ "പ്രവൃത്തികൾ" (എന്ന ഗ്രന്ഥം) ആകുന്നു. അതിൻെറ രചനാകാലം അപ്പസ്തോലൻെറ അസ്ഥികൾ ഇന്ത്യൻ പ്രദേശങ്ങളിൽനിന്നും എദേസ്സായിലേക്കു മാററപ്പെട്ട 232-ാമാണ്ടുവരെ എത്തുന്നു. അതിൻെറ രചയിതാവു് ഒരു സുറിയാനിക്കാരനായിരുന്നു. ആ ചരിത്രത്തിൽ വിവരിക്കുന്ന സ്ഥലകാലങ്ങളെപ്പററി അദ്ദേഹത്തിനറിയാമായിരുന്നു. ക്രിസ്ത്വബ്ദത്തിൻെറ ആരംഭകാലത്തു കച്ചവടക്കാർ യാത്ര ചെയ്തിരുന്ന മാർഗ്ഗത്തിൽക്കൂടിത്തന്നെയാണു് വിശുദ്ധനും ഇന്ത്യയിലേക്കു യാത്രചെയ്തതു് എന്നും ആ ഗ്രന്ഥത്തിൽനിന്നു ഗ്രഹിക്കാം. "വേദസാക്ഷികളുടേയും പുണ്യവാന്മാരുടേയും ചരിത്രങ്ങൾ" എന്ന ഗ്രന്ഥപരമ്പരയിൽ മൂന്നാം വാല്യത്തിൽ പതിനാറുഭാഗങ്ങളായി നൂററിഎഴുപത്തഞ്ചുപക്ഷങ്ങളിൽ ഈ "അപ്പസ്തോലൻെറ പ്രവൃത്തികൾ" ബെയ്ജാൻ എന്ന വൈദികൻ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിലെ ഓരോ വരിയും ഈ അപ്പസ്തോലൻെറ ഇന്ത്യൻ പ്രദേശങ്ങളിലെ പ്രേഷിതത്വത്തെ സ്ഥിരീകരിക്കുകയും കൈ വിരൽകൊണ്ടെന്നതുപോലെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

"ആദായിയുടെ പഠനം അഥവാ പൗരസ്ത്യർ (സുറിയാനിക്കാർ) പറയുന്നതുപോലെ "അപ്പസ്തോലന്മാരുടെ നിയമങ്ങൾ" എന്ന ഒരു ഗ്രന്ഥമുണ്ടു്. നെസ്തോറിയന്മാർക്കും യാക്കോബായക്കാർക്കും അറിയാവുന്നതും അവർ സ്വീകരിക്കുന്നതുമാണു് ആ നിയമങ്ങൾ. ആകയാൽ നെസ്തോറിയസിൻേറയും എവുത്തിക്കുസിൻേറയും "പഠനങ്ങൾ" മൂലം റോമായിൽനിന്നും സഭകളുടെ ഛിദ്രം ഉണ്ടാകുന്നതിനുമുമ്പു അവ ക്രോഡീകരിക്കപ്പെട്ടുവെന്നുള്ളതു പ്രത്യക്ഷമാണു്. സുപ്രസിദ്ധ ഗവേഷകനായ ഹർണാക്കു് പ്രസ്താവിക്കുന്നതനുസരിച്ചു് ഈ നിയമങ്ങളെപ്പററിയുള്ള അനുസ്മരണ നാലാംനൂററാണ്ടുവരെ എത്തുന്നു. ഈ നിയമങ്ങളുടെ നാലാംഭാഗത്തിൽ ഇപ്രകാരം സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്: "അറുതിക്കടൽ വരെ ഇന്ത്യയും അതിലെ സകല പ്രവിശ്യകളും അതിനു ചുററുമുള്ള സകല പ്രദേശങ്ങളും തോമ്മാശ്ലീഹായിൽനിന്നു പൗരോഹിത്യഹസ്തം (കൈവെപ്പു) സ്വീകരിച്ചു. ആ പ്രദേശങ്ങളിലെ സഭയുടെ തലവനും ഭരണകർത്താവും അദ്ദേഹംതന്നെ ആയിരുന്നു."

"മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതത്വത്തെ സ്ഥിരീകരിക്കുന്നവയാണു് മഹാപണ്ഡിതനായ മാർ അപ്രേമിൻെറ വാക്കുകൾ. അദ്ദേഹം നാലാംനൂററാണ്ടിൻെറ ആരംഭത്തിൽ നസീബീൻ പട്ടണത്തിൽ ജനിക്കുകയും സ്വർഗ്ഗഭാഗ്യത്തിനായി 373 ജൂൺ മാസം 9-ാംനു ഐഹികവാസം വെടിയുകയും ചെയ്തു. ഈ വേദപാരംഗതനും മാർത്തോമ്മാശ്ലീഹായുടെ അസ്ഥികൾ ഇന്ത്യയിൽനിന്നും എദേസ്സായിലേക്കു മാററിയതിനെപ്പററി നമുക്കു അറിവുനൽകുന്നുണ്ടു്. അതുസംബന്ധിച്ചു് അദ്ദേഹം എഴുതിയിട്ടുള്ള പ്രബന്ധത്തിൻെറ രണ്ടാംഭാഗത്തിൽ ഒരു പദ്യം ഇപ്രകാരമാണു്: "ഭൂമിയുടെ പരിധികൾമുതൽ പരിധികൾവരെ വേരുകൾ വ്യാപിപ്പിച്ചിരിക്കുന്ന വിശ്വാസത്തിൻെറ ശാഖകൾ അപരിമേയങ്ങളാണു്. ശെമ്ഔൻ കേപ്പായോടുകൂടി അതു റോമയിൽ പ്രവേശിച്ചു; തോമ്മായോടുകൂടി അതു ഇന്ത്യയിലേക്കിറങ്ങി. അവർ അതിനെ വളരെ ഉയർത്തുകയുംചെയ്തു. പൗലോസിനോടുകൂടി പുറജാതികളുടെ ഇടയിലേക്കു പുറപ്പെട്ടു. രാജാക്കന്മാരോ ന്യായാധിപന്മാരോ അതിനെ കീഴ്പ്പെടുത്തിയുമില്ല. തൻെറ സ്നേഹിതന്മാർക്കു ശക്തിനൽകി അവരെ യുദ്ധത്തിൽ വിജയിപ്പി

(ശേഷം 3-ാംപേജിൽ)




അദ്ധ്യായം 6 (തുടർച്ച)

## ബറാബാസ്—രാജാവ്, മിശിഹാ

(വി. സി. ജോർജ്ജ് ബി. എ. എൽ.ററി)

"ഒരുപക്ഷെ, ബറാബാസ്, അങ്ങു പറയുന്നതു ശരിയായിരിക്കാം. സമറായരായ ഞങ്ങൾക്കു റോമന്മാരെ അടിച്ചോടിക്കുന്ന വിഷയത്തിൽ നിങ്ങളെ സഹായിക്കുവാൻ കഴിഞ്ഞെന്നും വരാം. അങ്ങനെ ചെയ്യുന്നതിൽനിന്നു് ഞങ്ങൾക്കുണ്ടാകാവുന്ന നന്മയെന്താണെന്നുള്ള ചോദ്യമാണ് വീണ്ടും വീണ്ടും എന്നിലുളവാകുന്നതു്. റോമന്മാരെ ഓടിച്ചുകഴിഞ്ഞാൽ—അങ്ങനെ ചെയ്യുവാൻ നിങ്ങൾക്കു കഴിയുമെന്നു് നിങ്ങൾ പറയുന്നു, അതു ശരിയാണെന്നുംവരാം—ഞങ്ങളുടെ സ്ഥിതിയെന്താണ്? ഞങ്ങൾ പിന്നെയും അശുദ്ധർ, അയിത്തക്കാർ!! യൂദന്മാരായ നിങ്ങൾ ഞങ്ങളെ അധിക്ഷേപിച്ചുകൊണ്ടിരിക്കുമെന്നുള്ളതു തീർച്ചതന്നെ. നിങ്ങൾ കുഷ്ഠരോഗികളെപ്പോലെ വെറുക്കുന്ന ഒരു പരിഷയായി സമറായരായ ഞങ്ങൾ തുടരുകതന്നെ വേണം."

തന്റെ സ്വാധീനത്തിലുള്ള ഏററം ശക്തിമത്തായ ആയുധം ഉപയോഗിക്കുവാനുള്ള സമയമിതാണെന്നു ബറാബാസ് കരുതി.

"എന്റെ ജനനത്തെപ്പററി നിങ്ങൾക്കറിയാമോ?" എന്നിങ്ങനെ ഇടയന്മാരോടായി ബറാബാസ് ചോദിച്ചു.

"ഇല്ലല്ലോ."

"എന്നാൽ കേട്ടോളിൻ. എന്റെ പിതാവു് യഹൂദനായിരുന്നു. മാതാവോ സമറിയായിൽ ജനിച്ചവൾ. അമ്മയെ ഉപേക്ഷിച്ചുകളയുവാൻ പുരോഹിതന്മാർ ആവശ്യപ്പെട്ടിട്ടു് അച്ഛൻ സമ്മതിച്ചില്ല. അനന്തരഫലമെന്തെന്നോ? ഒരു ദുഃഖം ഉണ്ടായില്ല. ഇപ്പോഴും ഞാനൊരു കുറിപ്പു് പ്രധാനാചാര്യനയച്ചാൽ എന്റെ അമ്മയുടെ ഉത്ഭവത്തെപ്പററി ചിന്തിക്കാതെ അദ്ദേഹം അതു സ്വീകരിക്കുന്നു. ഞാൻ പകുതിമാത്രം യഹൂദനാണെന്നുള്ളതിനെ ഗൗനിക്കാതെ എനിക്കു മറുപടിതരുന്നു. ജനനം സംബന്ധിച്ചു യാതൊരു കഴമ്പുമില്ല. ആളാണു കാര്യം. എവിടെ ജനിച്ചെന്നോ മാതാപിതാക്കന്മാരാരെന്നോ ചിന്തിക്കുകയേ വേണ്ടാ. നമ്മുടെ ശ്രമം ഫലിച്ചാൽ—ഫലിക്കുകതന്നെ ചെയ്യും—പിന്നീടു് യഹൂദനെന്നോ സമറായനെന്നോ വ്യത്യാസമുണ്ടായിരിക്കുകയില്ല. ആ കാര്യത്തിനുറപ്പു പറയുവാൻ ഞാൻതന്നെ മതി. ഞാൻ യഹൂദനും സമറായനുമാണല്ലോ!" സ്വല്പനേരം മൗനം അവലംബിച്ചിട്ടു് അയാൾ തുടർന്നു: "സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ സമറായർ സഹകരിക്കുന്നുവെങ്കിൽമാത്രം."

നിർബന്ധപൂർവ്വം എതിർന്യായങ്ങൾ ആട്ടിടയൻ അണിനിരത്തി: "അങ്ങു ഇപ്രകാരം പറയുന്നു, ബറാബാസ്, അങ്ങു പറയുന്നതിനെ ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ ഇങ്ങനെയൊക്കെ നിർവ്വഹിക്കുവാനുള്ള ശക്തി അങ്ങേക്കുണ്ടോ?"

ബറാബാസ് ചർച്ചചെയ്യുവാൻ ഇഷ്ടപ്പെടാതിരുന്ന ഒരു വിഷയമാണു ഇടയൻ കുത്തിപ്പൊക്കിയതു്. ബറാബാസിന്റെ അനുയായികൾതന്നെ പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു; ബറാബാസ് വെറും ഒരുപകരണംമാത്രമല്ലേ? മററുള്ളവർ ഫലം അനുഭവിക്കുമാറു ക്ലേശകരമായ പ്രാരംഭജോലിക്കുമാത്രം നിയുക്തനല്ലേ ഇയാൾ? എന്തായാലും അയാൾ ഒരു ശുദ്ധഗതിക്കാരൻ, എഴുതാനും വായിക്കാനും കഴിവില്ലാതിരുന്ന ഒരു കവർച്ചക്കാരനെന്നു അവർ സമ്മതിച്ചിരുന്നു.

ആട്ടിടയന്റെ ചോദ്യത്തിനു പതിവിൽക്കവിഞ്ഞ ചുണയോടു കൂടിയാണു ബറാബാസ് മറുപടിപറഞ്ഞതു്.

"ജോലിയെല്ലാം ചെയ്തശേഷം അധികാരം മററുള്ളവർക്കു ഞാനേല്പിച്ചുകൊടുക്കുമെന്നാണോ നിങ്ങളുടെ വിചാരം? നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം സമ്പാദിച്ചശേഷം, എന്റെ അനുയായികളേയും പൊതുജനങ്ങളേയും അക്ഷരജീവികൾക്കും പ്രീശർക്കും പ്രധാനാചാര്യന്മാർക്കും സാധാരണജനങ്ങളുടെ കഷ്ടതകളിൽ ശ്രദ്ധപതിക്കാതെ വൃത്തികെട്ട വിദേശികളൊന്നിച്ചു ഭക്ഷണംകഴിക്കുന്ന ധനവാന്മാർക്കും ഞാൻ ഏല്പിച്ചുകൊടുക്കുമെന്നാണോ നിങ്ങൾ കരുതുന്നതു്? ആകട്ടെ, തന്റെ പേരു്?"

"ജെഹൂദാ."

"ജെഹൂദാ, ഞാൻ പറഞ്ഞുതരാം. ഇസ്രായേൽ ജനത്തെ ഈജിപ്തിൽനിന്നു് മോശ മോചിപ്പിച്ചശേഷം അദ്ദേഹമായിരുന്നു അവർക്കാവശ്യമായ നിയമങ്ങൾ നൽകിയതു്. നമ്മുടെ ജന്മഭൂമിയെ സ്വതന്ത്രമാക്കി റോമന്മാരെ ബറാബാസ് ഓടിച്ചുകഴിയുമ്പോൾ ഭരണം ബറാബാസിന്റേതായിരിക്കും. പ്രധാനാചാര്യന്മാരുടേയോ രാജസേവകന്മാരുടേയോ ആയിരിക്കുകയില്ല. നിയമം ഉണ്ടാക്കുന്നതും അവൻതന്നെ. സാരം മനസ്സിലായോ? പ്രീശരുടേയും പുരോഹിതന്മാരുടേയും യെരുശലേമിൽ താമസമുറപ്പിച്ചുകൊണ്ടു് മൂക്കററംവരെ ഉണ്ടുംതിന്നും കഴിയുന്ന ധനവാന്മാരുടേയും ധിക്കാരം സഹിക്കുവാൻ നമ്മളാരും ഇനി ആളല്ല. യഹൂദരും സമറായരും തമ്മിൽ യാതൊരു വ്യത്യാസവും തരഭേദവും ഉണ്ടായിരിക്കുകയില്ല. നമ്മൾയോജിച്ചു്, രാജ്യത്തിനു സ്വാതന്ത്ര്യം കരസ്ഥമാക്കും, നമ്മൾ സഹകരിച്ചു് ബാക്കികാര്യങ്ങൾ ശരിപ്പെടുത്തുകയും ചെയ്യും. എഴുത്തുപണിക്കാർക്കും താൽമുദ്ഗ്രന്ഥക്കാർക്കും യാതൊരു സ്ഥാനവുമുണ്ടായിരിക്കുകയില്ല. വേദഗ്രന്ഥങ്ങളെല്ലാം ഞാൻ ചുട്ടുകരിക്കും, അവ തീർത്തും മറവിയിൽ മറയുകയും ചെയ്യും!"


ആട്ടിടയൻ ദുഷ്ടതയുടേയും ദുർവികാരത്തിന്റേയും ഒരു നോട്ടം ബറാബാസിന്റെനേരെ തിരിച്ചു. കീറിപ്പറിഞ്ഞു, നനഞ്ഞുനാറിയ വസ്ത്രങ്ങളും ധരിച്ചു്, തന്റെ മുമ്പിൽ കണ്ട ആ വിരണ്ടോടിയിൽനിന്നു ഇപ്രകാരമുള്ള വീരവാദം കേൾക്കുന്നതു വിനോദകരമായി അയാൾ കരുതിയായിരിക്കാം.

"അപ്പോൾ ബറാബാസ്, അങ്ങു രാജാവാകുവാൻ തീരുമാനിച്ചിരിക്കുകയാണു്" മുഖത്തേക്കു വീണ ജഡാളി തട്ടിമാററിക്കൊണ്ടു ഇടയൻ പ്രസ്താവിച്ചു.

ബറാബാസ് പൊട്ടിച്ചിരിച്ചു: "രാജാവു്! എന്തുകൊണ്ടു് രാജാവായിക്കൂടാ? പെരുവഴിയിലെ കവർച്ചയിൽനിന്നു് രാജപദത്തിലേക്കുയരുന്ന ആദ്യത്തെ ആൾ ഞാനായിരിക്കുകയില്ല. അതു സംബന്ധിച്ചും ഒന്നു പറയാനുണ്ടു്. എല്ലാം ജനങ്ങളെ ആശ്രയിച്ചിരിക്കും. സ്വാതന്ത്ര്യം കിട്ടുന്നതിനെയും. സ്വതന്ത്രരായശേഷം വേണ്ടവിധത്തിലൊക്കെ നമുക്കു സംഗതികൾ ശരിപ്പെടുത്താം. എന്നാൽ സ്വാതന്ത്ര്യം കൈവരുത്തുവാൻ നാമെല്ലാവരും ഒരേഒരു മനുഷ്യൻ എന്ന വിധത്തിൽ യോജിക്കേണ്ടിയിരിക്കുന്നു. സമറായക്കാർ ഒന്നടങ്കം ഈ സ്വാതന്ത്ര്യസമരത്തിൽ ഞങ്ങളുടെകൂടെ ചേരത്തക്കവണ്ണം പ്രേരണചെലുത്താമെന്നല്ലേ, ജെഹൂദാ, തന്റെ അഭിപ്രായം?"

എരിഞ്ഞുതാഴുന്ന തീക്കൊള്ളികളിൽ ആട്ടിടയൻ സൂക്ഷിച്ചുകൊണ്ടിരുന്നു.

"എന്തുകൊണ്ടാണു് ചെലുത്തിക്കൂടാത്തതു്?" എന്നു് ചോദിച്ചു അയാൾ വീണ്ടും വിചാരമഗ്നനായി. ഒരു ചോദ്യംകൂടെ പൊന്തിവന്നു. "ബറാബാസ്, യഹൂദരായ നിങ്ങളുടെയിടയിൽ ഇത്രയധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ള മിശിഹാ നിങ്ങൾതന്നെയാണോ?"


Sr. Alphonsa. I.C.

THANKSGIVING
for favours received
Jose Paul Aricatt, Alooi

"ഈ കാര്യം തന്റെ തലയിൽ എങ്ങനെ കയറി?" ബറാബാസ് ചോദിച്ചു.

"എങ്ങനെയെന്നോ? നിങ്ങളുടെ പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതു് മിശിഹാമൂലം ഇസ്രായേലിനു മോചനംലഭിക്കുമെന്നാണല്ലോ." പെട്ടെന്നു് ഉത്തരം പറയുവാൻ കഴിയാത്തവണ്ണം അത്രയധികം ആശയങ്ങൾ ബറാബാസിന്റെ തലയ്ക്കുള്ളിൽ പാഞ്ഞുകൊണ്ടിരുന്നു.

"മിശിഹായെന്നല്ലേ പറഞ്ഞതു്? താൽമുദ്ഗ്രന്ഥക്കാർ ഇസ്രായേലിന്റെ രക്ഷകനു കൊടുത്തിട്ടുള്ള പേരതാണു്. സ്വാതന്ത്ര്യം നൽകുന്നവൻ എന്ന അർത്ഥം മാത്രമേ ആ വാക്കിനുള്ളുവെന്നാണു് ഞാൻ കരുതുന്നതു്."

"അപ്പോൾ അങ്ങു്, മിശിഹാതന്നെയാകും, അല്ലേ?"

"താൻ ആ വഴിക്കാണു് ചിന്തിക്കുന്നതെങ്കിൽ."

"ഈ നസ്രായൻ ഈശോയാണു് മിശിഹായെന്നു വിശ്വസിക്കുന്ന ചില ആളുകൾ ഞങ്ങളുടെയിടയിലുണ്ടു്."

ബറാബാസിന്റെ ചിരിയുണ്ടാക്കിയ "കിടുകിടാ" ശബ്ദം നിശയുടെ ശാന്തി ഭഞ്ജിച്ചു.

"ജെഹൂദാ, എനിക്കു് ചിരിക്കാതിരിക്കുവാൻ വയ്യാ. സ്വാതന്ത്ര്യം നൽകുന്നവൻ എന്ന അർത്ഥമാണു് മിശിഹാ എന്ന വാക്കിനുള്ളതെങ്കിൽ— അങ്ങനെയെന്നുതന്നെയാണു് എന്റെ വിശ്വാസം—ഈ ഈശോ ഭൂലോകത്തിലുള്ള എല്ലാമനുഷ്യരിലും ഈ പേരിനു് ഏററം അയോഗ്യനാണു്. ഒരൊററ റോമനെ ഈ രാജ്യത്തുനിന്നോടിക്കുവാൻ അയാൾക്കു് സാധിക്കുകയില്ല. ഒരൊറററോമനെ എന്നുതന്നെ ഞാൻ പറയുന്നു."

ആ മേഷപാലകൻ പ്രശാന്തനായി ആട്ടിൻതൊലിയുടെ രോമത്തിൽ തേച്ചു് സ്വന്തം കത്തി വൃത്തിയാക്കിയശേഷം അതിനെ ഉറയിൽ ഇട്ടിട്ടു് അവിടെനിന്നെണീററു. കൂടെയുണ്ടായിരുന്നവരും അപ്രകാരം ചെയ്തു. "ഞങ്ങൾ പോയി ആട്ടിൻപററങ്ങളെ നോക്കട്ടെ" അയാൾ പറഞ്ഞു. "ബറാബാസ്, അങ്ങു് പറഞ്ഞതൊക്കെ ഞങ്ങൾ ഞങ്ങളുടെ സ്നേഹിതന്മാരോടറിയിക്കണമോ?" അനന്തരം അയാൾ ചോദിച്ചു.

"സ്നേഹിതന്മാരോടും നാട്ടുകാരെല്ലാവരോടും അറിയിക്കണം. പലതും മേലിൽ എന്നെക്കുറിച്ചറിയേണ്ടതായിവരും. കാലമാകുമ്പോൾ ഞാൻ ദൂതന്മാരെ നിങ്ങളുടെ പക്കലേക്കയക്കാം. ഒരുപക്ഷെ, ഞാൻതന്നെ നിങ്ങളുടെ നഗരം സന്ദർശിച്ചു നിങ്ങളുടെ ആളുകളുമായി സംസാരിക്കുവാൻ വരുന്നതാണു്. നമുക്കു് പരസ്പരസ്നേഹത്തിലും സമാധാനത്തിലും കഴിയാം."

ഇടയൻ "സമാധാനം" എന്നിങ്ങനെ ചുരുക്കിപറഞ്ഞു. തീവെട്ടം ഉണ്ടായിരുന്ന വൃത്തത്തിന്നപ്പുറം അയാളും കൂട്ടുകാരും മറഞ്ഞു. അവരുടെ പിന്മാററത്തെത്തുടർന്നു ഗുഹയ്ക്കകത്തും പുറത്തും കുറെ സമയം നിശ്ശബ്ദത നടമാടി. ഗുഹാന്തർഭാഗത്തിലേക്കു ചിലർ കടന്നുകഴിഞ്ഞിരുന്നു. മററുള്ളവർ ഗുഹാമുഖത്തിന്നുസമീപം കിടക്കുകയോ ഭക്ഷണം നിറുത്തുവാൻ ഭാവിച്ചുകൊണ്ടിരിക്കുകയോ ചെയ്തു. കത്തിച്ചേരാത്ത ചില വിറകുമുട്ടികൾ അടുപ്പിൽ ഞെരിഞ്ഞു. അടുത്തെവിടെയോയായിരുന്നു ഒരു മൂങ്ങാ മൂളി.

"ഒന്നാന്തരം പ്രഹരം കഴിച്ചുവരെ വിടേണ്ടതായിരുന്നു. എന്തായീവിധം വെറുതെ വിട്ടതു്?" ഇടയന്മാരുടെ ആടുകളപഹരിച്ച യുവാവു് ചോദിച്ചു.

"ഭോഷാ, ചെല്ലുന്നിടത്തെല്ലാം നമുക്കു ശത്രുക്കളെ വർദ്ധിപ്പിക്കണമെന്നാണോ നിന്റെ പക്ഷം" ബറാബാസ് സമാധാനം നൽകി.

"ഈ കൂട്ടരെ വിശ്വസിക്കുവാൻകൊള്ളുമെന്നു കരുതുന്നുണ്ടോ?" യുവാവുതന്നെ ചോദിച്ചു.

ഏതായാലും യെരുശലേമിലുള്ളവിദ്യാഭ്യാസം കഴിച്ച അലവലാതികളെക്കാൾ കൂടുതൽ ഇവരെ വിശ്വസിക്കാം." കൊള്ളക്കാരൻ യുവകോമളൻ ഇതിനു സമാധാനം നൽകിയില്ലാ. അയാൾ ഉറക്കത്തിനായി ഉള്ളറയിലേക്കു മറഞ്ഞു.

എരികൊള്ളികളിലേക്കു നോക്കി അടുപ്പിനരികെ ഇരുന്ന ഇരിപ്പിൽനിന്നു ബറാബാസ് ഇളകിയില്ലാ. തന്റെ സഞ്ചാരവീഥി തെളിഞ്ഞുവരുന്നതായി അയാൾക്കു തോന്നി. ചെറുകർഷകരേയും, അജപാലകരേയും, ശില്പികളേയും മത്സ്യത്തൊഴിലാളികളേയും വശത്താക്കിയാൽ കാര്യം നിഷ്പ്രയാസം നേടാമെന്നു അയാൾ കരുതി. യൂദയാ, ഗലീലി, സമറിയ ഈ പ്രദേശങ്ങളിലെ ധീരരും ബലിഷ്ഠരുമായ ആളുകളെയെല്ലാം തന്റെ കീഴിൽ ഏകയോഗമാക്കണം. അങ്ങനെയായാൽ നഗരങ്ങളിലെ കൂലിക്കൂട്ടം താനെ പാളയത്തിൽ വന്നടിഞ്ഞുകൊള്ളും. അവജ്ഞാവിഷയമായ വിദേശികളെയെല്ലാം തട്ടി ദൂരെയെറിയുന്ന ഒരു തരംഗശീലയായി തന്റെ സമരസന്നദ്ധതയെ ബറാബാസ് ദർശിച്ചു. പുരോഹിതശ്രേഷ്ഠന്മാരും അക്ഷരജീവികളും വമ്പിച്ച സ്വത്തുടമകളും നിശ്ശേഷം തിരമാലകൾക്കടിയിൽ പെട്ടു മരണമടയും. അപ്പോൾ ബറാബാസ്, എസക്കിയേലിന്റെ പുത്രനായ ബറാബാസ്, യഹൂദപിതാവിന്റേയും ശമറായ മാതാവിന്റേയും സന്തതി, സ്വാതന്ത്ര്യസമ്പാദകൻ, രക്ഷകൻ എന്നീനിലയിൽ പരിലസിക്കും. "രാജാവു്" എന്നു് ആട്ടിടയൻ പറഞ്ഞു. "മിശിഹാ" എന്നും അയാൾ ശബ്ദിച്ചു. എന്തുകൊണ്ടതസംഭവ്യമാകാം. സ്വസമുദായത്തെ സ്വതന്ത്രമാക്കുവാൻ കരുത്തുള്ളവൻ അതിനെ ഭരിക്കുവാനും ശക്തനാകും. രാജകിരീടം ലഭിക്കുന്നതിനുമുമ്പു കിഷിന്റെ പുത്രൻ ശാവൂളിന്റെ സ്ഥിതി എന്തായിരുന്നു? വെറുമൊരാട്ടിടയൻ! ദാവീദോ? ഒരാട്ടിടയൻതന്നെ. ശാവൂളിനെയും ദാവീദിനെയും വിശുദ്ധ തൈലം കൊണ്ടഭിഷേചിച്ച സാമുവേലിന്റെ കാര്യം ബറാബാസിന്റെ സ്മൃതിപഥത്തിൽ എത്തി. അതീതകാലങ്ങളിലെ ആ പ്രവാചകനിൽനിന്നു് ആ കൊള്ളക്കാരന്റെ ചിന്ത നസ്രത്തിലെ ആ മനുഷ്യനിലേക്കു സംക്രമിച്ചു. ഈ ഈശോ സാമുവേലിനെപ്പോലെ അല്ലാ. ഈശോയെപ്പററിയുള്ള ചിന്ത അനാകർഷകമായിത്തീർന്നു. എന്നാലും അദ്ദേഹത്തെപ്പററി ചിന്തിക്കാതിരിക്കുക അസാദ്ധ്യം തന്നെ.

"രാജാവു്!, മിശിഹാ!"

നസ്രായനെപ്പററിയുള്ള സ്മര

THE SOUTH INDIAN BANK LTD.
H. O. TRICHUR. Estd. 1929.
A SCHEDULED BANK

| | | |
|---|---|---|
| Authorised Capital | Rs. | 50,00,000 |
| Subscribed " | Rs. | 25,00,000 |
| Paid up " | Rs. | 8,75,000 |
| Reserve & Other Funds | Rs. | 5,65,408 |
| Deposits as on 31-12-'54 | Rs. | 204,87,883 |

Government Securities bought and sold on terms which can be ascertained on application.

BRANCHES:-

ALLEPPEY, IRINJALAKUDA, PALGHAT, ALWAYE, KOLLENGODE, POLLACHI, COCHIN, KOZHIKODE, PONANI, COIMBATORE, KUNNAMKULAM, SALEM, ERNAKULAM, MADRAS, TIRUPPUR, GOBICHETTI-PALAYAM, OTTAPALAM, TRICHUR, WADAKKANCHERI

# ജൂബിലിവർഷചിന്തകൾ

(എം. ചാക്കോ മാസ്റ്റർ, കൈതവന)

I

പുനരൈക്യപ്രസ്ഥാനത്തിൻെറ രജതജൂബിലിവർഷം ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. സമുദായസ്നേഹികളായ എല്ലാവരും ഈ സുവർണ്ണാവസരത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുകയാണല്ലോ. പുനരൈക്യം എന്ന പദശ്രവണത്തിൽത്തന്നെ അതിൻെറ ജനയിതാവായ, മാർ ഈവാനിയോസ് തിരുമേനിയുടെ നാമം നമ്മുടെ മനോമണ്ഡലത്തിൽ രേഖപ്പെട്ടുകഴിഞ്ഞു. മലങ്കരസുറിയാനിസഭാന്തരീക്ഷത്തിൽ ഉദിച്ചുയന്ന ആ ഉജ്ജ്വലതാരം, യേശുക്രിസ്തുവിൻെറ സത്യതോട്ടത്തിലേക്കു നമുക്കു മാർഗ്ഗദർശനം നൽകി. യാക്കോബായസഭയുടെ അപഥസഞ്ചാരം നല്ലതുപോലെ മനസ്സിലാക്കിയ ആ ചിന്തകൻ, വിദ്യാസമ്പന്നൻ ഇൻഡ്യയിലെന്യൂമൻ, കർമ്മകുശലൻ, ധീരയോദ്ധാവ്, സുറിയാനിഭാഷാപാരാവാരപാരംഗതൻ വി. പത്രോസിൻെറ പിൻഗാമിയായ റോമിലെ റീശ്പാത്രിയക്കീസിൻെറ സിംഹാസനത്തോട് നമ്മെ രമ്യപ്പെടുത്തി. ശീശ്മയും, പാഷണ്ഡതയും രക്ഷയ്ക്കു പ്രതിബന്ധമാണെന്നു നമ്മെ മനസ്സിലാക്കി. ഓരോ കാലത്തു തിരുസഭയ്ക്കുവെളിയിൽ പോയവർ തിരുസഭയുടെ ഐക്യത്തിൽ വരാതെ രക്ഷകിട്ടുകയില്ലെന്നു അവിടുന്നു മാതൃകകാണിച്ചു. ശീശ്മയിൽനിന്നും ഉത്ഭവിച്ച യാക്കോബായസഭയിലും മററും ശാശ്വതമായ സമാധാനം കാണാൻ കഴികയില്ലെന്നു് അനുഭവത്തിൽനിന്നും നമ്മെ മനസ്സിലാക്കി. പുനരൈക്യസൗധനിർമ്മാണത്തിൽ അനവധി ക്ലേശങ്ങളും ത്യാഗങ്ങളും അദ്ദേഹം സഹിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ പരിശ്രമഫലം അനുഭവിച്ചുകൊണ്ടിരിക്കുന്ന നാം അദ്ദേഹത്തോടു് വളരെ കടപ്പെട്ടവരാണു്. ആ അഭിവന്ദ്യ തിരുമേനിയോടു് നാം എന്നും കൃതജ്ഞതയുള്ളവരും അദ്ദേഹത്തിൻെറ പാവനസ്മരണയെ നിലനിറുത്തുന്നവരുമായിരിക്കണം.

പോർട്ടുഗീസുകാരോടു മത്സരിച്ചു്, "കൂനൻകുരിശു സത്യം" എന്നുംപറഞ്ഞു്, സത്യവിശ്വാസം ഉപേക്ഷിച്ചു്, പുത്തൻകൂററുകാരായിത്തീന്ന നമ്മുടെ പൂർവ്വികന്മാർ അന്നുമുതൽ സമാധാനമില്ലാതെ കഴിഞ്ഞുകൂടിയിരുന്നു. അക്കാലത്തെ ഭരണാധികാരികളായിരുന്ന നാലാംമാർത്തോമ്മായും, അഞ്ചാം മാർത്തോമ്മായും, ആറാംമാർത്തോമ്മായും (ഒന്നാമത്തെ ദിവന്നാസ്യോസ്, കത്തോലിക്കാസഭയിലേക്കു ചേരാൻ വളരെ പരിശ്രമിച്ചിരുന്നു. ആറാംമാർത്തോമ്മാ പുത്തൻകൂററുകാരായ അൻപതിനായിരം ജനങ്ങളോടുകൂടി കത്തോലിക്കാസഭയിലേക്കു ചേരാൻ അധികാരസ്ഥാനങ്ങളിൽ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാകുന്നു. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരമാണു് കരിയാററിൽ യൗസേപ്പ് മല്പാനേയും, പാറേമ്മാക്കൽ തോമ്മാക്കത്തനാരേയും റോമിലേക്കയച്ചതു്. മെത്രാപ്പോലീത്തായായി വാഴിച്ചു് റോമിൽനിന്നും അയച്ച കരിയാററിൽ തിരുമനസ്സുകൊണ്ടു വിധിവൈപരീത്യത്താൽ ഗോവയിൽവച്ചു് കാലധർമ്മം പ്രാപിച്ചു. പുനരൈക്യത്തിനായി അനേകവർഷങ്ങൾമുമ്പുതന്നെ പരിശ്രമംചെയ്ത മേൽപ്പറഞ്ഞ മഹാന്മാരേയും ഈ ജൂബിലിവർഷത്തിൽ നാം സ്മരിക്കേണ്ടതാണു്.

ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയുടേയും മററും സമ്മതത്തോടുകൂടി മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ റോമാസിംഹാസനവുമായി എഴുത്തുകുത്തുകൾ നടത്തുകയും സിംഹാസനത്തിൽനിന്നും "മലങ്കരറീത്തും" തിരുവനന്തപുരം, തിരുവല്ല എന്ന രണ്ടു രൂപതകളും അനുവദിച്ചുതന്നു് നമ്മെ അനുഗ്രഹിക്കയുംചെയ്തു. അതോടുകൂടി മേൽപ്പട്ടക്കാരും, പട്ടക്കാരും, ജനങ്ങളും കൂട്ടമായി കത്തോലിക്കാസഭാമാതാവിൻെറ മാർവ്വിടത്തിലേക്കഭയംതേടി. തിരുസിംഹാസനത്തിൽനിന്നും ഉണ്ടാകുന്ന സവിശേഷമായ പരിലാളനയാലും, നമ്മുടെ സഹോദരങ്ങളായ ഇതരറീത്തുകാരുടെ നാനാപ്രകാരത്തിലുള്ള സഹായസഹകരണങ്ങളാലും നാം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു.

മാർ ഈവാനിയോസ്, മാർ സെവേരിയോസ് ഈ തിരുമേനിമാർ ഈ ജൂബിലിമഹാമഹത്തിൽ പങ്കെടുക്കാൻ സാധിച്ചില്ലല്ലോ എന്നൊരു നിരാശ നമുക്കുണ്ടു്. "അന്യഥാ ചിന്തിതം കാര്യം, ദൈവമന്യത്ര ചിന്തയേൽ" എന്ന ആപ്തവാക്യപ്രകാരം ദൈവഹിതം നിറവേറട്ടെ! അവർ ആത്മീയമായി ഇതിൽ പങ്കെടുക്കുന്നുണ്ടു്. അവരുടെ കാൽച്ചുവടുകളെ നമുക്കു പിൻതുടരാം.

II

ഇരുപത്തഞ്ചുവർഷം നമ്മിൽനിന്നും തിരാധാനംചെയ്യുന്നു.

ഇപ്പോൾ വ്യക്തികളുടേയും, ഇടവകകളുടേയും, സംഘടനകളുടേയും മുമ്പിൽ രണ്ടു ചോദ്യങ്ങളുദിക്കുന്നു. 1. കഴിഞ്ഞകാലത്തിൽ എന്തെല്ലാം നേട്ടങ്ങൾ നമുക്കുണ്ടായി? 2. ഭാവിപുരോഗതിക്കു എന്തെല്ലാം പരിപാടികൾ നാം ആസൂത്രണം ചെയ്തു? നാം കാര്യമായി ചിന്തിക്കണം. "മുമ്പോട്ടുപോകുക, അല്ലെങ്കിൽ പുറകോട്ടു വീഴും" എന്ന തത്വം നാം മറന്നുപോകരുതു്. ഇത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ അസാധാരണമായ പുരോഗതിയും നേട്ടങ്ങളും നമുക്കുണ്ടായിട്ടുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകംതന്നെ. എന്നാൽ അതുകൊണ്ടു് നാം തൃപ്തിപ്പെട്ടു മൗനമായിരുന്നുകൂടാ. സമുദായസ്നേഹംകൊണ്ടു നാം പ്രബുദ്ധരാകണം. നാം കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങൾ അഭംഗം പാലിക്കുന്നുണ്ടോയെന്നു ചിന്തിക്കണം. ഇല്ലെങ്കിൽ ജൂബിലിവർഷം അതു പരിഹരിക്കുന്നതിനു പററിയ സന്ദർഭമായി കരുതണം. ഇങ്ങനെ വ്യക്തികളും, ഇടവകകളും, മററു സംഘടനകളും സദാചാരനിരതരും, ആത്മീയനിറവുള്ളവരുമാകണം. നമ്മുടെ കുട്ടികളേയും യുവജനങ്ങളേയും തട്ടിയുണർത്തണം. സ്ത്രീകളോടു കാര്യമായി പറയണം, "ഇതു നമ്മുടെ ജൂബിലിവർഷമാണെ"ന്നു്. പുരുഷന്മാരുടെ ജീവിതത്തിനു് പുതുമയുണ്ടാകണം! പട്ടക്കാർ പതിനായിരങ്ങളെ നേടാൻ വെമ്പൽകൊള്ളണം! ഈ ജൂബിലിവർഷത്തിൽ സഭയിലാകമാനം ഒരു നവചൈതന്യം വിളയാടണം!

നാംമാത്രം നന്നായാൽ പോരാ. നമ്മുടെ ചുററും കാതോലികസത്യം അറിയാത്തവരായി, ശീശ്മക്കാരായി, അനേകമാളുകൾ ജീവിക്കുന്നുണ്ടു്. അവരെ സത്യമാർഗ്ഗത്തിൽ എത്തിക്കുന്നതിനുള്ള ചുമതലയും നമുക്കുള്ളതാണു്. നമ്മുടെ ജീവിതരീതിയും പെരുമാററങ്ങളും അവരെ സത്യസഭയിലേക്കാകർഷിക്കാൻ സഹായിക്കണം.

ഈ ജൂബിലിവർഷസ്മാരകമായി താഴെപറയുന്ന സംഗതികൾ ഉണ്ടായാൽ കൊള്ളാമെന്നു ഞാൻ വിനീതമായി അഭിപ്രായപ്പെടുന്നു.

1. മനോഹരമായ ഒരു ഡയറക്റ്ററി ഉണ്ടാക്കണം അതിൽ പുനരൈക്യപ്രസ്ഥാനത്തിൻെറ ഇതഃപര്യന്തമുള്ള ചരിത്രം, പള്ളികൾ, പള്ളിക്കൂടങ്ങൾ, കോളേജുകൾ, അരമനകൾ, മഠങ്ങൾ മുതലായവയുടേയും; തിരുമേനിമാർ, പട്ടക്കാർ, സന്യാസീസന്യാസിനികൾ, വ്യക്തികൾ കുടുംബങ്ങൾ ഇവയുടെ ബ്ളോക്കുകളും ഫോട്ടോകളും ഉണ്ടായിരിക്കണം.

2. മാർ ഈവാനിയോസ്, മാർ സെവേരിയോസ് ഈ തിരുമേനിമാരുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തുക.

3. സൺഡേസ്കൂൾ ഡിപ്പാർട്ടുമെൻറു പരിഷ്കരിക്കുക. ഓരോ ഇടവകയിലും സുവിശേഷവേലയിൽ താല്പര്യമുള്ളവരെ ചേർത്തു് തിരുമേനിമാരുടെ രക്ഷാധികാരത്തിൽ ഒരു മിഷൻബോർഡു രൂപീകരിച്ചു വേലതുടങ്ങുക.

5. ഒരു ജൂബിലിഫണ്ടു ശേഖരിക്കുക.

6. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ അകത്തോലിക്കരുടെ ഇടയിലും മററും വിതരണം ചെയ്യുന്നതിനായി ഇടവകകൾതോറും വായനശാലകൾ സ്ഥാപിക്കുക.

7. ജൂബിലിവർഷാവസാനത്തിൽ ഇടവകകൾതോറും ജൂബിലിയാഘോഷങ്ങളും മീററിംഗുകളും നടത്തുക. പിന്നീടു് അതാതു രൂപതയുടെ തലസ്ഥാനത്തു അസോസ്യേഷൻ വിളിച്ചുകൂട്ടി ഭാവിപുരോഗമനപരിപാടികൾ രൂപീകരിക്കുക.

ഈ സംഗതികൾ സമുദായസ്നേഹികളായ എല്ലാവരുടേയും പര്യാലോചനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

---

ബ. അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

വക്കി വക്കി
ചൊള്ളാപ്പടികൽ, നടക്കര.

---

## കൃതജ്ഞത



വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ ടൈഫോയഡ് പനി മാറിയതിനു് ഉപകാരസ്മരണ.

പി. ജോസഫ് കുഞ്ഞാപ്പു
പ്രൊപ്രൈറ്റർ
ലിററിൽഫ്ളവർ ബുക്ക്സ്റ്റാൾ
കോളജ്റോഡ്, തൃശ്ശൂർ.

---

# ഗ്രഹണം!

(എം. ഒ. വറീതു്)

വളരെയേറെ കൊല്ലങ്ങൾക്കു മുമ്പോ അല്ലെങ്കിൽ ശേഷമോ മാത്രം ഉണ്ടാകുന്ന ഒരു ഗ്രഹണം നാം കണ്ടു. ഗ്രഹണത്തിൻെറ ദൂഷ്യഫലങ്ങളേല്ക്കാതിരിക്കാൻ പലരും ശ്രദ്ധിച്ചു. ലോകത്തിൻെറ നാനാഭാഗത്തുനിന്നും ശാസ്ത്രജ്ഞന്മാർ ഗ്രഹണം കാണുന്നതിനും പഠിക്കുന്നതിനും, ഗവേഷണങ്ങൾ നടത്തുന്നതിനുമായി ഏററവും സൗകര്യപ്രദമായ സ്ഥലം തിരക്കി സിലോണിൽ നിലകൊണ്ടു. മിക്ക വീടുകളിലും കുട്ടികൾപോലും ഗ്രഹണം കാണുവാൻ ചില്ലിന്മേൽ പുക പിടിപ്പിച്ചും, ചാണകവെള്ളം കലക്കിവെച്ചും മററും ശ്രമിച്ചു. ലോകത്തിലെ ശാസ്ത്രജ്ഞന്മാർ തുടങ്ങി കുട്ടികൾ വരെ എല്ലാവരേയും ആകർഷിച്ച ഒരു സംഭവം.

എന്നാൽ നിത്യവും, പലപ്രാവശ്യം നമ്മിൽ തന്നെ നടക്കുന്ന ഗ്രഹണങ്ങൾ ഉണ്ടു്. ശാസ്ത്രജ്ഞന്മാരിലും, കുട്ടികളിലും എല്ലാം. പക്ഷെ, ആർ കാണുന്നു? ആർ ശ്രദ്ധിക്കുന്നു?

മനുഷ്യരോരോരുത്തരും ഓരോ ഭൂഗോളമാണു്! സൂര്യബിംബത്തേക്കാൾ ശോഭയേറിയതും, ചൂടു കൂടിയതും, ശക്തിമത്തും ആയ ഒരു പ്രകാശഗോളമുണ്ടു് — ദൈവം!! അനീതി, അക്രമം, ചതി, കളവു്, അസൂയ തുടങ്ങിയ 'രാഹു' 'കേതു'ക്കളും ഉണ്ടു്!!!

ഈ രാഹുകേതുക്കൾ ദൈവമാകുന്ന പ്രകാശഗോളത്തിൻെറ അനുഗ്രഹങ്ങളാകുന്ന രശ്മികൾ മനുഷ്യഹൃദയമാകുന്ന ഭൂഗോളത്തിൽ തട്ടാതെ തടയുമ്പോൾ ഗ്രഹണം സംഭവിക്കുന്നു. മേൽപറഞ്ഞ രാഹുകേതുക്കൾ മനുഷ്യഹൃദയമാകുന്ന ഭൂഗോളത്തിനു ചുററും കറങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്.

നാം കണ്ട ഗ്രഹണം പൂർണ്ണമായി നാലുമിനിററു് സമയത്തേക്കു് മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഈ ഗ്രഹണങ്ങൾ ചിലരിൽ ഏതാനും മിനിററുകളോ, മററു ചിലരിൽ മണിക്കൂറുകളോ ഇനിയും ചിലരിൽ കൊല്ലങ്ങളോ നീണ്ടുനില്ക്കുന്നു. ഗ്രഹണനിലയിൽ തന്നെ മരിച്ചുപോകുന്നമനുഷ്യഭൂഗോളങ്ങളും ഉണ്ടു്.

ഈ ഗ്രഹണങ്ങളെപ്പററി ആർ ശ്രദ്ധിക്കുന്നു? ആർ പഠിക്കുന്നു? മേലിലെങ്കിലും നമുക്കു ഈ ഗ്രഹണത്തെ ഉററുനോക്കാം. പഠിക്കാം. അതിൻെറ ദൂഷ്യഫലങ്ങളേല്ക്കാതിരിപ്പാൻ ഉണർന്നിരിക്കുകയും കഴിവതു് പരിശ്രമിക്കുകയും ചെയ്യാം.

---

(1-ാംപേജ് തുടർച്ച)

ച്ചവൻ അനുഗൃഹീതനാകുന്നു." കൂടാതെ ബർ എബ്രായ അദ്ദേഹത്തിൻെറ സഭാചരിത്രത്തിൽ പ്രസ്താവിക്കുന്നു: "റവർദാശീർ (മെത്രാസനത്തിൻെറ) പ്രേരണയും തന്ത്രവുംമൂലം സഭാനേതൃത്വം അപഹരിക്കുവാൻ ധാർഷ്ട്യപൂർവ്വം ഉദ്യമിച്ച ഇന്ത്യയിലെ ചില മെത്രാന്മാർ ശരിദ്മാരൂപിയിൽ നിപതിക്കാറായിരുന്നു. തിമാത്തേയോസ് പ്രഥമൻ (പാത്രിയക്കീസ്) ഈ അരൂപിക്കെതിരായി യുദ്ധം ചെയ്തപ്പോൾ ഇന്ത്യയിലെ ധൃഷ്ടരായ മെത്രാപ്പോലീത്താമാർ "ഞങ്ങൾ തോമ്മാശ്ലീഹായുടെ ശിഷ്യന്മാരാകുന്നു. മാറിയുടെ സിംഹാസനവുമായി ഞങ്ങൾക്കു യാതൊരു ബന്ധവുമില്ല" എന്നദ്ദേഹത്തെ എഴുതിയറിയിക്കുകയും ചെയ്തു." (Chronicon Vol. III ch. 171)

"മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ പ്രദേശങ്ങളിലെ സുവിശേഷപ്രസംഗത്തെപ്പററി കൽദായഗ്രന്ഥകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. ബസ്സാറായിലെ ശ്ലേമോൻ 1222-ൽ എഴുതിയ "ദെ ദബോറീനാ" എന്ന ഗ്രന്ഥത്തിൽ അപ്പസ്തോലന്മാരുടെ പ്രേഷിതവൃത്തിയെ പൊതുവായി പരാമർശിക്കുന്ന കൂട്ടത്തിൽ തോമ്മാശ്ലീഹായെ ഇന്ത്യൻപ്രദേശങ്ങളിലെ സുവിശേഷപ്രസംഗകനായി വേർതിരിക്കുന്നു. അദ്ദേഹത്തിനുശേഷം സഭാനിയമം സംബന്ധിച്ചും മററും എഴുതിയ ഗ്രന്ഥങ്ങളാൽ വിഖ്യാതനായി 1918-ൽ ചരമമടഞ്ഞ സൊബായിലെ അബ്ദീശോ, സൂനഹദോസ് നിയമങ്ങൾ സമാഹരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ, ആദായിയുടെ പഠനത്തിൽ കാണുന്നതിനെ ഉദ്ധരിച്ചുകൊണ്ടു പ്രസ്താവിക്കുന്നു: "അറുതിക്കടൽ വരെ ഇന്ത്യയും അതിലെ സകല പ്രവിശ്യകളും സമീപപ്രദേശങ്ങളും അപ്പസ്തോലന്മാരുടെ പൗരോഹിത്യകരം (കൈവെപ്പു) അപ്പസ്തോലനായ തോമ്മായിൽനിന്നും സ്വീകരിച്ചു. അദ്ദേഹം പണിയിച്ചു ശുശ്രൂഷിച്ചിരുന്ന സഭയുടെ ഭരണാധികാരിയും നേതാവും അദ്ദേഹംതന്നെ ആയിരുന്നു."

(കൽദായക്കാരുടെ ബാബേൽ പാത്രിയർക്കീസ് മാർ യൗസേപ്പ് സപ്തമൻ ഗനീമാ തിരുമനസ്സുകൊണ്ടു് 19-ാം ശതാബ്ദപൂർത്തി പ്രമാണിച്ചു് അയച്ച സന്ദേശത്തിൽനിന്നു്)

---


# പ്രതിദിനസുവിശേഷം

സാഹിത്യതിലകൻ ഫാദർ സി. കെ. മററം അവർകളാൽ വിവർത്തിതവും, കാലോചിതവും ലളിതവും സുന്ദരവുമായ ഭാഷയിൽ തയ്യാർ ചെയ്തിട്ടുള്ളതുമായ ഒരു വിശിഷ്ടഗ്രന്ഥം ഇതാ പുറത്തായിരിക്കുന്നു.

പ്രതിദിനപാരായണത്തിനുതകുന്ന രീതിയിൽ തീയതികൾ കാണിച്ചും അണ്ടുവട്ടം ആകെ വികസിപ്പിച്ചും സംവിധാനം ചെയ്തിരിക്കുന്ന ഈ മഹൽഗ്രന്ഥം കേരളത്തിലെ എല്ലാ ഭവനങ്ങൾക്കും ഒരു അവശ്യഭൂഷണമാണു്.

12 നു രണ്ടും, 100ക്കു 25 ക യും കമ്മീഷൻ.

പരുക്കൻകടലാസ് 1-8-0 ടി അരക്കെട്ടുകാലിക്കോ 1-12-0 മേനിക്കടലാസ് 2-0-0 മേനിക്കടലാസ് അരക്കെട്ടു കാലിക്കൊ 2-4-0

Apply to
St. Joseph's I. S. Press,
Elthuruth P. O. Trichur.

തിരുസഭാചരിത്രം 73

# തിരുസ്സഭ നാലും അഞ്ചും നൂറ്റാണ്ടുകളിൽ

## പ്രാർത്ഥനക്രമവും ദിവ്യബലിയും

[പ്രൊഫസർ പി. റ്റി. തോമസ് എം. എ.]

ആദിമശതകങ്ങളിലെ രഹസ്യപ്രാർത്ഥനകൾക്കുപകരം പരസ്യമായ പ്രാർത്ഥനകളും ആഘോഷങ്ങളും ഇക്കാലഘട്ടത്തിൽ സാധാരണയായിത്തീർന്നു. ദേവാലയങ്ങൾ മതപരവും ആദ്ധ്യാത്മികവുമായ എല്ലാ പ്രവർത്തനങ്ങളുടേയും കേന്ദ്രമായിരുന്നു. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനായി മാത്രമല്ല വിശ്വാസികൾ ദേവാലയത്തിൽ പോയിരുന്നതു്. പ്രഭാതപ്രാർത്ഥന, സായാഹ്നപ്രാർത്ഥന എന്നിവയ്ക്കു പുറമെ രാത്രിയിലും, പകൽ മൂന്നു്, ആറു്, ഒൻപതു് എന്നീ മണിക്കൂറുകളിലും ക്രിസ്ത്യാനികൾ പ്രാർത്ഥിക്കാറുണ്ടായിരുന്നു. നിർദ്ദിഷ്ടസമയങ്ങളിൽ എല്ലാവരും ദേവാലയത്തിൽ ഒരുമിച്ചുകൂടിയിട്ടാണു് ഈ പ്രാർത്ഥനകൾ കഴിച്ചിരുന്നതു്. കാലാന്തരത്തിൽ വിശ്വാസികൾ ഇവയിൽ ക്രമമായി സംബന്ധിക്കാതെയായി. വൈദികരും സന്യാസവ്രതക്കാരും ഈ മുറ കൃത്യമായി പാലിച്ചുപോന്നു. ഇന്നു് വൈദികർ ദിവസേന ചൊല്ലുന്ന കാനോൻനമസ്കാരവും, സന്യാസവൈദികരും കന്യാസ്ത്രീകളും ചൊല്ലുന്ന കൂട്ടപ്രാർത്ഥനകളും ഈ പുരാതനമായ പ്രാർത്ഥനക്രമത്തിന്റെ അവശിഷ്ടങ്ങളാണു്.

ആരാധനക്രമത്തിൽ വിശുദ്ധ കർബാനയ്ക്കായിരുന്നു ഏറ്റം മുഖ്യമായ സ്ഥാനം. ആദിമശതകങ്ങളിലെപ്പോലെ അപ്പോഴും മെത്രാൻമാത്രമാണു് ദിവ്യബലി അർപ്പിച്ചിരുന്നതു്. ആദ്യകാലങ്ങളിൽ ഞായറാഴ്ചമാത്രമേ കർബാന ചൊല്ലിയിരുന്നുള്ളു. എന്നാൽ കാലക്രമേണ ഇടദിവസങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന പതിവു നടപ്പിലായി. രക്തസാക്ഷികളുടെ ഓർമ്മ കൊണ്ടാടുന്ന ദിവസങ്ങളിൽ ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നു.

ദിവ്യബലിക്കു് അപ്പോഴും രണ്ടു പ്രധാനഭാഗങ്ങളുണ്ടായിരുന്നു. ആദ്യഭാഗം അദ്ധ്യേതാക്കളുടെ കർബാന (Mass of the Catechumens) എന്നും രണ്ടാമത്തേതു വിശ്വാസികളുടെ കർബാന (Mass of the faithful) എന്നും വിളിക്കപ്പെട്ടിരുന്നു. വേദപുസ്തകപാരായണവും സങ്കീർത്തനങ്ങളും അടങ്ങിയതായിരുന്നു അദ്ധ്യേതാക്കളുടെ കർബാന. ഗഹനങ്ങളായ വിശ്വാസരഹസ്യങ്ങളുടെ അനുസ്മരണ, കാഴ്ചവയ്പു്, അപ്പവും വീഞ്ഞും കൂദാശചെയ്യുക, ദിവ്യകാരുണ്യസ്വീകരണം എന്നിവയടങ്ങിയ പ്രധാനഭാഗം ആയിരുന്നു രണ്ടാമത്തേതു്.

മെത്രാൻ സങ്കീർത്തി (sacristy) യിൽനിന്നു് അൾത്താരയിലേക്കു വരുമ്പോൾ ഗായകസംഘം ad introitum (പ്രാരംഭത്തിങ്കൽ) എന്ന ഗാനവും പിന്നാലെ ഒരു സങ്കീർത്തനവും ആലപിക്കുന്നു. കാർമ്മികനായ മെത്രാൻ നിങ്ങൾക്കു സമാധാനം (Pax) അല്ലെങ്കിൽ "കർത്താവു നിങ്ങളോടുകൂടി" (Dominus Vobiscum) എന്ന ആശംസാവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു് കർബാന ആരംഭിക്കുന്നു. ഇതിനുശേഷം വിശ്വാസികളുടെ ഒരു പ്രാർത്ഥന (Supplicatio) നടക്കുന്നു. തിരുസ്സഭയുടെ മഹത്തായ നിയോഗങ്ങളെ ആവിഷ്കരിച്ചുകൊണ്ടുള്ള ഈ പ്രാർത്ഥന വിശ്വാസികൾക്കുവേണ്ടി ഒരു ശമ്മാശനാണു ചൊല്ലുന്നതു്. അപ്പോൾ കീറിയേ ലയിസോൻ (Kyrie eleison) എന്നു വിശ്വാസികൾ ഏറ്റുപറയുന്നു. പിന്നീടു് പഴയ നിയമത്തിൽനിന്നും പുതിയ നിയമത്തിൽനിന്നും ഏതാനും ഭാഗങ്ങൾ വായിക്കപ്പെടുന്നു. ഏതെല്ലാം ഭാഗങ്ങളാണു വായിക്കേണ്ടതെന്നു പ്രത്യേകവ്യവസ്ഥയൊന്നും അന്നില്ലായിരുന്നു. വായിക്കേണ്ട ഭാഗങ്ങൾ മെത്രാൻതന്നെ തിരഞ്ഞെടുക്കുകയായിരുന്നു പതിവു്. വായനയുടെ ഇടയ്ക്കു ചില സങ്കീർത്തനങ്ങൾ ആലപിക്കപ്പെടുന്നു. അതിനുശേഷം സുവിശേഷപാരായണം നടക്കുന്നു. ഇവിടെയും വായിക്കേണ്ട സുവിശേഷഭാഗം മെത്രാനാണു നിശ്ചയിക്കുന്നതു്. വായിക്കുന്നതു് ഒരു ശമ്മാശനും. ഇതിനുശേഷം മെത്രാൻ വിശ്വാസികളോടു് ഒരു പ്രസംഗം ചെയ്യുന്നു. സഭാപിതാക്കന്മാരുടേതായ പ്രസിദ്ധപ്രസംഗങ്ങളിൽ അധികപങ്കും പരിശുദ്ധ കർബാനയുടെ ഈ ഘട്ടത്തിൽ പറയുവാനായി രചിക്കപ്പെട്ടിട്ടുള്ളവയാണു്. ഇതോടുകൂടി അദ്ധ്യേതാക്കളുടെ കർബാനയെന്ന ആദ്യഭാഗം അവസാനിക്കുന്നു. ഈ ഘട്ടത്തിൽ പുറജാതിക്കാർ (Gentiles), പാപപരിഹാരത്തിനായി പ്രായശ്ചിത്തമനുഷ്ഠിക്കുന്നവർ (Penitents), വേദാദ്ധ്യേതാക്കൾ (Catechumes) എന്നിവരെല്ലാം ദേവാലയത്തിൽനിന്നു പുറത്തുപോകുവാൻ ആജ്ഞാപിക്കപ്പെടുന്നു.

For favours received



Mrs. Mary Sebastian
Trichur

അവർ പോയശേഷം വിശ്വാസികളുടെ കർബാനയെന്ന ദ്വിതീയഭാഗം സമാരംഭിക്കുന്നു. ഇതാണു് യഥാർത്ഥത്തിലുള്ള ദിവ്യബലി. ഇവിടെയും വിശ്വാസികൾ ചില പങ്കുവഹിക്കേണ്ടതായുണ്ടു്. കാഴ്ചവയ്പിന്റെ (Offertory) ഘട്ടമാകുമ്പോൾ ബലിസാധനങ്ങളായ അപ്പവും വീഞ്ഞും ഓരോ ക്രിസ്ത്യാനിയും അവിടെ സമർപ്പിക്കുന്നു. അവ നേരത്തെ തയ്യാറാക്കി ദേവാലയത്തിൽ കൊണ്ടുവരികയായിരുന്നു പതിവു്. ഈ സാധനങ്ങൾക്കു പുറമെ വൈദികർക്കും സാധുക്കൾക്കുമായുള്ള സംഭാവനകളും കാഴ്ചവയ്പിന്റെ സമയത്താണു് ഓരോ വിശ്വാസിയും നൽകുന്നതു്. കാഴ്ചവയ്പിന്റെ സമയത്തു് ഒരു സങ്കീർത്തനം പാടുന്ന പതിവു അഞ്ചാംശതാബ്ദത്തിൽ നടപ്പിലായി. അടുത്തതായി ദൈവത്തിനു നന്ദിപ്രകാശിപ്പിക്കുന്ന ഒരു പ്രാർത്ഥന കാർമ്മികൻ ചൊല്ലുന്നു. ലോകസൃഷ്ടി, പഴയനിയമകാലത്തു് ദൈവം പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങൾ, ക്രിസ്തുവിന്റെ മനുഷ്യാവതാരം, പീഡാനുഭവം തുടങ്ങി ദൈവം മനുഷ്യനു നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ ഓരോന്നായി ഈ പ്രാർത്ഥനയിൽ എടുത്തുപറയുന്നു. ഈ ഘട്ടത്തിൽ ക്രിസ്തുവിന്റെ അന്ത്യഭോജനത്തെ സംബന്ധിച്ചുള്ള ഒരു വിവരണം കാർമ്മികൻ നൽകുന്നു. തുടന്നു് ക്രിസ്തുവിന്റെ ജീവിതത്തിൽ അന്തർഭവിച്ചിട്ടുള്ള ദിവ്യരഹസ്യങ്ങളും പരിശുദ്ധാത്മാവിയുടെ ദൗത്യത്തേയും കാർമ്മികൻ വിവരിക്കുന്നു. ഇന്നത്തെപ്പോലെ അപ്പവും വീഞ്ഞും കൂദാശചെയ്യുന്നതിനു് പ്രത്യേകം നിർദ്ദിഷ്ടമായ ഒരു ഘട്ടമോ രീതിയോ അന്നുണ്ടായിരുന്നില്ല. അന്ത്യഭോജനത്തെ വിവരിക്കുന്ന വാക്കുകൾക്കു് ആ ശക്തി ഉണ്ടായിരുന്നു. കൂടാതെ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന കാർമ്മികനിൽകൂടി ക്രിസ്തുതന്നെയാണു് ബലിയർപ്പിക്കുന്നതു് എന്ന ബോദ്ധ്യം കൂദാശയുടെ വാസ്തവികതയ്ക്കു മതിയാകുമായിരുന്നു. വീണ്ടും കാർമ്മികൻ ഉച്ചസ്വരത്തിൽ ദൈവത്തിനു നന്ദിപ്രകടിപ്പിക്കുന്നതായ ഒരു പ്രാർത്ഥന ചൊല്ലുന്നു. ആദ്യകാലത്തു് കാർമ്മികന്റെ ഇഷ്ടാനുസരണമുള്ള വാക്കുകളാണു് ഈ പ്രാർത്ഥനയ്ക്കുപയോഗിച്ചിരുന്നതു്. എന്നാൽ നാലാംശതാബ്ദമായപ്പോഴേക്കും അതിനു ക്ലിപ്തമായ ഒരു രൂപമുണ്ടായി.

കൂദാശചെയ്യപ്പെട്ട അപ്പം വിഭജിച്ചശേഷം അതു് വൈദികർ, ശമ്മാശു് തുടങ്ങിയ സ്ഥാനികൾക്കും വിശ്വാസികൾക്കുമായി വിതരണം ചെയ്യപ്പെടുന്നു. മെത്രാൻ "ക്രിസ്തുവിന്റെ ശരീരം" എന്നു പറഞ്ഞുകൊണ്ടു് അപ്പം സ്വീകരിക്കുന്ന ആളിന്റെ വലത്തുകൈയിൽ വച്ചുകൊടുക്കുന്നു. "ആമേൻ" എന്നുപറഞ്ഞുകൊണ്ടു് അയാൾ അതുവാങ്ങി ഭക്ഷിക്കുന്നു. സ്ത്രീകളും ഇതേരീതിയിൽതന്നെയാണു അപ്പം സ്വീകരിച്ചിരുന്നതു്. എന്നാൽ വിശേഷവിധിയായി അവരുടെ വലത്തുകൈ ഒരു തുണികൊണ്ടു് പൊതിഞ്ഞിരിക്കും. അതിനുശേഷം "ക്രിസ്തുവിന്റെ രക്തം, ജീവന്റെ കാസാ" എന്നു ഉച്ചരിച്ചുകൊണ്ടു് ശമ്മാശു് കൂദാശചെയ്യപ്പെട്ട വീഞ്ഞു് വിശ്വാസികൾക്കു നൽകുന്നു. ആദിമശതകങ്ങളിൽവിശ്വാസികൾ ദിവ്യഭോജനത്തെ അവരവരുടെ ഭവനങ്ങളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിച്ചിരുന്നു. മെത്രാന്മാർ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അടയാളമായി വാഴ്ത്തപ്പെട്ട അപ്പം പരസ്പരം അയച്ചുകൊടുക്കാറുമുണ്ടായിരുന്നു.

ദിവ്യകാരുണ്യം നൽകിയശേഷം കാർമ്മികൻ വീണ്ടും ദൈവത്തോടു നന്ദിപ്രകാശിപ്പിക്കുന്നതായ ഒരു പ്രാർത്ഥന ചൊല്ലുന്നു. "നിങ്ങൾക്കെല്ലാവർക്കും പിരിഞ്ഞുപോകാം." (Go, you are dismissed) എന്ന വാക്കുകൾ ഉച്ചരിക്കുന്നതോടുകൂടി ദിവ്യബലി സമാപിക്കുന്നു.

നാലാം ശതാബ്ദത്തിൽ പാശ്ചാത്യദേശത്തു് അനുദിനമുള്ള ദിവ്യകാരുണ്യസ്വീകരണം ഒരു പൊതുആചാരമായിത്തീർന്നിരുന്നു എന്നാൽ കിഴക്കൻപ്രദേശത്തു് ഇതു് ഒരിക്കലും നടപ്പിൽ വന്നില്ല. വി. അംബ്രോസിന്റെ ഒരു ശിഷ്യനോ സുഹൃത്തോ എഴുതിയ "കൂദാശകളെ സംബന്ധിച്ചു" (On the Sacraments) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു. "ദിവ്യകാരുണ്യം നിങ്ങളുടെ അനുദിന ഭോജനമാണെങ്കിൽ നിങ്ങൾ എന്തുകൊണ്ടു് ഗ്രീക്കുകാരെപ്പോലെ ആണ്ടിലൊരിക്കൽമാത്രം അതു സ്വീകരിക്കുന്നു. ദൈവാനുഗ്രഹങ്ങൾ ദിവസേന ലഭിക്കുവാൻവേണ്ടി നിങ്ങൾ എല്ലാ ദിവസവും അതു് അനുഭവിക്കുക. അനുദിനം അതു സ്വീകരിക്കുവാൻ അർഹരായിരിക്കത്തക്കവണ്ണം നിങ്ങളുടെ ജീവിതത്തെ നിങ്ങൾ ക്രമീകരിക്കുക."

ദിവ്യകർമ്മങ്ങൾ അനുഷ്ഠിക്കുന്ന സമയത്തു് മെത്രാനാകട്ടെ, മററു വൈദികസ്ഥാനികളാകട്ടെ പ്രത്യേകതരത്തിലുള്ള വസ്ത്രങ്ങൾ ഒന്നുംതന്നെ ധരിച്ചിരുന്നില്ല. കാലക്രമേണ പ്രത്യേക ആകൃതിയും അലങ്കാരങ്ങളും ചേർന്ന വസ്ത്രങ്ങൾ ഉപയോഗത്തിൽവന്നു. ദേവാലയങ്ങളുടെ വലുപ്പവും മോടിയും വർദ്ധിച്ചതോടൊപ്പം കർമ്മാനുഷ്ഠാനങ്ങളുടെ ആഡംബരവും പകിട്ടും വർദ്ധിച്ചുവന്നു.

# അദ്ധ്യാപകന്റെ മാതൃക

പോളണ്ടിലെ മൂന്നാംകാസിമീർ രാജാവിന്റെ രണ്ടാമത്തെ പുത്രനായിരുന്നു വി. കാസിമീർ. രാജാവു തന്റെ കുട്ടികളെ വിദ്യയഭ്യസിപ്പിക്കുന്നതിനായി സുകൃതവാനായ ഒരു വന്ദ്യവൈദികനെയാണു നിയമിച്ചിരുന്നതു്. അദ്ദേഹം അഗാധപണ്ഡിതനായിരുന്നതുപോലെ പുണ്യശാസ്ത്രത്തിലും വിദഗ്ദ്ധനായിരുന്നു. പലേടത്തും മെത്രാനായി അദ്ദേഹത്തെ നിദ്ദേശിച്ചെങ്കിലും വിനയാധിക്യത്താൽ അതെല്ലാം ഉപേക്ഷിച്ചു് അദ്ദേഹം ഒരൊതുങ്ങിയജീവിതം കഴിച്ചുവന്നു. ശിഷ്യനായ കാസിമീർരാജകുമാരൻ ഗുരുവിന്റെ സുകൃതമാതൃകകളാൽ അത്യധികം ആകൃഷ്ടനായി ചെറുപ്പംമുതൽ നിർമ്മലമായ ജീവിതം നയിക്കുന്നതിനു് സദാ ബദ്ധശ്രദ്ധനായിത്തീർന്നു.

### താപസനായ രാജകുമാരൻ

വി. കാസിമീർ അരമനയിൽ കഴിച്ചുവന്ന ജീവിതം അത്ഭുതാവഹമായിരുന്നു. സുഖലോലുപത നിറഞ്ഞ രാജകൊട്ടാരത്തിൽ ഒരു താപസനായി പുണ്യവാൻ കഴിഞ്ഞുകൂടി. വെറും സാധാരണ വസ്ത്രമല്ലാതെ ഒരിക്കലും ധരിച്ചിരുന്നില്ല. പരുപരുത്ത ഒരു രോമച്ചട്ട ഉടുപ്പിനകമേ സദാ ധരിച്ചിരുന്നു. വെറും നിലത്താണു പലപ്പോഴും കിടന്നിരുന്നതു്. രാത്രിയിൽ വലിയപങ്കും പ്രാർത്ഥനയ്ക്കും പീഡാനുഭവധ്യാനത്തിനുമായി ചെലവഴിച്ചുവന്നു. ദിവ്യബലിയിൽ അത്യഗാധഭക്തിയോടെ പ്രതിദിനം സംബന്ധിച്ചിരുന്നു. പ്രഭാതത്തിൽ പള്ളിവാതിൽ തുറക്കുന്നതിനുമുമ്പു് രാജകുമാരൻ അവിടെ കാത്തുനില്പുണ്ടായിരിക്കും. ദൈവജനനിയുടെ നാമശ്രവണമാത്രയിൽ വിശുദ്ധൻ സ്നേഹപരവശനായിത്തീർന്നിരുന്നു. കൊട്ടാരപ്പടിക്കൽ ധർമ്മസഹായത്തിനെത്തുന്ന സാധുജനങ്ങളെ രാജകുമാരൻതന്നെയാണു പരിചരിച്ചിരുന്നതു്.

### ചാരിത്ര്യത്തിന്റെ സൗരഭ്യം

കന്യാവ്രതം ബാല്യകാലത്തിലേ ദൈവത്തിനു സമർപ്പിച്ചിരുന്ന വി. കാസിമീർ അവിവാഹിതനായിട്ടാണു ജീവിതം നയിച്ചതു്. തപഃക്രിയകളാൽ അദ്ദേഹം ക്ഷീണഗാത്രനായി കാണപ്പെട്ടപ്പോൾ വൈവാഹികജീവിതത്തിൽ പ്രവേശിക്കണമെന്നു വൈദ്യന്മാർ നിർബന്ധിച്ചെങ്കിലും പുണ്യവാൻ അതിനു വഴിപ്പെട്ടില്ല. 23-ാമത്തെ വയസ്സിൽ അദ്ദേഹം മുൻകൂട്ടി അറിയിച്ചിരുന്ന ദിവസം ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹം രചിച്ച ദൈവജനനിയുടെ ഒരു കീർത്തനവും വിശുദ്ധന്റെ ആഗ്രഹാനുസരണം ശവകുടീരത്തിൽ നിക്ഷേപിക്കപ്പെട്ടു. മരണാനന്തരം 120 സംവത്സരം കഴിഞ്ഞു് കല്ലറ തുറന്നു നോക്കിയപ്പോൾ തിരുശരീരവും വസ്ത്രങ്ങളും അക്ഷയമായി കാണപ്പെട്ടു. ഒരു സ്വർഗ്ഗീയസൗരഭ്യവും അതിൽനിന്നു പ്രവഹിച്ചിരുന്നു.

## വിശുദ്ധ പത്താം പീയൂസിന്റെ

അതിമനോഹരമായ

ത്രിവർണ്ണചിത്രം

സൈസ് $13\frac{1}{2}$ ഇഞ്ച് × 9 ഇഞ്ച്

—നല്ല ആർട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ $\frac{1}{4}$ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

# "ഓ— പിന്നെയാവട്ടെ"

ലൂസിഫർ ഒരിക്കൽ തന്റെ പ്രവർത്തനങ്ങൾക്കായി ഏതാനും നേതാക്കളെ തെരഞ്ഞെടുക്കുകയായിരുന്നുപോലും; ഭൂമിയിൽ ചെന്നു് ഏതുമാർഗ്ഗമുപയോഗിച്ചു് അവർ ആളുകളെ സമ്പാദിക്കുമെന്ന ചോദ്യത്തിന്റെ മറുപടി അനുസരിച്ചാണു് യോഗ്യതാനിർണ്ണയം ചെയ്യുന്നതു്. ഒരാൾ പറഞ്ഞു: "ഞാൻ പറയും, ദൈവമില്ലാ, സ്വർഗ്ഗമില്ലാ, നരകമില്ലാ; ഇഷ്ടംപോലെ ജീവിച്ചുകൊള്ളുക എന്നെല്ലാം." മറുപടിയിൽ അതൃപ്തനായ ലൂസിഫർ പറഞ്ഞു:-"ഇതാരും ഇക്കാലത്തു വിശ്വസിക്കയില്ലാ." അപരൻ പറഞ്ഞു: "ഞാൻ പോയി കത്തോലിക്കാസഭയെപ്പററി കുറെയെല്ലാം നല്ല അഭിപ്രായം പറഞ്ഞ ശേഷം പറയും, അതിന്റെ പഠനം മുഴുവനും ശരിയല്ലാ, ദൈവവും സ്വർഗ്ഗവുമെല്ലാമുണ്ടെങ്കിലും നരകവും പിശാചുക്കളും ഉണ്ടെന്നതു് മിഥ്യയാണു് എന്നു്." ലൂസിഫർ പ്രതിവചിച്ചു. "ഇന്നത്തെ ലോകത്തിനു് ഇതും പററിയതല്ല. വളരെ കുറച്ചുപേരേ ഇതൊക്കെവിശ്വസിക്കൂ." അപ്പോൾ കൂട്ടത്തിൽ സമർത്ഥനായ ഒരു കുട്ടിച്ചാത്തൻ പറഞ്ഞു: "ഞാൻ ചെന്നു പറയാം ജനങ്ങളോടു്, സഭ പഠിപ്പിക്കുന്നതു് എല്ലാം പരമാർത്ഥമാണു്. പക്ഷേ അവയെല്ലാം പ്രയോഗത്തിൽ വരുത്താൻ അത്ര തിടുക്കപ്പെട്ടിട്ടു കാര്യമൊന്നുമില്ലാ, സൗകര്യംപോലെ സാവധാനം അവ അനുസരിച്ചാൽ മതി, എന്നെല്ലാം." "ബലേഭേഷ്, നീതാൻ മിടുക്കൻ" ലൂസിഫർ വിജയഭാവത്തിൽ ആക്രോശിച്ചു. "നിനക്കിഷ്ടമുള്ളിടത്തോളം അനുചരരേയുംകൊണ്ടു് പ്രവർത്തനം ആരംഭിക്കുക. ഇന്നത്തെ കാലത്തു് നിന്റെ പ്രവർത്തനമേ വിജയിക്കൂ.

x x x

ആധുനികലോകത്തെ ബാധിച്ചിരിക്കുന്ന ഏററവും വലിയ വിപത്താണിതു്. "ഓ, പിന്നെയാകട്ടെ, സമയമുണ്ടല്ലോ, തിടുക്കമില്ലല്ലോ, ചെയ്തുതീർത്താൽ മതിയല്ലോ" എന്നീ മനോഭാവങ്ങൾ ഭീമമായ പല പരാജയങ്ങൾക്കും വഴിതെളിക്കുന്നുണ്ടു്. അടുത്ത നിമിഷം നമ്മുടേതല്ലെന്ന പരമാർത്ഥം ഇന്നത്തെ ലോകം വിസ്മരിക്കയാണു്. ലൂസിഫറിന്റെ സർട്ടിഫിക്കറ്റോടുകൂടി ലോകസഞ്ചാരത്തിനിറങ്ങിയിരിക്കുന്ന തിന്മയുടെ ദൂതൻ ഇപ്രകാരം ലോകത്തിൽ വിജയിയായി വിഹരിക്കയാണോ?

# വിവിധവൃത്താന്തങ്ങൾ

### പെട്രോളിയം കോൺഗ്രസ് പ്രതിനിധികൾ

## അത്ഭുതപ്പെടുന്നു

കഴിഞ്ഞവാരത്തിൽ റോമിൽ വച്ചു നടത്തപ്പെട്ട ലോകപെട്രോളിയം കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനു വന്നിരുന്ന വിവിധരാജ്യപ്രതിനിധികൾ വത്തിക്കാനിൽ വന്നു പരിശുദ്ധമാർപ്പാപ്പായെ സന്ദർശിച്ചു. തിരുമേനി അവരോടു പെട്രോളിയം സംബന്ധിച്ചു ഏററം ശാസ്ത്രീയമായ രീതിയിലും സാങ്കേതികവിദഗ്ദ്ധന്മാർക്കുമാത്രം പരിചിതമായ തൽസംബന്ധമായ സാങ്കേതികശബ്ദങ്ങളും ശൈലികളും നിർബാധം ഉപയോഗിച്ചും സംസാരിക്കുന്നതിനു തുടങ്ങിയപ്പോൾ അവർ അവിടുത്തെ ജ്ഞാനത്തെപ്പററി അത്ഭുതപരതന്ത്രരായിപ്പോയി. പെട്രോളിയം മുതലായ എണ്ണകൾ ധാരാളം ലഭിക്കുന്ന രാജ്യങ്ങൾക്കു അവ ലഭിക്കാത്ത രാജ്യങ്ങളോടു വലിയ കടപ്പാടുണ്ടെന്നും, ഈ പ്രകൃതിവിഭവങ്ങളെ അവരുടെ മാത്രം സ്വന്തമായി വയ്ക്കാതെ മററുള്ളവരുടെ ഉപയോഗങ്ങൾക്കു കൂടി ലഭിക്കത്തക്കവണ്ണം അവയെ പങ്കുവച്ചു കൊടുക്കേണ്ടതാണെന്നും പരിശുദ്ധമാർപ്പാപ്പാ ഉൽബോധിപ്പിച്ചു. മൂന്നുനാലു ദിവസങ്ങൾക്കു മുമ്പു ഇററലിയിലെ ക്രിസ്ത്യൻ തൊഴിലാളിസംഘടനാപ്രതിനിധികളോടു തിരുമേനി പ്രസ്താവിച്ചതുപോലെ ഈ സംഘത്തോടും അവിടുന്നു ഊന്നിപ്പറഞ്ഞു, വ്യവസായത്തിൽ മാനുഷികമായ ബന്ധങ്ങളാണ് സർവ്വോപരി പരിഗണിക്കപ്പെടേണ്ടതെന്നു്. "ഏതൊരു വ്യവസ്ഥിതിയിലും മനുഷ്യവ്യക്തിയാണ് അതിൻെറ പരമലക്ഷ്യവും സർവ്വപ്രധാനമായ ഘടകവും" എന്നു പ്രസ്താവിച്ചുകൊണ്ടു് അവിടുന്നു രാഷ്ട്രീയത്തിൻെറ അധീനതയിലുള്ള വ്യവസായസംരംഭങ്ങളേക്കാൾ സ്വകാര്യഉടമയിലുള്ള പ്രവർത്തനത്തിൻെറ പരമപ്രാധാന്യത്തെ ഒരിക്കൽക്കൂടി ഉറപ്പിച്ചുപറഞ്ഞു. ഇതു് കത്തോലിക്കാസാമൂഹികതത്വപാഠനത്തിലെ ഒരടിസ്ഥാനപ്രമാണമാണെന്നും തിരുമേനി പ്രസ്താവിക്കുകയുണ്ടായി.

### ലെമാൻസിലെ അത്യാഹിതത്തിൽ

## മാർപ്പാപ്പാ അനുശോചിക്കുന്നു

ലെമാൻസ് എന്ന സ്ഥലത്തു ഈയിടെ ഉണ്ടായ മോട്ടോർമത്സരവേളയിലെ അത്യാഹിതത്തിൽപ്പെട്ടു 82 സന്ദർശകർ മരിക്കുന്നതിനിടയായല്ലോ. അവിടത്തെ മെത്രാപ്പോലീത്താ കർദ്ദിനാൾ ഗ്രെൻറ തിരുമേനിക്കു പരിശുദ്ധമാർപ്പാപ്പാ അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ, ഈ അത്യാഹിതം സംഭവിച്ചതിൽ നഗരത്തോടും, രൂപതയോടും, രാജ്യത്തോടു മുഴുവനും അവിടുത്തേക്കുള്ള പൈതൃകമായ അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു. അപമൃത്യുവിനിരയായവരെപ്പററി തിരുമേനി അത്യധികം ദുഃഖിക്കുകയും അവർക്കു നിത്യശാന്തിനേരുകയും ചെയ്യുന്നതോടൊപ്പം, മരണമടയുകയും ക്ഷതമേല്ക്കുകയും ചെയ്തവരുടെ കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുന്നതിനു ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടു്. അപകടം സംഭവിച്ചു ഉടനെ വൈദികർ സംഭവസ്ഥലത്തെത്തുകയും അപകടത്തിൽപെട്ടവർക്കുവേണ്ട എല്ലാ ആത്മികശുശ്രൂഷകളും നിർവ്വഹിക്കുകയും ചെയ്തു.

### ഇന്ത്യൻ പ്രധാനമന്ത്രി മാർപ്പാപ്പായെ

## സന്ദർശിക്കുന്നു

വിദേശപര്യടനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററു് ജവഹരിലാൽ നെഹ്റു ജൂലൈ 7-ാംനു- വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതാണു്.

### ബൽജിയൻസേനയുടെ

## ലൂർദ്ദ് തീർത്ഥാടനം

ബൽജിയത്തിലെ ആംഡ്ഫോഴ്സസ്സിലെ ഉദ്യോഗസ്ഥന്മാരും സൈനികരും ഉൾപ്പെട്ട 1500 പേർ അവിടത്തെ പ്രധാന സൈനികചാപ്ലെനായ മോൺസിഞ്ഞോർ എഫ്. കാമേർട്ടു അവർകളുടെ നേതൃത്വത്തിൽ ലൂർദ്ദിലേക്കു ഒരു തീർത്ഥാടനം കഴിച്ചിരിക്കുന്നു.

### 7 കത്തീഡ്റലുകൾ

## റേഡിയോ പരിപാടിയിൽ

ഡച്ചു്, ബെൽജിയൻ, ഫ്റഞ്ച് റേഡിയോനിലയങ്ങൾ സഹകരിച്ചു യൂറോപ്പിലെ ഏഴു കത്തീഡ്റലുകളിൽനിന്നുള്ള ഒരു പ്രക്ഷേപണപരിപാടി നിർവ്വഹിച്ചിരിക്കുന്നു. "പരിശുദ്ധാത്മാവേ, വരിക!" എന്നുള്ള ഗാനത്തിൻെറ ഓരോ അടിയും ഓരോ കത്തീഡ്റലിൽനിന്നും ആലപിക്കുകയും തുടർന്നു ഒരു ചെറുപ്രഭാഷണം നടത്തുകയും ചെയ്തു. പ്രഭാഷകൻ കർദ്ദിനാളോ അഥവാ മെത്രാപ്പോലീത്തായോ ആയിരുന്നു. ലിവർപൂൾ കത്തീഡ്റലിൽ പ്രസംഗിച്ചതു ഗോഡ്ഫ്റെ മെത്രാപ്പോലീത്തായായിരുന്നു. ഹോളണ്ടിലെ യൂട്രെച്ചും, ബെൽജിയത്തിലെ മലീൻസും, ഫ്റാൻസിലെ സ്ലാസ്ബർഗ്ഗ്, ആസ്ത്രിയായിലെ വിയന്നായും, ജർമ്മനിയിലെ കൊളോണും, ഇററലിയിലെ വെനീസും കത്തീഡ്റലുകളാണു് പരിപാടിയിൽ പങ്കെടുത്ത മററു ദേവാലയങ്ങൾ.

### മാർപ്പാപ്പായ്ക്കു ഇന്ത്യയെപ്പററിയുള്ള

## താല്പര്യം

വിദേശ പര്യടനത്തിനിടയിൽ ലണ്ടനിലെത്തിയിരിക്കുന്ന ഇന്ത്യയുടെ അത്യുന്നത കർദ്ദിനാൾ തിരുമനസ്സിലെ ബഹുമാനാർത്ഥം ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ മിസ്സിസ് വിജയലക്ഷ്മിപണ്ഡിററു ഒരു സ്വീകരണസല്ക്കാരം നടത്തുകയുണ്ടായി. തദവസരത്തിൽ കർദ്ദിനാൾ തിരുമേനി പ്രസ്താവിച്ചതു്, ഇന്ത്യയുടെ കാര്യത്തിൽ മാർപ്പാപ്പാ തിരുമേനിക്കു അതിയായ താല്പര്യമാണുള്ളതെന്നും, ഇന്ത്യയുടെ അഭിവൃദ്ധി വളരെ മനസ്സിരുത്തിയും അഭിനന്ദനാപൂർവ്വവുമാണു് അവിടുന്നു വീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നുമാണു്. ഇന്ത്യയിലുള്ള എല്ലാവരോടും മാർപ്പാപ്പാ തിരുമേനിക്കുള്ള സ്നേഹാതിരേകവും അവരുടെമേലുള്ള തിരുമേനിയുടെ അനുഗ്രഹാശീസ്സുകളും ഇന്ത്യൻ ജനതയെ അറിയിക്കുവാൻ പരിശുദ്ധപിതാവു കർദ്ദിനാൾ തിരുമേനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും തിരുമേനി പ്രസ്താവിച്ചു.

## "നരക"ത്തിൽനിന്നു കടന്നുപോന്നു!

നോർവെയിൽ അവിടത്തെ തിരുനാൾമഹോത്സവം ഉൽഘാടനം ചെയ്തുകൊണ്ടു് അത്യുന്നത കർദ്ദിനാൾ ബർണാർദ്ദ് ഗ്രിഫിൻ തിരുമനസ്സുകൊണ്ടു പ്രസംഗിക്കവെ, ജനങ്ങളെ അത്ഭുതസ്തബ്ധരാക്കിയ ഒരു ഫലിതം പൊട്ടിച്ചു. "നരകം" (Hell) മനുഷ്യർക്കു കടന്നുപോരാൻ പാടില്ലാത്ത ഒരു സ്ഥലമല്ല! ഞാൻ "നരക"ത്തിൽക്കൂടി, രണ്ടുപ്രാവശ്യം അകത്തേക്കും രണ്ടുപ്രാവശ്യം പുറത്തേക്കും ഒരുദിവസം യാത്രചെയ്തിട്ടുണ്ടു്. പിറേറദിവസം അതിനകത്തുനിന്നു പുറത്തേക്കു വിമാനത്തിൽ പറന്നുപോരുകയും ചെയ്തു. അതുകൊണ്ടു "നരകം" കടന്നുപോരാൻ പാടില്ലാത്ത ഒരു സ്ഥലമല്ല!!

വിശുദ്ധ ഒലാവ് രക്തസാക്ഷിത്വം വരിച്ചതായ നോർവേയിലെ സ്ടിലെസ്റ്റെഡ് എന്ന സ്ഥലത്തേക്കു ട്രൊണ്ടേമിൽനിന്നു യാത്രചെയ്യുമ്പോൾ കടന്നുപോകുന്ന ഒരു സ്ഥലത്തിൻെറ പേർ "നരകം" (Hell) എന്നാണു്. കർദ്ദിനാൾ അതുവഴിയാണു യാത്രചെയ്തതു്. ഈ യാത്രയെ അനുസ്മരിച്ചായിരുന്നു പ്രസ്തുത ഫലിതം സന്ദർഭോചിതമായി തട്ടിവിട്ടതു്.

## കലയുടെ വ്യഭിചരണത്തെപ്പററി

### കർദ്ദിനാൾ

വത്തിക്കാൻ ചാൻസലറായ അത്യുന്നത കർദ്ദിനാൾ കൊൺസ്റ്റന്റീനി തിരുമനസ്സുകൊണ്ടു് "ഫേയ്ത്ത് ആൻഡ് ആർട്ട്" മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനത്തിൽ ആധുനികകലയുടെ ചില വ്യതിചലനങ്ങൾ ശാപഗ്രസ്തങ്ങളും വേദവിപരീതങ്ങളുമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. തിരുമേനി പറയുന്നു:-

"ദേവാലയത്തെ അശുദ്ധമാക്കിയവർക്കെതിരായി നമ്മുടെ കർത്താവീശോമിശിഹാ പ്രയോഗിച്ച കൊരടാവു പ്രയോഗിക്കേണ്ടതു ആവശ്യവും അടിയന്തിരവുമായി തോന്നിപ്പോകുന്നു. സന്യാസികളും അല്ലാത്തവരുമായ ചില കലാകാരന്മാർ ഉത്തമവിശ്വാസത്തിലാണു പ്രവർത്തിക്കുന്നതെന്നു തീർച്ചയാണു്; പക്ഷെ ആധുനികത്വത്തെപ്പററിയുള്ള അവരുടെ അന്ധവിശ്വാസത്തെ മാററി ബുദ്ധിപ്രകാശം അവർക്കു നൽകേണ്ടിയിരിക്കുന്നു. എന്നാൽ നിരീശ്വരന്മാരോ മതവിരുദ്ധമായ പാർട്ടികളുടെ അംഗങ്ങളോ ആയ ചില കലാകാരന്മാർ വിശുദ്ധ സ്വരൂപങ്ങളും തദ്വാരാ ക്രിസ്തീയാരാധനയും വികൃതങ്ങളും അരോചകങ്ങളുമാക്കി രൂപപ്പെടുത്തിക്കൊണ്ടു് മതത്തിനെതിരായി കൗടില്യപൂർണ്ണവും വഞ്ചനാത്മകവുമായ ഒരു സമരം സമാരംഭിച്ചിരിക്കുകയാണു്.

"റഷ്യയിലും ചൈനയിലും പ്രചരിപ്പിച്ചിട്ടുള്ള ദൈവദൂഷണപരമായ ഹാസ്യചിത്രങ്ങളെപ്പററി എല്ലാവരുംതന്നെ കേട്ടിട്ടുള്ളതാണല്ലോ. പദാർത്ഥവും അരൂപിയും തമ്മിലും പ്രകാശവും അന്ധകാരവും തമ്മിലും, ദൈവവും പിശാചനും തമ്മിലും ദൈ്വതവാദം പ്രസംഗിച്ച രണ്ടാംനൂററാണ്ടിലെ മനിക്കേയൻ ഇടത്തുടിനെ ഇന്നത്തെ കലാകാരന്മാർ പുനർജ്ജീവിപ്പിക്കുവാനാണൊരുക്കമെന്നു തോന്നുന്നു. എല്ലാ നന്മയുടേയും സൗന്ദര്യത്തിൻേറയും നികേതനമായ ദൈവത്തിലേക്കു തിരിഞ്ഞു് സൃഷ്ടികളിൽ പ്രതിഫലിക്കുന്ന അവിടുത്തെ മഹിമാവിൻെറ പ്രകാശകിരണങ്ങളെ പകർത്തുന്നതിനുപകരം ചില കലാകാരന്മാർ പ്രകൃതിയേയും പ്രത്യേകിച്ചു മനുഷ്യാകാരത്തേയും അധഃപ്പതിപ്പിക്കുകയും അവയെ വെറുക്കത്തക്കതാക്കുകയും ചെയ്യുന്നു."

### ഉത്തരവിയററ്നാമിൽ

## "അന്ധകാരത്തിൻെറ ദൂതന്മാർ"

ഉത്തരവിയററ്നാമിലുള്ള കത്തോലിക്കരെ വഴിപിഴപ്പിക്കുന്നതിനും തിരുസഭയിലുള്ള വിശ്വാസം ക്ഷയിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകാർ വിദേശങ്ങളിൽനിന്നു, പ്രത്യേകിച്ചു് പോളണ്ടിലും ഫ്റാൻസിലുംനിന്നു "അന്ധകാരത്തിൻെറ ദൂതന്മാരായ" ചില അധഃപ്പതിച്ച കത്തോലിക്കാനാമധാരികളെ പ്രചരണത്തിനുവേണ്ടി ഇറക്കുമതി ചെയ്തിരിക്കുന്നു. ഒരു അൽമായക്കാരൻെറ കീഴിൽ രണ്ടു വൈദികർ പോളണ്ടിൽനിന്നു വന്നു ആറാഴ്ചക്കാലം രാജ്യത്താകെ ചുററിസഞ്ചരിച്ചു് കമ്മ്യൂണിസവുമായി ഒത്തുതീർക്കേണ്ട കാര്യങ്ങളെപ്പററി പ്രസംഗങ്ങൾ നടത്തുകയായിരുന്നു. ഫ്റാൻസിൽനിന്നു ഒരിടതുപക്ഷസമാധാനസംഘമാണെത്തിയിരിക്കുന്നതു്. ഈയിടെ

---

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥയായ വി. റീത്താമ്മയുടെ സഹായത്താൽ സാധിച്ച കാര്യത്തിനു ഹൃദയം നിറഞ്ഞ കൃതജ്ഞത.

ജെ. ടി., കല്ലൂക്കാട്ട്

---

പരിശുദ്ധ സിംഹാസനം ശപിച്ചതും ഇപ്പോൾ നിന്നുപോയിട്ടുള്ളതുമായ "ലാകപിൻസേയ്ൻ" എന്ന പ്രസിദ്ധീകരണത്തിൻെറ പ്രവർത്തകനായിരുന്ന ഒരു "കത്തോലിക്കൻ" അതിലെ പ്രവർത്തകനാണു്. തിരുസഭയെ വിമർശിക്കുന്നതിൽ കുപ്രസിദ്ധിനേടിയിട്ടുള്ള ഒരു "കത്തോലിക്കാ" പത്രത്തിൻെറ ഒരു പ്രതിനിധി ഈ സംഘത്തെ ശക്തിപ്പെടുത്തുന്നതിനു ഉടനെ വന്നുചേരുന്നതാണെന്നും അറിയുന്നു.

## ഒരു മെത്രാനെക്കൂടി

### ചൈന നാടുകടത്തി

അമേരിക്കൻ മേരിനോൾ മിഷനറിസമൂഹത്തിൽപ്പെട്ട വൂച്ചൗവിലെ മെത്രാനായ ഡൊനാഗി തിരുമേനിയെ ചൈനയിൽനിന്നും കമ്മ്യൂണിസ്റ്റുകൾ നാടുകടത്തിയതുകൊണ്ടു് അദ്ദേഹം ഹോങ്കോങ്ങിലെത്തിയിരിക്കുന്നു. ഒരു പഴയ വെള്ളഷർട്ടും തവിട്ടുനിറത്തിലുള്ള കളസവും മാത്രമാണു് അദ്ദേഹം ധരിച്ചിരുന്നതു്. 52 വയസ്സു പ്രായമുള്ള അദ്ദേഹം ചൈനയിൽ വന്നിട്ടു 26 കൊല്ലങ്ങളായി. 1950 ഡിസമ്പറിൽ ക്രിസ്തുസ്ദിനത്തിൽ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. 1951 ജൂലൈ വരെ തടവിൽ കഴിച്ചു. അതിനുശേഷം വൂച്ചൗവിൽ ജോലിതുടരുന്നതിനു അനുവദിക്കപ്പെട്ടെങ്കിലും എല്ലാ നീക്കങ്ങളും നിയന്ത്രിതങ്ങളായിരുന്നു. നാടുകടത്തലിനു മൂന്നുദിവസം മുമ്പാണു് കമ്മ്യൂണിസ്റ്റധികാരികൾ അദ്ദേഹത്തെ ബന്ധവസ്സിലാക്കുകയും "അട്ടിമറിപ്പൻ പ്രവർത്തനങ്ങൾ" നടത്തിയെന്നു കുററമാരോപിച്ചു ശിക്ഷിക്കുകയും ചെയ്തു.








# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, JUNE 29 || No. 44


# അർജൻറീനായിലെ ആഭ്യന്തരവിപ്ളവം

തെക്കേ അമേരിക്കയിൽ രാഷ്ട്രീയപ്രബുദ്ധതയിൽ മികച്ചുനില്ക്കുന്നതും, യൂണൈററഡ് സ്റ്റേററ്സിന്റെ മാതൃകയിൽ ഒരു ഫെഡറൽ റിപ്പബ്ളിക്കു ഭരണം നിലവിലുള്ളതും, രണ്ടു കോടിയിൽ താഴെ ജനസംഖ്യയുള്ളതുമായ ഒരു രാജ്യമാണ് അർജൻറീനാ. ജനങ്ങൾ ബഹുഭൂരിപക്ഷവും കത്തോലിക്കരാണ്. തികച്ചും ഒരു കത്തോലിക്കാരാജ്യമെന്നു അഭിമാനിക്കാവുന്ന പരിതസ്ഥിതികളാണ് അവിടെ നിലവിലുള്ളതു്. 1949ൽ നവീകരിച്ച ഭരണഘടനയനുസരിച്ചാണു ഇപ്പോൾ ഭരണം നടക്കുന്നതു്. വ്യക്തിഗതവും, കുടുംബപരവും, തൊഴിൽ സംബന്ധവുമായനിയമങ്ങളെല്ലാം പൗരന്മാരുടെ അവകാശസ്വാതന്ത്ര്യങ്ങളെ ഭദ്രമാക്കി അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. രാജ്യത്തിന്റെ ഭദ്രതയ്ക്കുവേണ്ടി അടിയന്തിരഘട്ടങ്ങളിൽ പൗരന്മാരുടെ മൗലികാവകാശങ്ങളെ സസ്പെൻറു ചെയ്തു പ്രസിഡണ്ടിനു സ്വേച്ഛാധികാരം പ്രയോഗിക്കാമെന്നുള്ള ഒരു വകുപ്പും അതിൽ അനുബന്ധിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ പ്രസിഡണ്ടു് പെറോണിന്റെ ഭരണക്കൂടം ഈ ഭരണഘടനയനുസരിച്ച് 1949ൽ നടന്ന പൊതുതിരഞ്ഞെടുപ്പിന്റെ ഫലമായി രൂപം പ്രാപിച്ചതാണ്.

## പെറോണിന്റെ ദുർന്നയങ്ങൾ

1946ൽ പെറോൺ ആദ്യമായി പ്രസിഡണ്ടുസ്ഥാനത്തേക്കുയർന്നതു് പൊതുജനങ്ങളുടെയും പ്രത്യേകിച്ചു വൈദികമേലധികാരികളുടേയും പ്രബലമായ പിന്തുണയോടുകൂടിയാണ്. രാജ്യശ്രേയസ്സിനുവേണ്ടി സഹകരിച്ചു ഭരണം നടത്തിയിരുന്നതുകൊണ്ടാണു 1949ലെ പുതുക്കിയ ഭരണക്കൂടത്തിലും അദ്ദേഹത്തിനു പ്രസിഡണ്ടുപദം തുടരുവാൻ സാധിച്ചതു്. എന്നാൽ അതിനുശേഷമുള്ള ഭരണത്തിൽ സ്വേച്ഛാപ്രമത്തത കടന്നുകൂടുന്നതിനു് തുടങ്ങി. പൗരജനങ്ങളെ ചേരിതിരിക്കുന്നതിനും അങ്ങിനെ ഭിന്നിപ്പിച്ചു ഭരണം തന്നിഷ്ടംപോലെ നടത്തുന്നതിനുമുള്ള ഒരു മാർഗ്ഗമാണ് അദ്ദേഹം പ്രയോഗിച്ചതു്. ന്യൂയോർക്കു ടൈംസ് ജൂൺ 15-ാംനു എഴുതിയ ഒരു മുഖപ്രസംഗത്തിൽ അതേപ്പററി പറയുന്നതിപ്രകാരമാണ്:- "അർജൻറീനായ്ക്കെതിരായി അർജൻറീനായേയും വർഗ്ഗത്തിനെതിരായി വർഗ്ഗത്തേയും അണിനിരത്തുകഎന്നുള്ളതാണ് അദ്ദേഹത്തിന്റെ ആന്തരോദ്ദേശമെന്നു് കഴിഞ്ഞ വ്യാഴാഴ്ചത്തെ റേഡിയോ പ്രഭാഷണം വ്യക്തമാക്കുന്നു. ഈ യത്നത്തിൽ അർജൻറൈൻ ജനതയുടെ ഏററവും സംപൂജ്യവും, ഇതുവരെ ആരും കൈവച്ചിട്ടില്ലാത്തതുമായ ഒരു ഘടകത്തെ-സഭയെ-തകർക്കുക എന്നതാണ് പെറോണിന്റെ ഉദ്ദേശം. ആധുനികകാലത്തു്, ഭിന്നിപ്പിച്ചു കീഴടക്കുക എന്ന തത്വം ഇദ്ദേഹത്തെപ്പോലെ ഇത്ര സമർത്ഥമായ വിധത്തിൽ ആരും പ്രയോഗിച്ചിട്ടില്ലെന്നു തോന്നുന്നു."

വത്തിക്കാന്റെ അർദ്ധഔദ്യോഗിക നാവായ ഒസ്സർവത്തോരെ റൊമാനോ പെറോണിന്റെ ദുർന്നയത്തെ മുസ്സോലീനിയുടേതിനോടുപമിച്ചുകൊണ്ടു പ്രസ്താവിച്ചതു്, ഇതെല്ലാം മുസ്സോലീനിയുടെ കാലത്തു ഇററലിയിൽ പ്രയോഗിക്കപ്പെട്ട വഞ്ചനയുടേയും കൗടില്യങ്ങളുടേയും ഗർഹനീയ സംഭവങ്ങളുടെആവർത്തനംമാത്രമാണെന്നും, സ്വേച്ഛാധിപതിയായ മുസ്സോലീനിയുടെ വിനാശകരമായ വഴിപിഴച്ച ചുവട്ടടികളെയാണ് സ്വേച്ഛാപ്രമത്തനായ പെറോൺ തുടരുന്നതെന്നുമാണ്.

## സഭയുമായി ഏററുമുട്ടുന്നു

സ്വേച്ഛാപ്രമത്തതയുടെ തേർവാഴ്ചയിൽ ആനുകാലികമായി പ്രത്യക്ഷപ്പെടുന്ന ഒരു മനോഭാവമാണ് തന്നത്താൻ സർവ്വശക്തനാണെന്നു വിചാരിക്കുകയും ജനതയുടെ അഭിലാഷങ്ങളും അവകാശങ്ങളും തനിക്കു അടിയറവയ്ക്കപ്പെടണമെന്നു വാദിക്കുകയും ചെയ്യുകഎന്നതു്. ഈ അധികാരദുർവ്വിനിയോഗത്തിൽ പ്രഥമമായും പ്രധാനമായും ഏററുമുട്ടലിനിടയാകുന്നതു് സഭയുമായിട്ടായിരിക്കും. കാരണം സഭയുടെ ആദ്ധ്യാത്മികാധികാരത്തെ കവർന്നെടുക്കുന്നതിനുള്ള സാഹസം അതിനു ചെറുക്കാതെ തരമില്ല. പെറോൺ ഇക്കാര്യത്തിൽ നിർവ്വഹിച്ച പശ്ചാത്തലസജ്ജീകരണങ്ങളെ ഒസ്സെർവത്തോരെറൊമാനോ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. രാഷ്ട്രത്തിനെതിരായി ചില വൈദികാദ്ധ്യക്ഷന്മാരും വൈദികരും ഉപജാപം നടത്തുന്നു എന്നു് കഠിനമായ കുററാരോപണങ്ങൾ പ്രചരിപ്പിച്ചു. ഗവർമ്മേണ്ടിന്റെ സ്വാധീനത്തിലുള്ള പത്രങ്ങൾ അടിസ്ഥാനരഹിതമായ കെട്ടുകഥകളെ വീണ്ടും വീണ്ടും പ്രസിദ്ധീകരിച്ചു. കത്തോലിക്കാപ്രവർത്തനസംഘങ്ങളും അവയുടെ പ്രവർത്തകരും, കത്തോലിക്കാസർവ്വകലാശാലാ സംഘടനകളും, മററു കത്തോലിക്കാസമാജങ്ങളും എല്ലാം രാജ്യദ്രോഹപരമായ അട്ടിമറിപ്പൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നെന്നുള്ള പ്രചാരണങ്ങളും ആരോപണങ്ങളും ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ചു. അവർ ഗവർമ്മേണ്ടിനെതിരാണെന്നുള്ള ബോധം പൊതുജനങ്ങളിൽ കുത്തിവയ്ക്കുന്നതിനായിരുന്നു ഈ പ്രവർത്തനങ്ങളെല്ലാം. ഇപ്രകാരം പശ്ചാത്തലം ഒരുക്കിയതിനെ തുടർന്നു സഭയുടെ സിദ്ധാന്തത്തിനു കടകവിരുദ്ധമായ ഒരു വിവാഹനിയമം പെറോൺ പാസ്സാക്കി പ്രഖ്യാപിച്ചു. ക്രിസ്തീയവിവാഹബന്ധം ഒരു സിവിൽഡിക്രിമൂലം വേർപെടുത്താമെന്നും അങ്ങിനെ വേർപെടുത്തപ്പെട്ട ദമ്പതികൾക്കു വീണ്ടും വേറെ വിവാഹം ന്യായമായി നടത്താമെന്നുമാണ് ആ നിയമം അനുശാസിക്കുന്നതു്. തിരുസഭയുടെ നിയമങ്ങൾക്കു കടകവിരുദ്ധമായ ഈ നിയമത്തെ പ്രതിഷേധിക്കാതെ സഭാദ്ധ്യക്ഷന്മാർക്കു കഴിവില്ലല്ലോ. ഇപ്രകാരം സഭയും ഭരണക്കൂടവുമായി ഒരു ഏററുമുട്ടൽ അനിവാര്യമായി വന്നു. ഇതേത്തുടർന്നുള്ള പ്രത്യാഘാതങ്ങളാണ് കഴിഞ്ഞ ഏഴുമാസക്കാലമായി അർജൻറീനായിൽ നടമാടുന്നതു്.

## പെറോൺ സഭാഭ്രഷ്ടനാണ്

പെറോൺ സഭാഭ്രഷ്ടനാക്കപ്പെടുന്ന ഒരു ഡിക്രി ഹോളിഓഫീസിൽ നിന്നുണ്ടാകുമെന്നു ഒരു വാർത്ത ഇതിനിടെ പ്രചരിച്ചിരുന്നു. അതു അടിസ്ഥാനരഹിതമാണെന്നും അതു അനാവശ്യമാണെന്നും വത്തിക്കാൻ സ്റ്റേററു് സിക്രട്ടേരിയേററിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. കാനൻ നിയമത്തിൽ ഇതു വ്യക്തമായി പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്. "തിരുസഭയുടെ അവകാശങ്ങൾക്കോ സ്വാതന്ത്ര്യത്തിനോ എതിരായി നിയമങ്ങളോ, ഉത്തരവുകളോ, ഡിക്രികളോ പുറപ്പെടുവിക്കുന്നവർ" അതിനാൽതന്നെ മഹറോനിൽ ഉൾപ്പെടുന്നു. പരിശുദ്ധ സിംഹാസനത്തിനു മാത്രമേ ഈ മഹറോൻ പോക്കുന്നതിനധികാരമുള്ളു. കാനൻ നിയമം തുടരുന്നു:- "സഭയുടെ വൈദികമായ അധികാരത്തിന്റെ പ്രയോഗം രഹസ്യമോ പരസ്യമോ ആയരംഗങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ തടസ്സപ്പെടുത്തുന്നവരും, അതിനുവേണ്ടി ഏതെങ്കിലും സിവിൽ അധികാരത്തിന്റെ സഹായം തേടുന്നവരും" അതേ മഹറോനിൽ പെടുന്നവരാണ്. കാനൻനിയമം ഇത്ര സ്പഷ്ടമായിരിക്കെ പ്രസിഡണ്ടു് പെറോണിന്റെ സഭാവിരുദ്ധമായ പ്രവർത്തനത്തെപ്പററി ഒരു പുതിയ ഡിക്രിക്കു യാതൊരാവശ്യവുമില്ല എന്നു ആർക്കും മനസ്സിലാക്കാവുന്നതാണല്ലോ.

ഈ വസ്തുതയെ വിശദമാക്കുന്ന ഒരു ബുള്ളററിൻ അർജൻറീനായിലെ എല്ലാ ദേവാലയങ്ങളിലും അടുത്ത ഒരു ഞായറാഴ്ച ഔദ്യോഗികമായി വായിക്കപ്പെടുകയുണ്ടായി. അതിൽ പ്രസിഡൻറു് പെറോണിനെപ്പററി പ്രത്യക്ഷമായ ആരോപണം ഉന്നയിക്കപ്പെട്ടിരുന്നില്ല. എങ്കിലും ക്രിസ്തീയവിവാഹത്തെ സംബന്ധിക്കുന്ന സഭയുടെ അധികാരത്തെ നിരാകരിക്കുന്നവരും പൊതുവാരാധനക്രമങ്ങളെ തടസ്സപ്പെടുത്തുന്നവരും ഈ നിയമത്തിന്റെ പരിധിയിൽ പെടുന്നുവെന്നു വ്യക്തമാക്കപ്പെട്ടിരുന്നു. കഴിഞ്ഞ ആറേഴാഴ്ചകളിലായി നടത്തപ്പെട്ടിട്ടുള്ള വൈദികരുടേയും നിരവധി അൽമായരുടേയും അറസ്റ്റുകളെപ്പററി അതിൽ സൂചിപ്പിക്കുകയും ചെയ്തിരുന്നു. വിശുദ്ധപണ്ഡിതന്മാരും നിയമജ്ഞരുമുൾപ്പെട്ട ഒരു വൈദികകമ്മററിയാണു ഈ ബുള്ളററിൻ എഴുതിയുണ്ടാക്കി മേലധികാരികൾക്കു സമർപ്പിച്ചതു്. അവർ അതു പള്ളികളിൽ വായിക്കുന്നതിനു അധികാരപ്പെടുത്തി അയച്ചുകൊടുക്കുകയുംചെയ്തു.

## അർജൻറീനായിൽ വിപ്ലവം

കത്തോലിക്കാരാജ്യമായ അർജൻറീനായിൽ അവിടത്തെ ഭരണഘടനയ്ക്കും ജനഹിതത്തിനുമെതിരായി സ്വേച്ഛാമൂർത്തിയായ പ്രസിഡൻറും പാർശ്വവർത്തികളും സൃഷ്ടിച്ച കുഴപ്പങ്ങൾ അതിന്റെ മൂർദ്ധന്യത്തിലേക്കുകടന്നതു്, അർജൻറീനാരാജ്യം സ്വാതന്ത്ര്യം സമ്പാദിച്ചതിന്റെ 145-ാം വാർഷികം ആഘോഷിച്ച അടുത്ത അവസരത്തിലാണ്. ഈ മഹാമഹം ആചരിക്കുന്നതിനും ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്യുന്നതിനുമുള്ള തിരുക്കർമ്മങ്ങൾ പതിവുപോലെ തലസ്ഥാനനഗരമായ ബ്യൂനോസ് അയേഴ്സിലെ കത്തീഡ്രലിൽ നടത്തപ്പെട്ടു. പ്രസ്തുത തിരുക്കർമ്മങ്ങളിൽ പ്രധാനമന്ത്രിയും കാബിനററംഗങ്ങളും ഹാജരായി പ്രധാനപങ്കു വഹിക്കുകയെന്നുള്ളതാണ് അർജൻറീനായുടെ ചരിത്രം തുടങ്ങിയനാൾമുതൽ ഇന്നുവരെ നടന്നുവന്ന പതിവു്. പ്രസിഡൻറു് പെറോണാകട്ടെ കാബിനററംഗങ്ങളാകട്ടെ ഇക്കൊല്ലം അതിൽ സംബന്ധിക്കുന്നതിനു വന്നില്ല. ഈ സംഭവം ജനങ്ങളെ അത്യധികം ക്ഷോഭിപ്പിച്ചു. പ്രതിഷേധപ്രകടനങ്ങളും വമ്പിച്ച ജാഥാകളും ഗവമ്മെൻറിനെതിരെ നടത്തപ്പെട്ടു. പല സ്ഥലങ്ങളിലും പോലീസ് ഏററുമുട്ടി. നിരവധി അറസ്റ്റുകളും ബലപ്രയോഗങ്ങളും നടന്നു. തുടർന്നു അർജൻറീനായുടെ അന്തരീക്ഷം വിപ്ലവാത്മകമായി മാറിയിരിക്കുകയാണ്.

ജൂൺ 21-ാംനു മോണ്ടിവിഡിയോവിൽനിന്നു ലഭിച്ച കമ്പിസന്ദേശത്തിൽ പറഞ്ഞിട്ടുള്ളതു്, സൈനികവകുപ്പുമന്ത്രിയായ ജനറൽ ഫ്രാൻക്ലിൻ ലൂസീറോയാണ് കഴിഞ്ഞ വ്യാഴാഴ്ചത്തെ വിപ്ലവം അവസാനിപ്പിച്ചതെന്നാണ്. അതിനുശേഷം പ്രസിഡൻറു് പെറോന്റെ പേരു കേൾക്കുന്നില്ല. രാഷ്ട്രീയരംഗത്തുനിന്നു അദ്ദേഹം അന്തർദ്ധാനം ചെയ്തിരിക്കുന്നു. തലസ്ഥാനത്തുനിന്നു പത്തുമൈൽ അകലെയുള്ള ഒലിവൊന്ന സ്ഥലത്തു പ്രസിഡൻറു് പെറോൺ വിശ്രമിക്കുന്നു എന്നൊരു ചെറിയ വാർത്തമാത്രം കഴിഞ്ഞ ഞായറാഴ്ച റിപ്പോർട്ടുചെയ്തു. ജനറൽ ലൂസീറോയുടെ നേതൃത്വത്തിലുള്ള ജുണ്ടായുടെ കൈയിലാണ് ഇപ്പോഴത്തെ ഗവമ്മെൻറു് അമർന്നിരിക്കുന്നതു്. അർജൻറയിൻറിപ്പബ്ളിക്കിലെ സ്ഥിതിഗതികൾ ശാന്തമായിവരുന്നുവെന്നും, ഗവമ്മെൻറിൽ ഒരു കുഴപ്പവുമില്ലെന്നും പട്ടാളശാഖകൾതമ്മിൽ ഭിന്നതയില്ലെന്നും, ഉറുഗ്വേയിൽ ചെന്നെത്തിയ 29 വിപ്ലവവിമാനങ്ങളിൽ 18 എണ്ണം തിരിച്ചെത്തിയെന്നും അർജൻറീനായിലെ ഇപ്പോഴത്തെ മേധാവിയായ ജനറൽ ഫ്രാൻക്ലിൻ ലൂസീറോ പ്രക്ഷേപണം ചെയ്തിരിക്കുന്നു.

ഇതാണ് ഇന്നത്തെ അർജൻറീനായെ സംബന്ധിക്കുന്ന സംഭവവികാസങ്ങളുടെ സംക്ഷേപം. ഏതൊരുരാജ്യത്തും ഭരണസാരഥ്യം വഹിക്കുന്നവർ ജനഹിതം ആദരിച്ചും സ്വേച്ഛാപ്രമത്തത കൈവെടിഞ്ഞും സഹകരണമനോഭാവത്തോടുകൂടിയും രാജ്യസേവനം ചെയ്യുന്നതിനു സന്നദ്ധത കാണിക്കുന്നില്ലെങ്കിൽ അതു രാജ്യത്തിന്റെ അധഃപ്പതനത്തിനും പൗരാവലിയുടെ ക്ലേശത്തിനും ഭരണാധിപന്റെതന്നെ നാശത്തിനും കാരണമാകുമെന്നുള്ളതിനു ഒരു പുതിയ ഉദാഹരണം മാത്രമാണ് പ്രസിഡൻറു് പെറോൺ.

x x x

## വരിക്കാരോടും സംഘടനാപ്രവർത്തകരോടും

# ഒരഭ്യർത്ഥന

"സത്യദീപം" വായിക്കുന്നതിനാഗ്രഹിക്കുന്നവരായും, എന്നാൽ വരിസംഖ്യകൊടുത്തു വാങ്ങാൻ സാധിക്കാത്തവരായും അനേകംപേർ നമ്മുടെ ഇടയിലും പുറത്തുമുണ്ടു്. നാനാജാതിമതസ്ഥരും ഇക്കൂട്ടത്തിൽ പെടുന്നുണ്ടു്. അതുകൊണ്ടു ഞങ്ങളുടെ മാന്യ വരിക്കാർ പത്രം വായിച്ചശേഷം, അവയെ കൂട്ടിക്കെട്ടി പുസ്തകമായി സൂക്ഷിക്കുന്നില്ലാത്തപക്ഷം, തങ്ങളുടെ സഹോദരങ്ങൾ വായിക്കത്തക്കവണ്ണം അവയെ കൈമാറുന്നതിനു ശ്രദ്ധിക്കുകയാണെങ്കിൽ അതു നല്ല പ്രസിദ്ധീകരണങ്ങളെ പ്രചരിപ്പിക്കുകയെന്ന മഹത്തായ ഒരു സേവനമായിരിക്കും. സത്യദീപം എപ്പോഴും എല്ലാവർക്കും ഫലപ്രദമായി വായിക്കാവുന്ന രീതിയിലാണു പ്രസിദ്ധീകരിക്കുന്നതു്. അതുകൊണ്ടു മററു വർത്തമാനപ്പത്രങ്ങളുടെ ഗണത്തിൽ അനുദിനപാരായണംകൊണ്ടു അതുപയോഗശൂന്യമാകുന്നില്ല. ആഴ്ചയും മാസവും കടന്നുപോകുന്നതുകൊണ്ടു് അതു പഴയതാകുന്നുമില്ല. ആകയാൽ പത്രങ്ങൾ നഷ്ടമാകാതെ പരസ്പരം കൈമാറുന്നതിനു മാന്യ വരിക്കാർ അനുസ്മരിക്കണമെന്നും, ഓരോ ഇടവകയിലും ഇപ്രകാരം പത്രങ്ങൾ ധാരാളംപേർക്കു മാറിമാറി വായിക്കത്തക്കസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു സ്ഥലത്തുള്ള കത്തോലിക്കാ പ്രവർത്തനബദ്ധരായ വിവിധ സംഘടനാപ്രവർത്തകർ പരിശ്രമിക്കണമെന്നും സാദരം ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

# പ്രസാധകക്കുറിപ്പുകൾ

## ലോകഫിലിം വ്യവസായികളോട്

# മാർപ്പാപ്പാ

ജൂൺ 21-ാംനു സെൻറു് പീറ്റേഴ്സ് ബസ്സിലിക്കായിൽവച്ചു പരിശുദ്ധമാർപ്പാപ്പാ ഫിലിംനിർമ്മാതാക്കളും, ഡയറക്ടർമാരും, നടീനടന്മാരും, ടെക്നീഷ്യന്മാരുമായ 1000 പേർക്കു ഒരു പ്രത്യേകസന്ദർശനമനുവദിച്ചു. ഒരിററാലിയൻ ഫിലിംകമ്പനിയുടെ വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നതിനു പലേ രാജ്യങ്ങളിൽനിന്നുവന്ന പ്രതിനിധികളായിരുന്നു ഈ ഫിലിംവ്യവസായപ്രവർത്തകർ. പരിശുദ്ധപിതാവു് 4000 വാക്കുകളടങ്ങിയ ഒരു പ്രഭാഷണം തദവസരത്തിൽ നിർവ്വഹിച്ചു. "ജനതകളുടേയും കുടുംബങ്ങളുടേയും പൗരപരവും ധാർമ്മികവുമായ പരമ്പരാവകാശങ്ങൾ ഫലപ്രദമാംവിധം പാലിക്കപ്പെടണം. അതുകൊണ്ടു് ഫിലിംവ്യവസായത്തിന്റെ ഏററം ആപല്ക്കരങ്ങളായ ശക്തികളെ അമർത്തുവാൻ അധികാരികൾ യഥാകാലം രംഗപ്രവേശം ചെയ്യേണ്ടതു് ഒരു കേവലകർത്തവ്യം മാത്രമാണ്" എന്നാണ് തിരുമേനി പ്രസ്താവിച്ചതു്. "അശ്ലീലങ്ങളും, സദാചാരവിരുദ്ധങ്ങളുമായ വിഷയങ്ങളെ ഉപേക്ഷിച്ച് ഉന്നതങ്ങളും സുന്ദരങ്ങളുമായ" ചലച്ചിത്രങ്ങൾ നിർമ്മിക്കണമെന്നു അവിടുന്നു ഉൽബോധിപ്പിക്കുകയും, ഒരു ഫിലിം കണ്ടശേഷം ഇറങ്ങിപ്പോകുന്നവർക്കു ഒരു മാനസിക അയാസവും അവർ കൊട്ടകയിൽ കയറിയപ്പോൾ ഉണ്ടായിരുന്നതിൽ കൂടുതലായ സംതൃപ്തിയും പ്രദാനം ചെയ്യത്തക്കവിധം വിനോദദായകമായിരിക്കണം മാതൃകാചലച്ചിത്രങ്ങളെന്നു പ്രസ്താവിക്കുകയും ചെയ്തു. അശ്ലീലങ്ങളും ആഭാസങ്ങളുമായ ചലച്ചിത്രങ്ങൾ സൃഷ്ടിച്ചിറക്കി ജനസാമാന്യത്തിന്റെ അധമവികാരങ്ങളെ തട്ടിയുണർത്തി പ്രചാരണവും ചൂഷണവും സാധിക്കുന്ന സിനിമാവ്യവസായികളും അതിന്റെ സഹകാരികളും അവരുടെ ധാർമ്മികമായ കർത്തവ്യത്തെപ്പററി ഗൗരവമായി ചിന്തിക്കേണ്ടകാലം അതിക്രാന്തമായിരിക്കുകയാണ്. അനേകമനേകം ദുഷിച്ച ഫിലിമുകളാണ് അനുദിനം ല

ക്ഷോപലക്ഷം കൊട്ടകകളിൽ ഒടിക്കൊണ്ടിരിക്കുന്നതു്. അതിൻെറ മലീമസമായ വിഷം നുകരുന്ന ഹതഭാഗ്യരുടെ എണ്ണമോ ഭീജനകമാണു്. പരിശുദ്ധപിതാവിൻെറ പൈതൃകമായ ഉൽബോധനം ഫിലിം വ്യവസായികൾക്കു മാർഗ്ഗദർശനം നൽകിയിരുന്നെങ്കിൽ!

x x x

## പണ്ഡിററു് നെഹ്റുവിൻെറ മോസ്കോപ്രസംഗം

രണ്ടാഴ്ചക്കാലമായി റഷ്യയിൽ സന്ദർശനം നടത്തിക്കൊണ്ടിരുന്ന ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററു ജവഹരിലാൽ നെഹ്റു അദ്ദേഹത്തിൻെറ യാത്രയുടെ അവസാനഘട്ടത്തിൽ ജൂൺ 21-ാംനു-മോസ്കോയിൽ ഡൈനാമോ സ്റ്റേഡിയത്തിൽവച്ചു ഒരു പ്രസംഗം ചെയ്തിരിക്കുന്നു. മാർഷൽ ബുൾഗാനിൻ തുടങ്ങിയ സോവ്യററു നേതാക്കന്മാർ പവിലിയനിലും 8000ത്തിൽപരം വരുന്ന ജനസഞ്ചയം സ്റ്റേഡിയത്തിലും പ്രസംഗം കേൾക്കാൻ തടിച്ചുകൂടിയിരുന്നു. നെഹ്റുവിനു റഷ്യയിൽ നൽകപ്പെട്ട ഹാർദ്ദമായ സ്വീകരണത്തിനും, 13000ത്തിൽപരം കിലോമീററർ യാത്രാവേളയിൽ ചെയ്ത സൗകര്യങ്ങൾക്കും കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടാണു് നെഹ്റു പ്രസംഗമാരംഭിച്ചതു്. ഇന്ത്യയുടെ രാഷ്ട്രീയലക്ഷ്യങ്ങളെ വിവരിച്ചുകൊണ്ടു അദ്ദേഹം തുടന്നു: "ജനാധിപത്യത്തിലും, സമത്വത്തിലും, പ്രത്യേകാവകാശങ്ങളുടെ നിർമ്മാജ്ജനത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ സോഷ്യലിസ്റ്റുമാതൃകയിലുള്ള സാമൂഹികവ്യവസ്ഥിതിയെന്ന ലക്ഷ്യത്തിലേക്കു ഞങ്ങളുടെ രാജ്യം പ്രയാണം ആരംഭിച്ചിരിക്കുകയാണു്. പ്രജാപ്രഭുത്വത്തിൻേറയോ, സാമൂഹികവ്യവസ്ഥിതിയുടേയോ ലക്ഷണം എന്തുതന്നെആയാലും അതു സമസ്തജനങ്ങൾക്കും അറിവും അവസരസമത്വവും പ്രദാനംചെയ്യുന്ന ഒന്നായിരിക്കും....... ഒരു രാജ്യം മറെറാരു രാജ്യത്തിൻെറ മേൽ അധീശത്വം പുലർത്തുന്ന രീതി ശരിയല്ലെന്നാണു് ഞങ്ങളുടെ ബോദ്ധ്യം. സ്വാതന്ത്ര്യത്തിനുവേണ്ടി ഞങ്ങൾ സമരം ചെയ്തവരാണു്. വിദേശികളുടേയും സ്വേച്ഛാധിപതികളുടേയും കീഴിൽ ഞെരുങ്ങി വീർപ്പുമുട്ടുന്ന ജനതകളുടെ വിമോചനയത്നങ്ങളിൽ ഞങ്ങൾക്കനുഭാവമുണ്ടു്. ഓരോ രാജ്യവും രൂപം പ്രാപിക്കുന്നതു് അതതിൻേറതായ പുരാവൃത്തങ്ങളും പരീക്ഷണങ്ങളും മുഖേനയാണു്. ഓരോ രാജ്യത്തിനും പ്രത്യേകമായ വ്യക്തിത്വമുണ്ടു്. വിദേശകോയ്മയിൽ അതു വളരുകയില്ല. പുറമേനിന്നു അടിച്ചേല്പിക്കപ്പെടുന്ന യാതൊന്നും ഒരു സ്വതന്ത്രരാജ്യത്തിനു സ്വീകാര്യമല്ല. സ്വാശ്രയശീലവും ആത്മശക്തിയും സ്വന്തം ഗുണവിശേഷങ്ങളും നിർബാധം പോഷിപ്പിക്കുവാൻ സാധിക്കുന്ന രാജ്യത്തിനുമാത്രമേ നൈസർഗ്ഗികമായ ഉൽകർഷം ലഭിക്കുകയുള്ളു. ഓരോ രാജ്യത്തിനും അതതിൻെറ ഭാഗധേയം കരുപ്പിടിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കണമെന്നുള്ള തത്വത്തിൻെറ അംഗീകാരമാണു്, ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നതിനു സ്വീകരിക്കപ്പെട്ടിട്ടുള്ള "പഞ്ചശീലങ്ങൾ." 1. ഓരോ രാജ്യത്തിൻെറ പരമാധികാരത്തേയും അതിർത്തിസാകല്യത്തേയും പരസ്പരം ആദരിക്കുക; 2. അനാക്രമണം; 3. ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കൽ; 4. സമത്വം; 5. സമാധാനപരമായ സഹവർത്തിത്വം. എന്നിവയാണു് പ്രസ്തുത തത്വങ്ങൾ." പണ്ഡിററു നെഹ്റുവിൻെറ ഈ ലക്ഷ്യവിശകലനം ശരിയായി മനസ്സിലാക്കുന്നപക്ഷം ആധുനികലോകത്തിൽ ഏററം സ്വീകാര്യമായ ഒരു രാഷ്ട്രീയനയം അതിൽ പ്രതിഫലിക്കുന്നതായി കാണാം. ലോകാധിപത്യത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന മഹച്ഛക്തികൾക്കും, ഉപഗ്രഹരാജ്യങ്ങളെ അടിച്ചമർത്തി തൻകാര്യം കാണുന്ന അധീശശക്തികൾക്കും അവരുടെ അനീതിപരമായ പ്രവർത്തനങ്ങളുടെ തനിനിറം തുറന്നുകാട്ടുന്ന വിശദീകരണമാണു് അതിൽ തെളിഞ്ഞുകാണുന്നതു്. സമാധാനമെന്നും, സഹവർത്തിത്വമെന്നും പെരുമ്പറയടിക്കുന്നതിൽ അർത്ഥമില്ലെന്നും ഓരോ രാജ്യത്തിൻേറയും സ്വാതന്ത്ര്യത്തേയും അഭിവൃദ്ധിമാർഗ്ഗങ്ങളേയും സുരക്ഷിതമായി പ്രയോഗിക്കുന്നതിനു പരസ്പരം സഹായിക്കുന്നതിലാണു് ലോകപുരോഗതി കൈവരുത്തേണ്ടതെന്നും അതു വിശദമായി പ്രഖ്യാപിക്കുന്നുണ്ടു്. ഇന്ത്യയുടെ ഈ ദൗത്യം ലോകരാഷ്ട്രങ്ങൾ വേണ്ടവിധത്തിൽ മനസ്സിലാക്കുമെന്നും തദനുസരണം അവ പ്രവർത്തിക്കുമെന്നും പ്രത്യാശിക്കാം.

### ഇന്ത്യയുടെ സമാധാനാദർശം

ലോകത്തിൻെറ ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങളെ ജനക്ഷേമത്തിനുവേണ്ടി വിനിയോഗിക്കേണ്ട ആവശ്യകതയേയും അതിനുള്ള മാർഗ്ഗങ്ങളേയുംപററി പ്രതിപാദിച്ചശേഷം പണ്ഡിററു് നെഹ്റു ഇന്ത്യയുടെ സമാധാനാദർശത്തെ വിശദീകരിച്ചുകൊണ്ടു തുടന്നു:- "ലോകം പുരോഗമിക്കണമെങ്കിൽ—ലോകം നിലനില്ക്കണമെങ്കിൽ— സമാധാനം അനിവാര്യമാകുന്നു. ഞങ്ങളുടെ വീക്ഷണത്തിൽ സമാധാനമെന്നു പറഞ്ഞാൽ യുദ്ധത്തിൽനിന്നു ഒഴിഞ്ഞുനില്ക്കുകയെന്നു മാത്രമല്ല, പ്രത്യുത അന്താരാഷ്ട്രീയബന്ധങ്ങളെ കാര്യക്ഷമമായും നേർവഴിക്കും സമീപിക്കുക എന്നുകൂടി അതിനർത്ഥമുണ്ടു്. അതിനു ആദ്യമായി വേണ്ടതു് ലോകസംഘർഷാവസ്ഥ കുറയ്ക്കുകയും, കൂടിയാലോചനകൾവഴി പ്രശ്നങ്ങൾ ഒത്തുതീർക്കുകയും, രാഷ്ട്രങ്ങൾ തമ്മിൽ ശാസ്ത്രീയവും സാംസ്കാരികവുമായ ബന്ധം പുലർത്തി വ്യവസായവാണിജ്യങ്ങൾ വർദ്ധിപ്പിക്കുകയും, ആശയങ്ങളും അറിവുകളും, അനുഭവങ്ങളും പരസ്പരം കൈമാറുകയും ചെയ്യുകയെന്നുള്ളതാണു്. നമ്മുടെ മനസ്സിൻേറയും ഹൃദയത്തിൻേറയും വളർച്ചയ്ക്കു വിഘാതമായി നിലകൊള്ളുന്നതും അന്താരാഷ്ട്രീയബന്ധത്തെ തടസ്സപ്പെടുത്തുന്നതുമായ എല്ലാ കാരണങ്ങളേയും നാം നീക്കംചെയ്യണം. ഒന്നു വേറൊന്നിൻെറ കാര്യത്തിൽ ഇടപെടാതിരിക്കുകയും, ആധിപത്യം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം വിവിധ രാഷ്ട്രീയസാമൂഹികസാമ്പത്തികരീതികൾ സ്വീകരിച്ചിരിക്കുന്ന രാജ്യങ്ങൾ തമ്മിൽ ഈ വിധം സഹകരിക്കുന്നതിനു എന്താണു വിഷമം? യുദ്ധത്തിൽനിന്നോ യുദ്ധഭീഷണിയിൽനിന്നോ സമരത്തിനുള്ള ഒരുക്കത്തിൽനിന്നോ സമാധാനം കൈവരാൻ പോകുന്നില്ല. ഇന്ത്യാക്കാരായ ഞങ്ങൾ സമാധാനത്തിനുവേണ്ടി നിലകൊള്ളുന്നു. ഞങ്ങളുടെ സ്വാതന്ത്ര്യസമരത്തിൽപോലും സമാധാനപരമായ മാർഗ്ഗങ്ങളാണവലംബിച്ചതു്. ഞങ്ങളുടേയും ഞങ്ങൾ സ്നേഹിക്കുന്ന എല്ലാവരുടേയും പുരോഗതിക്കു സമാധാനം ആവശ്യമാണു്. അതുകൊണ്ടു സമാധാനത്തിനുവേണ്ടി മററു രാജ്യങ്ങളോടൊത്തു ഞങ്ങൾ അങ്ങേയററം ശ്രമിക്കുന്നതാണു്." ഇന്ത്യൻ പ്രധാനമന്ത്രിയുടെ സമാധാനത്തെപ്പററിയുള്ള ഈ പ്രതിപാദനം— ഇന്ത്യയുടെ സാക്ഷാത്തായ സമാധാനദൗത്യം—തികച്ചും ആർഷഭാരതത്തിൻെറ അന്തസ്സിനു യോജിക്കുന്നതും ലോകരാഷ്ട്രങ്ങൾക്കു മാർഗ്ഗദർശകവുമാണു്. സമാധാനത്തിനുവേണ്ടിയുള്ള നമ്മുടെ നേതാവിൻെറ പരിശ്രമങ്ങൾ ഫലമണിയുവാൻ നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം.

x x x

## സാർവ്വദേശീയ വിദ്യാഭ്യാസ കോൺഗ്രസ്

വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സാർവ്വദേശീയസംഘടനയുടെ മൂന്നാമത്തെ കോൺഗ്രസ് കഴിഞ്ഞമാസത്തിൽ ഇററലിയിൽ ഫ്ളോരൻസിൽവച്ചു നടന്നിരിക്കുന്നു. വിവിധരാജ്യങ്ങളിൽ നിന്നായി 120 പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. സുപ്രധാനമായ ഈ മീററിംഗിൽ ബൽജിയം, ഫ്രാൻസ്, ജമ്മനി, ഹോളണ്ടു്, ഇററലി എന്നീ രാജ്യങ്ങളിലെ പല പാർലമെൻറുമെമ്പറന്മാരും സന്നിഹിതരായിരുന്നു. കോൺഗ്രസിൻെറ പ്രസിഡൻറും ബൽജിയത്തിലെ നീതിന്യായവകുപ്പിൻെറ മുൻമന്ത്രിയുമായ എം. ലെ വിക്കോം വാർത്തേഹ് ബെൽജിയൻ പാർലമെൻറിൽ അവിടത്തെ പ്രക്ഷുബ്ധമായ വിദ്യാഭ്യാസപ്രശ്നത്തെപ്പററി ഒരു പ്രസംഗം നിർവ്വഹിച്ചതിനുശേഷം ബദ്ധപ്പെട്ടാണു് സമ്മേളനസ്ഥലത്തെത്തിയതു്. ലെബനോണിൽനിന്നു അവിടത്തെ മുസ്ലീമിങ്ങളേയും, ഓർത്തഡോക്സുകാരേയും, കത്തോലിക്കരേയും പ്രതിനിധീകരിച്ചുകൊണ്ടു് ഫാദർ ഇഗ്നേസ് മാരോൺ നടപടികളിൽ പങ്കെടുത്തു. കോൺഗ്രസിൽ പ്രതിപാദിക്കപ്പെട്ട ഒരു പ്രധാനപ്രശ്നം "നിഷ്പക്ഷത"യുടെ പേരിൽ ചില രാഷ്ട്രങ്ങൾ സ്റ്റേററുസ്കൂളുകൾ നടത്തുകയും സ്വകാര്യസ്കൂളുകളിലും കോളേജുകളിലും യൂണിവേഴ്സിററികളിലും പാസാകുന്നവരുടെ യോഗ്യതയെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം വന്നുചേർന്നിട്ടുള്ള കുഴപ്പങ്ങളായിരുന്നു. സ്വകാര്യവിദ്യാലയങ്ങളുടെ കാര്യത്തിൽ പല പ്രമേയങ്ങളും കോൺഗ്രസ് അംഗീകരിക്കുകയുണ്ടായി. ബൽജിയത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന സംഭവങ്ങളും മററു പല രാജ്യങ്ങളിലും പ്രകാരാന്തരേണ നടന്നുകൊണ്ടിരിക്കുന്ന നിയന്ത്രണങ്ങളും സമ്മേളനത്തിൻെറ പരിചിന്തനത്തിനു വിധേയമാക്കപ്പെട്ടു. ഓരോ രാജ്യവും അദ്ധ്യാപകന്മാരുടെ അന്തസ്സു പാലിക്കുന്നതിനും ശമ്പളം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്നും, ശമ്പളം സംബന്ധിച്ചോ മററുതരത്തിലോ സ്വകാര്യവിദ്യാലയങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാരും സ്റ്റേററുസ്കൂളുകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാരും തമ്മിൽ യാതൊരു തരംതിരിവും അനുവദിക്കപ്പെടരുതെന്നും, ഖണ്ഡിതമായി പ്രമേയങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു് സ്വകാര്യവിദ്യാലയങ്ങൾ നടത്തുന്നതിനെ തടയുവാൻ സ്റ്റേററിനധികാരമില്ലെന്നും, നേരെമറിച്ചു് ഏതാദൃശവിദ്യാലയങ്ങളെ സ്റ്റേററുസ്കൂളുകളെപ്പോലെതന്നെ സാമ്പത്തികമായി സഹായിക്കുകയാണു് സ്റ്റേററിൻെറ കർത്തവ്യമെന്നും കോൺഗ്രസ് ശക്തിയായി പ്രഖ്യാപിച്ചു "വിദ്യാഭ്യാസസ്വാതന്ത്ര്യം എവിടെ ഇല്ലാതാകുന്നുവോ അവിടെ പൗരസ്വാതന്ത്ര്യവും നാമാവശേഷമാകുന്നു" എന്ന നിഗമനത്തിലാണു് കോൺഗ്രസ് ഏകയോഗമായി എത്തിച്ചേന്നതു്. സാക്ഷാത്തായ ഡെമോക്രസിയിൽ സ്വകാര്യവിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന തത്വങ്ങൾക്കു അംഗീകാരം നൽകപ്പെടണം. കാരണം, അതാണു് ഡെമോക്രസിയെ സംരക്ഷിക്കുന്നതിനു പററിയ ഉറപ്പുകളിലൊന്നു്, എന്നാണു് പ്രതിനിധികൾ പ്രസ്താവിച്ചതു്. വിദ്യാഭ്യാസപ്രശ്നം ഏററവും കുഴഞ്ഞ സ്ഥിതിയിലെത്തിയിട്ടുള്ള ബെൽജിയം തുടങ്ങി ഓരോ രാജ്യങ്ങളിലേയും രീതികൾ കോൺഗ്രസിൻെറ അവഗാഢമായ പഠനത്തിനു വിഷയമായി. ലെബനോണിലെ പ്രതിനിധി അവിടെ ആലോചനയിലിരിക്കുന്ന ഒരു പുതിയ പദ്ധതി വിവരിക്കുകയുണ്ടായി. ലെബനോൺ വിദ്യാഭ്യാസമന്ത്രി ഈ പദ്ധതിയെപ്പററി ചർച്ചകൾ നടത്തുന്നതിനു യൂറോപ്പിൽപോവുകയും അവിടത്തെ കാത്തലിക്കു് എഡ്യൂക്കേഷൻകൗൺസിലുമായി പര്യാലോചിക്കുകയും ചെയ്തിട്ടുള്ളതാണു്. ഈ പദ്ധതിയനുസരിച്ചു സ്വകാര്യവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷാകർത്താക്കന്മാർക്കു ഫീസ്കൊടുക്കുന്നതിനുള്ള സഹായം നൽകുന്നതിനാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. കോൺഗ്രസ് ഇംഗ്ലണ്ടിലെ കത്തോലിക്കർ അവരുടെ സ്വകാര്യവിദ്യാലയങ്ങൾക്കുവേണ്ടി വഹിച്ചുപോരുന്ന ദുർവ്വഹമായ ഭാരത്തിൽ അനുകമ്പ പ്രകടിപ്പിക്കുകയും അവരുടെനേക്കു അത്ഭുതപൂർവ്വകമായ അനുമോദനങ്ങൾ രേഖപ്പെടുത്തുകയുമുണ്ടായി എന്നതും പ്രത്യേകം പ്രസ്താവാർഹമാണു്. ആധുനികലോകത്തിൽ ഭൗതികത്വവും ആദ്ധ്യാത്മികത്വവും നമ്മിൽ നടക്കുന്ന വടംവലിയുടെ ഒരു പ്രത്യാഘാതമാണു് വിദ്യാഭ്യാസരംഗത്തിൽ പ്രതിഫലിക്കുന്നതു്. വിദ്യാഭ്യാസം സംബന്ധിച്ചുള്ള അസ്വാസ്ഥ്യങ്ങൾ ഇന്നു മിക്കരാജ്യങ്ങളിലും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ മുളയെടുത്തുകൊണ്ടാണിരിക്കുന്നതു്. അതിൻെറ വളർച്ചയിൽ ദത്താവധാനരാവുകയും സാക്ഷാൽ ഡെമോക്രസിയുടെ വിജയത്തിനനുയോജ്യമായ വിധത്തിൽ അതിനെ പരിഛേദം പരാജയപ്പെടുത്തുന്നതിനു വേണ്ടി പോരാടുകയും ചെയ്യേണ്ടതു ഓരോ പൗരൻേറയും കർത്തവ്യമാണു്. വിശ്വവിഖ്യാതന്മാരായ വിദ്യാഭ്യാസപ്രവർത്തകന്മാർ സമ്മേളിച്ച വിദ്യാഭ്യാസകോൺഗ്രസ് ഈ വിഷയത്തിൽ നൽകുന്ന ശരിയായ നേതൃത്വത്തിൽ എല്ലാ രാജ്യങ്ങളും പുരോഗമിക്കുന്നതിനുവേണ്ട സന്നദ്ധത പ്രകടിതമാകുമെന്നു പ്രതീക്ഷിക്കാം.

## തിരുനാൾ മംഗളം



കോട്ടയം മെത്രാൻ റൈററു് റവ. ഡോക്ടർ തോമസ് തറയിൽ തിരുമേനി.
നാമഹേതുകദിനം ജൂലൈ 3

—o—

### ജപാപ്പസ്തോലസഖ്യത്തിൻെറ ജൂലൈമാസത്തെ പൊതുനിയോഗം

"മതശിക്ഷണം പ്രായപൂർത്തിയായവരിൽ അഭിവൃദ്ധിപ്പെടുന്നതിനു്."

### വേദപ്രചാരനിയോഗം

"മിഷ്യൻപ്രദേശങ്ങളിലെ അൽമായർ അപ്പസ്തോലിക വേലകളിൽ പരിശീലിപ്പിക്കപ്പെടുന്നതിനു്."

## അടുത്തയാഴ്ചയിൽ

ജൂൺ

30 വ്യാ: വി. പൗലോസ്ശ്ലീഹാ

ജൂലൈ

1 വെ: വി. അഹറോൻ

2 ശ: ക.മറിയത്തിൻെറ എലിസബത്തുസന്ദർശനം

3 ഞാ: പന്തക്കുസ്താ 5-ാം ഞായർ വി. തോമ്മാശ്ലീഹാ

4 തി: വി. അജേവൂസ്നിവ്യാ


5 ചൊ: വി. ദൊമീസിയൂസ്

6 ബു: വി. ഏശയ്യാനിവ്യാ

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |




## ഇന്ത്യയുടെ നയം

ഏററവും സൗഹാർദ്ദപരമായ ഒരു വിരുന്നുസല്ക്കാരം കഴിഞ്ഞതിനുശേഷം അതിഥികൾ സുഹൃൽസംഭാഷണങ്ങൾ തുടങ്ങിയപ്പോൾ ഒരു പ്രശസ്ത സോവിയററു് നേതാവു് നെഹ്റുവിനോടു പറഞ്ഞു:— "ഞങ്ങൾ റഷ്യാക്കാർ, ആത്മാർത്ഥസ്നേഹിതന്മാരാകുന്നവരാണു്; സ്നേഹിച്ചാൽ പിന്നെ ഞങ്ങളെ പിരിക്കുവാൻ യാതൊന്നിനും സാധിക്കുന്നതല്ല. എങ്കിലും ഇതുപോലെതന്നെ വൈരികളായാൽ ഞങ്ങൾ നിർദ്ദയരായ നിഷ്ഠൂരരാണു്." ഈ പൊങ്ങച്ചം കേട്ടപ്പോൾ നെഹ്റു മറുപടി പറഞ്ഞു: "ഞങ്ങൾ ഇന്ത്യാക്കാർ എല്ലാവരുടേയും ആത്മാർത്ഥസ്നേഹിതന്മാരാണു്. ഞങ്ങൾക്കു വൈരികളേ ഇല്ല. ആരെങ്കിലുമുണ്ടെങ്കിൽ, ഞങ്ങൾ അവരെ സ്നേഹിക്കുവാൻ ശ്രമിക്കയും ചെയ്യുന്നു."

—o—

വാരാന്ത്യവീക്ഷണം

# ഐക്യരാഷ്ട്രസംഘടന

(സി. ഐ. ജോൺ)

1945 ജൂൺ 26-ാംനു- 50 രാഷ്ട്രങ്ങൾ ചേൎന്നു സാൻഫ്റാൻസിസ്കോയിൽവച്ചു് ഐക്യരാഷ്ട്രചാർട്ടറിൽ ഒപ്പു വച്ചതിൻെറ പത്താം വാർഷികം ഈ 26-ാംനു- സാൻഫ്റാൻസിസ്കോയിൽവച്ചു് ആഘോഷിക്കുകയാണല്ലോ. ഈ അവസരത്തിൽ ഈ വിശ്വമഹാസംഘടനയുടെ രൂപീകരണത്തേയും പ്രവൎത്തനരീതിയേയും സംബന്ധിച്ചു് അല്പമായി പരിചിന്തിക്കുന്നതു് ഉത്തമമാണെന്നു തോന്നുന്നു.

ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലും അമേരിക്കൻ പ്രസിഡണ്ടായിരുന്ന ഫ്റാങ്ക്ലിൻ ഡി റൂസ്‌വെൽററും കൂടി അററ്ലാൻറിക് സമുദ്രത്തിൽവച്ചു നടത്തിയ സംഭാഷണങ്ങളാണു് ഈ വിശ്വമഹാസംഘടനയുടെ ഉടലെടുപ്പിനു് കാരണം. ഈ മഹൽസംഘടനയെ ഏതാനും വിഭാഗങ്ങളായിട്ടാണു് തിരിച്ചിരിക്കുന്നതു്.

## 1. ജനറൽ അസംബ്ളി

എല്ലാവരുടെയും ജീവിതനിലവാരമുയൎത്തി സുഖപൂൎണ്ണമാക്കുകയും അസമാധാനപ്രവണതകൾക്കെതിരായി സമരം ചെയ്യുകയുമാണു് ജനറൽ അസംബ്ളിയുടെ മുഖ്യമായ ജോലി. എന്നാൽ ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായിട്ടുള്ള രാജ്യങ്ങളെല്ലാം ജനറൽ അസംബ്ളിയിലേയും അംഗങ്ങളാണു്.

## 2, സെക്യൂറിററി കൗൺസിൽ

യു. എൻ. ചാർട്ടർഅനുസരിച്ചു ലോകസമാധാനം കൈവരുത്തുന്നതിനുള്ള മുഴുവൻ ഉത്തരവാദിത്വവുംസെക്യൂറിററികൗൺസിലിനാണു്. ഈ കൗൺസിലിൻെറ ആദ്യയോഗം 1947 ജനുവരി 17-ാംനു- ലണ്ടനിൽ വച്ചാണാരംഭിച്ചതു്. അതിൽ ആകെ 11 അംഗങ്ങളുണ്ടു്. റഷ്യ, അമേരിക്ക, ബ്രിട്ടൻ, ഫ്റാൻസ്, ഫൊർമോസ എന്നീ അഞ്ചു രാജ്യങ്ങൾക്കു് സ്ഥിരാംഗത്വവുംബാക്കിയുള്ള 6 അംഗങ്ങളെ രണ്ടു കൊല്ലക്കാലാവധിക്കുമാത്രം തെരഞ്ഞെടുക്കുകയുമാണു് ചെയ്യുന്നതു്. രണ്ടാഴ്ചയിൽ ഒരിക്കൽ സെ:കൗൺസിലിൻെറ യോഗം വിളിച്ചുകൂട്ടണം എന്നാണു് നിശ്ചയം. ഈ കൗൺസിൽ "വീറേറാ" ഉപയോഗിക്കാൻപാടില്ലാത്തസന്ദൎഭങ്ങളുണ്ടു്. 1 വാദപ്രതിവാദങ്ങളെ ശമിപ്പിക്കാൻ. 2 ഒരു രാഷ്ട്രം ഐ. രാ. സഭയിൽ അംഗമായി ചേരുവാൻ പോകുമ്പോൾ. 3 അന്താരാഷ്ട്ര കോടതിയിൽ ജഡ്ജിമാരെ തെരഞ്ഞെടുക്കുവാൻ പോകുമ്പോൾ. ഈ കൗൺസിലിനു് അതിൻെറ തീൎപ്പുകളെ നടത്തുന്നതിനാവശ്യമായ സൈന്യബലവുമുണ്ടു്.

## 3. ട്രസ്റ്റിഷിപ്പു് കൗൺസിൽ

ഈ കൗൺസിലിൻെറ ഉദ്ദേശം തന്നെ കോളനികളെ ഭരിക്കുക എന്നുള്ളതാണു്. കോളനികളുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉയർച്ചയ്ക്കുവേണ്ടിയാണു് കൗൺസിൽ നിലകൊള്ളുന്നതു്. ആറു മാസത്തിലൊരിക്കൽ കൗൺസിലിൻെറയോഗം വിളിച്ചുകൂട്ടി കോളനികളുടെ ഉയർച്ച സംബന്ധിച്ചു് ചർച്ച നടത്താറുണ്ടു്. കോളനികൾ പുരോഗമിച്ചിട്ടുണ്ടെങ്കിൽ അതുകൾക്കു് സ്വാതന്ത്ര്യം കൊടുക്കുവാനും കൗൺസിലിനു അധികാരമുണ്ടു്.

## 4. സാമ്പത്തിക സാമുദായികകൗൺസിൽ

(Economic & Social Council) പതിനെട്ടു പ്രതിനിധികളുള്ള ഈ കൗൺസിൽ കൊല്ലത്തിൽ രണ്ടു പ്രാവശ്യം വീതം കൂടുന്നു. യു. എൻ. ചാർട്ടറിൻെറ 58 ാംവകുപ്പനുസരിച്ചു് ഒട്ടനേകം സംഗതികൾ ഈ സമിതി കൈ ചെയ്തു തീൎക്കുവാനുണ്ടു്. സാമ്പത്തിക സാമുദായിക കൗൺസിലിൻെറ കീഴിൽ പ്രവൎത്തിക്കുന്നവിവിധസംഘടനകളിൽ ചിലതു ചുവടേ ചേൎക്കുന്നു.

1 ഇൻറർനാഷനൽ ലേബർ ഓർഗനൈസേഷൻ. (I. L. O.) 2 വേൾഡ് ഹെൽത്തു് ഓർഗനൈസേഷൻ (W. H. O.) 3 ഫുഡ് ആൻറു് അഗ്രികൾച്ചൽ ഓർഗനൈസേഷൻ (F. A. O.) 4 യുണൈറഡ് നാഷനൽ എജുക്കേഷനൽ സയൻറിഫിക്കു് ആൻഡ് കൾച്ചറൽ ഓർഗനൈസേഷൻ തുടങ്ങിയവ.

## 5. അന്താരാഷ്ട്രീയ കോടതി

രാഷ്ട്രങ്ങൾ തമ്മിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾ തീൎക്കുവാനായി 9 ജഡ്ജിമാരുൾക്കൊള്ളുന്ന ഒരു നീതിന്യായസംരക്ഷണവകുപ്പാണിതു്. ഈ ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതു് താഴെ പറയുംപ്രകാരമാണു്. ഓരോ രാജ്യവും അതിൻെറ ദേശീയസംഘമെന്ന പേരിൽ 4 പേരെ തെരഞ്ഞെടുക്കുന്നു. അതിൽ രണ്ടുപേർ സ്വന്തം രാജ്യത്തിലേയും മററു രണ്ടുപേർ അന്യരാജ്യങ്ങളിലേയുമായിരിക്കണമെന്നു നിർബന്ധമുണ്ടു്. യു. എൻ. ഒ. യിൽ അംഗത്വമുള്ള ഓരോ രാജ്യത്തിനും ഓരോ ദേശീയസംഘമുണ്ടായിരിക്കും. ഈ സംഘങ്ങളുടെ ലിസ്റ്റു് ജനറൽ അസംബ്ളി സെ. കൗൺസിലിനയക്കുന്നു. പിന്നീടു് അസംബ്ളിയിലും കൗൺസിലിലും നോമിനേഷനിൽ ഒപ്പിട്ടിട്ടുള്ള ആളുകളുടെയെല്ലാം പേരുകൾ വോട്ടിനിടുന്നു. രണ്ടിലും ഭൂരിപക്ഷം കിട്ടിയ ആളുകളെമാത്രമാണു് ജഡ്ജിമാരായി നിയമിക്കുക. ഇങ്ങനെ നിയമിക്കുന്ന ജഡ്ജിമാരെ പിരിച്ചുവിടുന്നതിനു് ജനറൽ അസംബ്ളിക്കോ സെ. കൗൺസിലിനോ അധികാരമില്ല.

ഈ മഹൽസംഘടനയ്ക്കു എന്തെല്ലാം കുററങ്ങളും കുറവുകളുമുണ്ടായിരുന്നാലും ആററംബോമ്പിൻേറയും അതുപോലുള്ള മാരകായുധങ്ങളുടേയും ഈ യുഗത്തിൽ ഒരു ശീതസമരത്തിൻെറ പാതയിലേക്കു ലോകം മാറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ലോകസംഘൎഷാവസ്ഥ ലഘൂകരിക്കുവാനായി അതു പലതുംഇതിനകം ചെയ്തുകഴിഞ്ഞുവെന്ന സംഗതി മറക്കാനാവാത്തതാണു്. യുദ്ധത്തിൻെറ ഭീകരതയിൽനിന്നും മനുഷ്യരാശിയെ സമുദ്ധരിക്കുന്നതിനും, കൊളോണിയലിസത്തിനും വൎണ്ണവിവേചനത്തിനുമെതിരായി പ്രവൎത്തിക്കുവാനുമുള്ള സന്നദ്ധത പ്രകടമാക്കുന്ന വകുപ്പുകളാണു് ഈ മഹത്തായ സംഘടനയ്ക്കു മാററുകൂട്ടുന്നതു്. ഒരു ലോകമഹായുദ്ധത്തിൻെറ കെടുതിയിലേക്കു ലോകത്തെ വലിച്ചിഴച്ചു കൊണ്ടുപോയ മൂന്നുനാലു കാൎയ്യങ്ങളിൽ ഫലപ്രദമായ തീരുമാനങ്ങൾ ഈ മഹാസംഘടന ചെയ്തു കഴിഞ്ഞു. പാലസ്റ്റൈൻ, ഇൻഡോനേഷ്യാ, കാഷ്മീർ എന്നിവിടങ്ങളിൽ വെടിനിറുത്തലുണ്ടാക്കി. കൊറിയൻപ്രശ്നത്തിൽ കൈക്കൊണ്ട നടപടി ആരുടേയും അഭിനന്ദനത്തിനു പാത്രമാകുന്ന ഒന്നായിരുന്നു. എന്നാൽ മററു പല കാൎയ്യങ്ങളിലും ഈ സംഘടനയ്ക്കു വീരോചിതമായ പല തീരുമാനങ്ങളും ചെയ്യാമായിരുന്നെങ്കിലും അവയൊന്നും നടക്കുകയുണ്ടായില്ല. അതിനു കാരണം, സംഘടനയിലുള്ള രാജ്യങ്ങൾ സ്വന്തം രാഷ്ട്രീയാഭിപ്രായത്തിൻെറ സ്ഥിരീകരണത്തിനുവേണ്ടി ജീവൽപ്രശ്നങ്ങളെ ചർച്ചചെയ്യേണ്ട സന്ദൎഭങ്ങളിൽ തീപ്പൊരിപ്രസംഗങ്ങൾ ചെയ്യുക ഒരു ഫാഷനാക്കിത്തീൎത്തു. ഐ. രാ. സമിതിയെപ്പററിത്തന്നെ വീറേറായധികാരമുള്ള ചില രാജ്യങ്ങൾ ഒരു ചിററമ്മനയം അനുവൎത്തിക്കുകയുംചെയ്തു. ഒരു ജനീവാസമ്മേളനത്തിൻെറ ആവശ്യം കൂടാതെതന്നെ ഇൻഡോചൈനയിൽ വെടിനിറുത്തലുണ്ടാക്കുവാൻ ഈ സംഘടനയ്ക്കു സാധിക്കുമായിരുന്നു. ഫൊർമോസാപ്രശ്നവും, ജൎമ്മൻപ്രശ്നവും അതുപോലെ മററു പല പ്രശ്നങ്ങളും ഇന്നും പരിഹാരം കാണാതെ അവശേഷിക്കുന്നുണ്ടു്. എന്നാൽ അവയെല്ലാം യു. എൻ. ഒ. വഴി പരിഹാരം കാണാവുന്നതാണു്. അതിനുപകരം മററു സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും മററു സ്ഥലങ്ങളിൽവച്ചു് രാജ്യങ്ങളിലെ തലവന്മാർ തമ്മിൽ സംയുക്തപ്രസ്താവനകളിലൂടെ പരിഹാരം കണ്ടുപിടിക്കുകയും ചെയ്യുവാനാണു് ഇന്നത്തെ വാസനയെന്നു തോന്നുന്നു. ഇത്ര മഹത്തായ ഒരു സംഘടന നിലവിലുള്ളപ്പോൾ അതിനു പുറത്തുവച്ചു് അന്താരാഷ്ട്രീയകാൎയ്യങ്ങളിൽ ചെയ്യുന്ന തീരുമാനങ്ങൾ അഭിനന്ദനാർഹമാണെന്നു തോന്നുന്നില്ല.

സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ ഐക്യരാഷ്ട്രസംഘടന വമ്പിച്ച വിജയംതന്നെ ഈ ദശവത്സരക്കാലത്തിനിടയ്ക്കു നേടിയിട്ടുണ്ടു്. ആററംശക്തിയുടെ സമാധാനപരമായ ഉപയോഗമെന്ന തത്വംതന്നെ മുന്നോട്ടു നീക്കിവച്ചതു ഐക്യരാഷ്ട്രസംഘടനയാണു്. കഴിഞ്ഞ 10 കൊല്ലക്കാലത്തിനിടയിൽ ലോകത്തിൽ 60 കോടി ജനങ്ങൾ ഈ സംഘടന മൂലം സ്വതന്ത്രരായിട്ടുണ്ടു്. സംഘടനയിലെ അംഗസംഖ്യ 50 ആയിരുന്നതു് ഇപ്പോൾ 60 ആയി വർദ്ധിച്ചിട്ടുണ്ടു്. ഇനിയും മററു ചില രാജ്യങ്ങൾക്കുകൂടി പ്രവേശനം താമസിയാതെ അനുവദിക്കുവാനിടയുണ്ടു്. വെണ്ടൽവിൽക്കിയും, ടെന്നിസനുമെല്ലാം വിഭാവനം ചെയ്തിരുന്ന ഒരു ഏകലോകബോധം ലോകജനതയിൽ വളൎത്തുവാനും ഈ മഹത്തായ സംഘടന കഴിവതു പ്രവൎത്തിച്ചുകൊണ്ടിരിക്കുകയുമാണു്. ചുരുക്കംപറഞ്ഞാൽ യുദ്ധഭീതി തീണ്ടാതെയുള്ള ഒരു മനുഷ്യസമുദായത്തിൻെറ ഉദയത്തിനുവേണ്ടി നിരന്തരം പ്രവൎത്തിക്കുന്ന ഐക്യരാഷ്ട്രസംഘടന അതിൻെറ പത്താം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ നമുക്കു മംഗളമാശംസിക്കാം.

## റഷ്യയിലെ ജീവിതത്തോതു്

റഷ്യയിലെ ജീവിതത്തോതു മററു യൂറോപ്യൻ രാജ്യങ്ങളിലേക്കാൾ വളരെ താഴെയാണെന്നു റഷ്യൻ ട്രേഡ്‌യൂണിയൻ ഫെഡറേഷൻ സമ്മേളനത്തിനുപോയി മടങ്ങിവന്ന മി. സി. സി. അന്തോണിപ്പിള്ള പറഞ്ഞിരിക്കുന്നു. റഷ്യയിലെ തൊഴിലാളികൾ കൂട്ടമായി വിലപേശുകയോ തൊഴിലാളികളെ ആവശ്യങ്ങൾക്കു പിന്നിൽ അണിനിരത്തുകയോ ചെയ്യുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

# കമ്മ്യൂണിസ്റ്റ് നിയമസംഹിതയെ

## ലോകനിയമജ്ഞന്മാർ പഴിക്കുന്നു

തൊഴിൽ, ക്രിമിനൽനടപടികൾ, സിവിൽ സാമ്പത്തികനിയമങ്ങൾ എന്നീ തുറകളിൽ ക്രമീകൃതമായ അനീതികൾ കാട്ടുന്ന കമ്മ്യൂണിസ്റ്റു് "ജനകീയ ഡെമോക്രസി"കളെ 49 രാജ്യങ്ങളിലെ പ്രാമാണികരായ നിയമജ്ഞന്മാർ കഠിനമായി അപലപിച്ചിരിക്കുന്നു.

ഏതൻസിൽ കൂടിയ സാൎവ്വദേശീയനിയമജ്ഞ കോൺഗ്രസ്സിൻെറ അവസാനത്തിൽ നിയമപണ്ഡിതന്മാർ എഴുതിയുണ്ടാക്കിയ "ആക്ററു് ഓഫ് ഏതൻസ്" എന്ന പ്രഖ്യാപനത്തിൽ "രാഷ്ട്രം നിയമത്തിനു് വിധേയമാണെ"ന്ന തത്വം ഊന്നിപ്പറഞ്ഞിരിക്കുന്നു. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മനുഷ്യാവകാശങ്ങളുടെ എല്ലാവിധ ലംഘനങ്ങളും വെളിച്ചത്തു കൊണ്ടുവരുന്നതിനും പ്രസ്തുത പ്രഖ്യാപനം ലോകത്തിലെ ഗവമ്മെൻറുകളോടും ജഡ്ജിമാരോടും അഭിഭാഷകന്മാരോടും ആവശ്യപ്പെടുന്നുണ്ടു്. ഇരുമ്പുമറ രാജ്യങ്ങളിലെ ക്രിമിനൽ കോടതികൾ "നിയമവിരുദ്ധമായ ഭരണനടപടികൾക്കു് മൂടുപടമായി ഉപയോഗിക്കപ്പെടുന്നു" എന്നും ആ വക നടപടികളെ, നീതിന്യായപരിപാലനത്തിൻെറ ബാഹ്യരൂപം നൽകി സാധൂകരിക്കുന്നു എന്നും കോൺഗ്രസ്സു് അംഗീകരിച്ച ഒരു പ്രമേയത്തിൽ പറയുന്നു. കോൺഗ്രസ്സു് പാസ്സാക്കിയ മറെറാരു പ്രമേയം, കമ്മ്യൂണിസ്റ്റു് തൊഴിലാളിയൂണിയൻ സമ്പ്രദായങ്ങളെ അപലപിക്കുന്നു. 'തൊഴിലാളിക്കു പണിമുടക്കാനും കൂലി നിശ്ചയിക്കാൻ കൂട്ടമായി വിലപേശാനുമുള്ള അവകാശം അംഗീകരിക്കണമെന്നും തൊഴിലാളികൾക്കു നീതിലഭിക്കത്തക്ക മററു ചുററുപാടുകൾ ഉണ്ടാക്കിക്കൊടുക്കണമെന്നും പ്രമേയം നിൎബന്ധിക്കുന്നു.

ഇരുമ്പുമറ രാജ്യങ്ങളിലെ തൊഴിൽ സമ്പ്രദായങ്ങൾ, ഐക്യരാഷ്ട്രങ്ങളുടെ സാൎവ്വജനീന മനുഷ്യാവകാശ പ്രഖ്യാപനത്തിനു വിപരീതവും താഴെ പറയുന്ന കുററങ്ങളോടുകൂടിയതുമാണെന്നു പ്രമേയത്തിൽ പറഞ്ഞിരിക്കുന്നു.

1. ട്രേഡ് യൂണിയനുകൾ കമ്മ്യൂണിസ്റ്റു് രാഷ്ട്രത്തിൻെറ നയോപകരണങ്ങളായി ഉപയോഗിക്കപ്പെടുന്നു.

2. രാഷ്ട്രത്തിൻെറ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമെന്നു് തോന്നുന്ന ഏതുവിധത്തിലും കമ്മ്യൂണിസ്റ്റു് ഗവമ്മെൻറുകൾ ആൾശക്തി ഉപയോഗിക്കുന്നു.

3. കൂടുതൽ ചെയ്യുന്ന ജോലിക്കു് തക്ക പ്രത്യേകപ്രതിഫലം കൊടുക്കാതെയും, തൊഴിലാളികളുടെ ആരോഗ്യക്ഷേമങ്ങൾക്കു് ഹാനികരമായ വിധത്തിലും സ്റ്റേററു് ഇഷ്ടംപോലെ നിശ്ചയിക്കുന്നത്ര ജോലി ചെയ്തുതീൎക്കാൻ തൊഴിലാളികളോടാവശ്യപ്പെടുന്നു.

4. തൊഴിൽ അച്ചടക്ക ലംഘനങ്ങൾക്കു് നൽകുന്ന ശിക്ഷകൾ, ആരോപിക്കപ്പെടുന്ന കുററങ്ങൾക്കു് ആനുപാതികമല്ല.

സ്വതന്ത്രലോകം മനസ്സിലാക്കുന്ന വിധത്തിലുള്ള ട്രേഡ് യൂണിയനുകൾ കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളിൽ ഇല്ലെന്നു നിയമജ്ഞന്മാർ അഭിപ്രായപ്പെടുകയുണ്ടായി.

കോൺഗ്രസ്സിൻെറ സാമ്പത്തിക സിവിൽനിയമക്കമ്മിററിയുടെ പ്രമേയവും കോൺഗ്രസ്സു് അംഗീകരിച്ചു. ഈ പ്രമേയം സോവ്യററു് ലോകത്തിൽ സ്വകാൎയ്യസ്വത്തുക്കൾ കണ്ടുകെട്ടുന്നതിനേയും, കർഷകരെ സഹകരണസംഘങ്ങളിൽ ചേരാൻ നിർബന്ധിക്കുന്നതിനു് ഹീനനടപടികൾ നടത്തുന്നതിനേയും വിവാഹത്തിലും കുടുംബത്തിലും കമ്മ്യൂണിസ്റ്റുകൾ കൈകടത്തുന്നതിനേയും അധിക്ഷേപിക്കുന്നു.

—ം—

## ഇടവകവാൎത്തകൾ

**കോട്ടപ്പടി:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയ സഖ്യത്തിൻെറ വാർഷികസമ്മേളനം ജൂൺ 19-ാംനു- ഞായറാഴ്ച 4 മണിക്കു് സ്കൂൾഹാളിൽ വച്ചു് വെരി റവ. ഫാദർ ജേക്കബ്ബ് ആളൂർ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. തദവസരത്തിൽ Mr. റാഫേൽ K. തോമസ് B. A., L. T. പ്രസംഗിച്ചു. യോഗാനന്തരം സഖ്യാംഗങ്ങളാൽ "കള്ളസന്യാസി" എന്ന സാമുദായിക ഗദ്യനാടകം അഭിനയിക്കപ്പെട്ടു.

**ഭരണങ്ങാനം:** ഭരണങ്ങാനം, പ്രവിത്താനം, അമ്പാറനിരപ്പേൽ, താണോലി, കിഴപറയാർ, പൂവത്തോടു്, ഇടമററം എന്നീ ശാഖകൾ ഉൾപ്പെട്ട അഖില കേരള കത്തോലിക്കാകോൺഗ്രസ്സു് ഭരണങ്ങാനം യൂണിയൻ കമ്മററിയുടെ യോഗം ജൂൺ 19-ാംനു- ശ്രീ എം. സി. ഇട്ടിയവിരാ ബി. എ. എൽ. ററി. യുടെ അദ്ധ്യക്ഷതയിൽ കൂടി. യൂണിയൻ പ്രസിഡണ്ടായി ശ്രീ ററി. സി. ജോസഫ് ബി. എ. ബിഎൽ. എക്സ് എം. എൽ. സിയേയും സെക്രട്ടറിയായി ശ്രീ പി. എം. മാത്യു പനയ്ക്കകുഴിയേയും ഖജാൻജിയായി ശ്രീ തോമസ് മാത്യു കൊട്ടാരത്തുംകുഴിയേയും തെരഞ്ഞെടുത്തു.

**ഞാറക്കൽ:** പെരുമ്പിള്ളി പള്ളിയിൽ ഈശോയുടെ തിരുഹൃദയത്തിൻെറ കൊമ്പ്രൎത്തിരുനാൾ ജൂൺ 16-ാംനു- ആരംഭിച്ചു 19-ാംനു- അവസാനിച്ചിരിക്കുന്നു. പ്രസുദേന്തി മി. പീററർ ഡിക്രൂഞ്ഞയുടെ നേതൃത്വത്തിൽ തിരുനാൾ പൂൎവ്വാധികം മോടിയായിട്ടാണു് നടത്തിയതു്. റവ. ഫാദർ പീററർ വടശ്ശേരി എം. എ. ആയിരുന്നു തിരുനാൾപ്രസംഗം നിൎവ്വഹിച്ചതു്.

## വിവാഹവാൎത്ത

**മാമ്മൂടു്:** ഈ പള്ളി ഇടവക പാലാക്കുന്നേൽ ശ്രീ സേവ്യറിൻെറ സീമന്തപുത്രി കുമാരി ലില്ലിക്കുട്ടിയും നെടുങ്കുന്നം പള്ളി ഇടവക ഇടയാട്ടിൽ ശ്രീ ചാക്കോച്ചൻെറ സീമന്തപുത്രൻ ഇ. സി. മൈക്കിളും (കുഞ്ഞച്ചനും) തമ്മിലുള്ള വിവാഹം ജൂൺ 16-ാംനു- സമംഗളം നടത്തപ്പെട്ടിരിക്കുന്നു.

## ചരമവാൎത്ത

**ചേർത്തല:** മുട്ടത്തുപള്ളിയിടവക ഞാറയ്ക്കാവേലിൽ ജോസഫ് ജോസഫ് (പാപ്പച്ചൻ) ജൂൺ 19-ാംതീയതി ഞായറാഴ്ച 39-ാമത്തെ വയസ്സിൽ കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറ ദിവസം പകൽ 11 മണിക്കു് സംസ്കാരകൎമ്മം യഥാവിധി നടത്തപ്പെട്ടു. വീട്ടിൽവച്ചു് റവ. ഫാ. കുരിയാക്കോസ് മാഞ്ഞാലി ചരമപ്രസംഗം നടത്തി.

R. I. P.

വിമർശനവീഥി

# കമ്മ്യൂണിസത്തിന്റെ ഭൗതികവാദം

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

കമ്മ്യൂണിസ്റ്റ്തത്വശാസ്ത്രം ഭൗതികവാദത്തിൽ അടിയുറച്ചതാണെന്നും അതിൽ ആദ്ധ്യാത്മികമായ യാതൊന്നിനും സ്ഥാനമില്ലെന്നും നാം കണ്ടു. ദൈവമില്ലെന്നു പറയുന്നതുപോലെ മനുഷ്യനിൽ ഒരാത്മാവില്ലെന്നും കമ്മ്യൂണിസം പഠിപ്പിക്കുന്നു. ആത്മാവില്ലാത്തതിനാൽ മനുഷ്യൻ മൃഗങ്ങളെപ്പോലെ മരണത്തോടുകൂടി നശിക്കുന്നു. അതിനാൽ മരണശേഷം നിത്യമായ ഒരു പരലോകജീവിതം മനുഷ്യനില്ല.

മാർക്സിന്റെ അഭിപ്രായത്തിൽ മനുഷ്യൻ ആശയോല്പാദനശക്തിയുള്ള ഒരു മൃഗമാണു്. മൃഗങ്ങൾ അവയുടെ സ്വന്തശക്തിയാൽ ആശയോല്പാദനവേലകൾ ശരിയായി നടത്തിക്കൊണ്ടുപോകുന്നില്ല, മനുഷ്യനോ അപ്രകാരം ചെയ്യുന്നു ഈയൊരു വ്യത്യാസമേ മനുഷ്യനും മൃഗവും തമ്മിലുള്ളു. മാർക്സ് ഡാർവിന്റെ പരിണാമവാദത്തോടു യോജിക്കുന്നു. എന്നാൽ മാർക്സിന്റെ പരിണാമവാദം കേവലം ഭൗതികവാദത്തിൽ അടിയുറച്ചതാണു്. ആദിയിൽ പദാർത്ഥം മാത്രമേയുണ്ടായിരുന്നുള്ളു. പദാർത്ഥം അതിന്റെ ക്രമീകൃതമായ ചലനംഹേതുവാൽ ഭിന്നഭിന്ന രൂപങ്ങൾ പ്രാപിക്കുന്നു. ഇപ്രകാരം പദാർത്ഥം പല ശതാബ്ദങ്ങൾക്കുശേഷം ജീവനുള്ളതായിത്തീരുന്നു. ആദ്യം സസ്യജീവിതമായിരുന്നു ലോകത്തിലുണ്ടായതു്. അതു ക്രമേണ പുരോഗമിച്ചു് മൃഗജീവിതമായി. മൃഗത്തിൽനിന്നു മനുഷ്യനുത്ഭവിച്ചു. മനുഷ്യനിൽ, മാർക്സിന്റെ അഭിപ്രായപ്രകാരം പദാർത്ഥം അതിന്റെ പരിപൂർണ്ണതയെ പ്രാപിച്ചിട്ടുണ്ടു്.

പരിണാമവാദം ഒരുകാലത്തു പല പണ്ഡിതന്മാരേയും ആകർഷിച്ചെങ്കിലും ഇന്നതു ശാസ്ത്രീയലോകത്തുനിന്നും തിരോഭവിച്ചുകൊണ്ടിരിക്കുകയാണു്. ഏതായാലും ഈ വാദം മനുഷ്യന്റെ ഉല്പത്തിക്കുള്ള ശരിയായ വിശദീകരണം തന്നാൽ അതു സ്വീകരിക്കുന്നതിനു നമുക്കു വിഷമമില്ല. പരിണാമവാദപ്രകാരം മനുഷ്യൻ കുരങ്ങിൽനിന്നുവന്നു. എന്നാൽ മനുഷ്യനും കുരങ്ങും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ടു്. മനുഷ്യനു് ബുദ്ധിശക്തിയുള്ളപ്പോൾ കുരങ്ങിനു് ആവക ശക്തികളൊന്നുമില്ല. മനുഷ്യനു് കുരങ്ങിനില്ലാത്ത ഒരാത്മാവുണ്ടു്. അതിനാൽ ഈ ആത്മാവു് കുരങ്ങിൽനിന്നു വരികയെന്നതു് അസാദ്ധ്യമാണു്. എന്തുകൊണ്ടെന്നാൽ ഒരുവനു തനിക്കില്ലാത്ത ഒരു ഗുണം മറ്റൊരാൾക്കു കൊടുക്കുവാൻ സാധിക്കുകയില്ല. ഉദാഹരണമായി എന്റെ കൈയിൽ പണമൊന്നുമില്ലെങ്കിൽ വേറൊരാൾക്കു പണം കടമായോ, ദാനമായോ കൊടുക്കുവാൻ എനിക്കു സാധിക്കുകയില്ല. ഇതിൽനിന്നെല്ലാം തെളിയുന്നതു് മനുഷ്യന്റെ ശരീരം കുരങ്ങിൽനിന്നു വരാം, എന്നാൽ ആത്മാവു് കുരങ്ങിൽനിന്നൊരിക്കലും വരികയില്ലെന്നാണു്. ഈ ആത്മാവിന്റെ കാരണക്കാരൻ ദൈവം മാത്രമാണു്. ഓരോ മനുഷ്യാത്മാവിനേയും ദൈവം സൃഷ്ടിച്ചു് ശരീരത്തിനു ജീവൻ കൊടുക്കുന്നു. പരിണാമവാദം നാം സ്വീകരിക്കുകയാണെങ്കിൽ അതിലുള്ള ഓരോ ജീവിതദശയും ദൈവതിരുമനസ്സനുസരിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നും നാം സമ്മതിക്കേണ്ടിവരും. ഈ സത്യം ഡാർവീനിയൻശാസ്ത്രം കണ്ടുപിടിക്കുന്നതിൽ ഒരു പ്രധാനസ്ഥാനം വഹിച്ച എ. ആർ. വാല്ലസ് (A. R. Wallace) നേരത്തെതന്നെ എടുത്തുപറഞ്ഞിട്ടുണ്ടു്. അദ്ദേഹം പറയുന്നതു് സൃഷ്ടികളുടെ പരിണാമപരമായ പുരോഗമനത്തിൽ ചുരുങ്ങിയതു് മൂന്നു പ്രാവശ്യമെങ്കിലും ഒരു ബാഹ്യശക്തിയുടെ പ്രവർത്തനം ശരിയായി ദർശിക്കാമെന്നാണു്. ഈ മൂന്നു പ്രവൃത്തികളിൽ ആദ്യത്തേതു് പദാർത്ഥം സസ്യജീവിതമായി മാറുന്നതിലും രണ്ടാമത്തേതു സസ്യജീവിതം മൃഗജീവിതമായി മാറുന്നതിലും മൂന്നാമത്തേതു് മൃഗജീവിതം മനുഷ്യജീവിതമായി മാറുന്നതിലുമാണു്. "നിർജ്ജീവമായ പദാർത്ഥം ഈ വ്യത്യസ്തമായ മൂന്നുദശകളിലൂടെ പുരോഗമിച്ചിട്ടുണ്ടെങ്കിൽ അതു തീർച്ചയായും പദാർത്ഥത്തിനും ലോകത്തിനും ഉപരിയായി ഒരാദ്ധ്യാത്മികലോകമുണ്ടെന്നു വ്യക്തമായി നമ്മെ ചൂണ്ടിക്കാണിക്കുന്നു."

ദൈവത്തെ നമുക്കു കാണുവാൻ സാധിക്കാത്തതുപോലെ ആത്മാവിനേയും നമുക്കു കാണുവാൻ സാധിക്കുന്നില്ല. നമ്മുടെ ആത്മാവിന്റെ ആസ്തിക്യം നാം അറിയുന്നതു അതു നിർവ്വഹിക്കുന്ന ജോലികളിൽനിന്നാണു്. ആദ്ധ്യാത്മികമായ ഒരു വസ്തുമാത്രം ചെയ്യുന്ന പല ജോലികളും നാം ചെയ്യുന്നുണ്ടു്. ഉദാഹരണമായി നമ്മുടെ പഠനഫലമായി പല ആശയങ്ങളും നാം സമ്പാദിച്ചിട്ടുണ്ടു്. ഇതിൽ "മനുഷ്യൻ" എന്നൊരാശയം എടുത്തു് അല്പം പരിശോധിക്കാം. ഈ ആശയം സ്ഥലകാലഭേദമെന്യേ എല്ലാ മനുഷ്യരേയും കുറിക്കുന്നു. ശതാബ്ദങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന സോക്രട്ടീസ് ഒരു മനുഷ്യനായിരുന്നു; ഇന്നു ജീവിക്കുന്ന നെഹ്റു ഒരു മനുഷ്യനാണു്, ലോകത്തിൽ പിറക്കുന്ന കുട്ടികളെല്ലാം മനുഷ്യരായിരിക്കും. ഈ ആശയം ലോകത്തിലുള്ള എല്ലാ മനുഷ്യരേയും കുറിക്കുന്നതിനാൽ അതു നമ്മുടെ ബാഹ്യഅവയവങ്ങളാൽ രൂപീകൃതമായതല്ല. നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്കു ഒരു പ്രത്യേകമനുഷ്യന്റെ പടം മാത്രമേ രൂപീകരിക്കുവാൻ സാധിക്കുകയുള്ളു. ഉദാഹരണമായി നാം നെഹ്റുവിനെ കണ്ടാൽ നമ്മുടെ ദൃഷ്ടികൾ നെഹ്റുവിന്റെ ഒരു പടം രൂപീകരിക്കുന്നു. ഈ പടം നെഹ്റുവിനെ അല്ലാതെ വേറെ ആരേയും കുറിക്കുന്നില്ല. അതിനാൽ ബാഹ്യേന്ദ്രിയങ്ങളാൽ രൂപീകൃതമാകുന്ന പടങ്ങൾ സ്ഥലം, കാലം, വ്യക്തി മുതലായവയ്ക്കു് അടിമപ്പെട്ടിരിക്കും. എന്നാൽ "മനുഷ്യൻ" എന്ന ആശയം അങ്ങനെയല്ല. അതു സ്ഥലം, കാലം, വ്യക്തി മുതലായവകളാൽ പരിമിതമാകാതെ അവയെല്ലാം ഉപരിയായി നില്ക്കുന്നു. ഈവക ആശയങ്ങൾ ഒരാദ്ധ്യാത്മികാവയവത്തിനു മാത്രമേ രൂപീകരിക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യമനസ്സിൽ ഇപ്രകാരമുള്ള പല ആശയങ്ങൾ ഉള്ളതുകൊണ്ടു് മനുഷ്യനു് ഒരാദ്ധ്യാത്മികാവയവമുണ്ടായിരിക്കണം. നമുക്കുള്ള ഈ അവയവത്തെ അല്ലെങ്കിൽ ആദ്ധ്യാത്മികശക്തിയെ നാം ബുദ്ധിയെന്നു വിളിക്കുന്നു. ബുദ്ധി മനുഷ്യാത്മാവിന്റെ ഒരവയവമാണു്. അതിനാൽ ബുദ്ധി ആദ്ധ്യാത്മികമായിരിക്കുന്നതുപോലെ മനുഷ്യാത്മാവും ആദ്ധ്യാത്മികമായിരിക്കുന്നു.

ഇതുപോലെതന്നെ ന്യായാന്യായവാദം ചെയ്യുമ്പോഴും, വിവിധസംഗതികളെ താരതമ്യം ചെയ്തു് വിധി കല്പിക്കുമ്പോഴും, ആലോചനയിൽ മുഴുകിയിരിക്കുമ്പോഴും, നാം മൃഗങ്ങൾക്കില്ലാത്ത ഒരവയവത്തെ ഉപയോഗിക്കുകയാണു് ചെയ്യുന്നതു്. പൂർണ്ണമായും ആദ്ധ്യാത്മികമായ ഈ അവയവം നമ്മുടെ ആത്മാവിന്റെ ആസ്തിക്യത്തെ വ്യക്തമായി എടുത്തു കാണിക്കുന്നു.

മരണമില്ലാത്ത ഒരാത്മാവു് തങ്ങൾക്കുണ്ടെന്നു് അതിപുരാതനകാലം മുതൽ മനുഷ്യർ വിശ്വസിച്ചു് അതനുസരിച്ചു പ്രവർത്തിച്ചുവന്നിരുന്നു. ശരീരത്തിന്റെ മരണശേഷം ഈ ആത്മാവു് മനുഷ്യന്റെ പ്രവൃത്തികളുടെ ഫലമനുഭവിക്കുവാൻ ഒന്നുകിൽ സൗഭാഗ്യപ്രദമായ മോക്ഷത്തിലേക്കോ അല്ലെങ്കിൽ ദുരിതം നിറഞ്ഞ നരകത്തിലേക്കോ പോകുമെന്നും അവർ വിശ്വസിച്ചിരുന്നു. അതിനാൽ സന്മാർഗ്ഗനിയമങ്ങളനുസരിച്ചു് ഒരു നല്ല ജീവിതം നയിച്ചു് ദൈവത്തെ പ്രീതിപ്പെടുത്തുന്നതിൽ അവർ ഉൽസുകരായിരുന്നു. ഈ സംഗതി പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സിസറോ തുടങ്ങിയ പുരാതനതത്വശാസ്ത്രജ്ഞന്മാരുടെ പുസ്തകങ്ങളിൽ തെളിവായി കാണാം.

മരണം മനുഷ്യനെപ്പോഴും വെറുക്കുന്നു. ശാശ്വതമായ ഒരു ജീവിതം അവനാഗ്രഹിക്കുന്നു. ഈ ആഗ്രഹത്തിന്റെ അടിസ്ഥാനം നമ്മുടെ ആത്മാവാണു്. എന്തുകൊണ്ടെന്നാൽ ആത്മാവു് ആദ്ധ്യാത്മികമായതുകൊണ്ടു് അതൊരിക്കലും മരിക്കുകയില്ല. കമ്മ്യൂണിസ്റ്റ്കാരനായിരുന്ന ബോൻക്കണിൻ (Bonkhanin) ഒരിക്കൽ നിരാശാഭരിതനായി പറയുകയുണ്ടായി: "മനുഷ്യാത്മാവിനു മരണമില്ലെന്നു് ഉടൻ നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഒരിക്കൽ നാം മരിച്ചുപോകുമെങ്കിൽ നാം ഇപ്പോൾ ചെയ്യുന്ന സകല പ്രവൃത്തികൾക്കും യാതൊരർത്ഥവുമില്ല; നമ്മുടെ വിപ്ലവപരിപാടിയും കമ്മ്യൂണിസവുമെല്ലാം വൃഥായാണു്." ഇപ്രകാരം ഈ കമ്മ്യൂണിസ്റ്റ്കാരൻ തന്നെ സമ്മതിക്കുന്നു, മരണമില്ലാത്ത ഒരാത്മാവില്ലെങ്കിൽ അവർ ചെയ്യുന്ന പ്രവൃത്തികൾക്കു് യാതൊരർത്ഥവുമില്ലെന്നു്. ഇതു് വാസ്തവവുമാണു്. നമ്മുടെ ജീവിതം ശരീരത്തിന്റെ മരണത്തോടുകൂടി അവസാനിക്കുന്നെങ്കിൽ എന്തിനു നാം മററുള്ളവരെ ഓർത്തു് ഇത്രമാത്രം ബുദ്ധിമുട്ടണം? മററുള്ളവരുടെ സുഖമോ ദുഃഖമോ നന്മയോ തിന്മയോ യാതൊന്നുമന്വേഷിക്കാതെ മൃഗങ്ങളെപ്പോലെ ജീവിക്കേണ്ട ആവശ്യമേ നമുക്കുണ്ടായിരിക്കുകയുള്ളു. തനിക്കു വേണ്ടവ എങ്ങനെയെങ്കിലും സമ്പാദിച്ചു് തിന്നണം, സുഖിക്കണം—ഈ ചിന്തകളേ ആത്മാവില്ലാത്ത പ്രാണികൾക്കുണ്ടാവുകയുള്ളു. എന്നാൽ കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽനിന്നു് ലഭിക്കുന്ന ഈ അനുമാനം കമ്മ്യൂണിസ്റ്റ്കാർ സ്വീകരിക്കുകയില്ല. ഇപ്രകാരം ചിലപ്പോൾ തങ്ങളുടെ തത്വങ്ങൾക്കു നേർവിരുദ്ധമായി പ്രസംഗിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കമ്മ്യൂണിസ്റ്റ്കാർ മടിക്കുന്നില്ല. ചുരുക്കത്തിൽ തൊഴിലാളികളുടെ ദുരവസ്ഥ പരിഹരിച്ചു് ഒരു പുതിയസമുദായം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങളാൽ കമ്മ്യൂണിസ്റ്റ്കാർ കമ്മ്യൂണിസത്തെത്തന്നെ ഖണ്ഡിക്കുകയാണു് ചെയ്യുന്നതു്!

## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താലും വി. പത്താം പീയൂസിന്റെ മദ്ധ്യസ്ഥതയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

സി. ടി. ലൂസി, തൃശ്ശൂർ.

# പുസ്തകാഭിപ്രായം

## "കുടുംബത്തിൽ"

(ഗ്രന്ഥകർത്താ: ഫാ. ജോൺ ഫ്രാൻസിസ് ഒ. സി. ഡി. എം. പേജ് 82. വില 8ണ. ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ.)

സാമൂഹിക സംവിധാനത്തിൽ കുടുംബത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നു് ആരും സമ്മതിക്കും. അതുകൊണ്ടാണു് സാമൂഹികചിന്തകരും സമുദായപരിഷ്കർത്താക്കളും കുടുംബത്തെ കുഴൽക്കണ്ണാടിയിലൂടെയെന്നോണം സൂക്ഷ്മമായി അപഗ്രഥിച്ചു് അടുക്കിഒതുക്കുവാൻ പരിശ്രമിക്കുന്നതു്. പലരും പല വഴിക്കു ശ്രമിക്കുന്നുവെന്നേയുള്ളു ചിലർ സാമ്പത്തിക പുനഃസംവിധാനത്തിലൂടെ; മററു ചിലർ ഭരണഘടനാവ്യതിയാനത്തിലൂടെ. കുടുംബസുസ്ഥിതിയുടെ അടിസ്ഥാനമായ ആദ്ധ്യാത്മികതയുടെ വെളിച്ചത്തിൽ ഗാർഹികജീവിതത്തെ പൊളിച്ചടുക്കാൻ ശ്രമിക്കുന്നവർ നന്നേ ചുരുങ്ങും. ഫാ. ജോൺ ഫ്രാൻസിസ് ഈ വഴിക്കു ശ്രമിക്കുന്ന ഒരാളാണെന്നു് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പ്രസ്പഷ്ടമാക്കുന്നുണ്ടു്. "കുടുംബറാണിക്കു" രൂപം കൊടുത്ത തൂലികതന്നെയാണു് "കുടുംബത്തിലും" വിഹരിക്കുന്നതെന്നു പറഞ്ഞാൽ പിന്നെ ഈ പുസ്തകത്തിന്റെ മേന്മയെക്കുറിച്ചു് അധികം പറയേണ്ടതില്ല. കുടുംബനായകൻ തന്നെയാണു് "കുടുംബത്തി"ലെ നായകൻ. വിവാഹത്തിനു മുമ്പും വിവാഹാവസരത്തിലും വിവാഹത്തിനു ശേഷവും അയാൾക്കു പ്രചോദനമരുളേണ്ട ആദ്ധ്യാത്മികമൂല്യങ്ങളെ മനഃശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും യുക്തിയുടേയും ടോർച്ചടിച്ചു തെളിച്ചുകാട്ടുവാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ടു്. സാഹിത്യസുന്ദരമായ ഭാഷയിൽ ഏററം ആകർഷകമായി അവയെ ആവിഷ്കരിക്കുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് എടുത്തു പറയേണ്ട ഒരു കാര്യമാണു്. എത്രമുരടിച്ച ആശയവും ശബളവും മധുരവുമായ രീതിയിൽ അവതരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവു് അഭിനന്ദനാർഹം തന്നെ. "പാതിരിസാഹിത്യ"ത്തിന്റെ മണ്ഡലത്തിൽ ഇങ്ങനെ ചില നവോത്ഥാനങ്ങൾ ആരചിക്കുവാൻ ഫാ. ജോൺ ഫ്രാൻസിസിനെപ്പോലുള്ളവർ മുന്നോട്ടു വരണം.

ഗ്രന്ഥകർത്താവിനോടു ഒരപേക്ഷയുണ്ടു്: അദ്ദേഹം ഇപ്പോൾ നില്ക്കുന്നിടത്തുതന്നെ നിന്നുകളയരുതെന്നു നാമങ്ങളേയും വിശേഷണങ്ങളേയും മററും ആവുന്നത്ര "ബാലൻസ്" ചെയ്യിക്കുക; ഉപമകളെ കഴിയുന്നതും പൊരുത്തപ്പെടുത്തുക; വാചകങ്ങളെയും ഖണ്ഡികകളേയും ഒന്നോടൊന്നു കൊള്ളിച്ചു നിറുത്തുക തുടങ്ങി രൂപത്തേയും ഭാവത്തേയും സംബന്ധിക്കുന്ന ചില കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിക്കുന്നതു് നന്നായിരിക്കും. "പരിഷ്കാരഭ്രാന്തും ലൈംഗികസുഖത്തിലുള്ള…… ആസക്തിയും കുടുംബാന്തരീക്ഷത്തെ മലീമസമാക്കുക"; "പ്രേമാനന്ദം പുറപ്പെടുവിക്കുന്ന രമണീയപുഷ്പങ്ങളാണു് ശിശുക്കൾ" എന്നെല്ലാമുള്ള പ്രയോഗങ്ങൾ ഒന്നുകൂടി ചിന്തേരിട്ടു ശരിപ്പെടുത്തിയിരുന്നെങ്കിൽ അതീവസുന്ദരങ്ങളാകുമായിരുന്നു. വാചകങ്ങളുടെ കെട്ടുറപ്പു് നാലാം പേജ് മുതലങ്ങോട്ടു പലയിടത്തും തകർന്നിട്ടുണ്ടു്; ഗ്രന്ഥകർത്താവു് കൃതഹസ്തനായ ഒരെഴുത്തുകാരനായി ഉയരുന്നു കാണുവാനുള്ള ആഗ്രഹംകൊണ്ടു് ഇത്രയും പറഞ്ഞെന്നേയുള്ളു. വ്യക്തവും സുന്ദരവും ശബളവുമായ രീതിയിൽ ആശയപ്രകാശനം ചെയ്യുവാൻ അദ്ദേഹത്തിനുള്ള അസൂയാവഹമായ കഴിവു് ഈ പുസ്തകത്തിന്റെ ഓരോ പുറത്തും തെളിഞ്ഞുനില്പുണ്ടെന്ന വസ്തുത ഇവിടെ മാച്ചുവയ്ക്കുന്നില്ല.

(എസ്. ജെ. എം.)

—o—

ഓർഡറുകൾ:- പുതിയപള്ളികൾ പണിയുമ്പോൾ അൾത്താരയിലെ തിരിക്കാലുകൾ, പൂപാത്രങ്ങൾ, ക്രോഞ്ചികൾ മുതലായ ഓട്ടുകൊണ്ടുള്ള ഫ്ളാസ്റ്റിക്കുകൾക്കും ഞങ്ങളെ ഏല്പിക്കുക. വിലകൾ കുറവുമാണ്.

സക്രാരി സിംഹാസനം

മുതലായ ഞങ്ങളുടെ പണികൾ ഒരിക്കൽ കാണുന്നതിനിടയായിട്ടുള്ളവർ വാങ്ങാതിരുന്നിട്ടില്ല. മുഖ്യകാരണം പവൻനിറംതന്നെ.

കൊട്ടപ്പുഴനിന്നു് P. O. Muttom

From Fr. Jacob Thevarpadam,
Vicar, Thalayanad Lourdes. Thalayanad 10-4-55

To A. N. T. Joseph

Mr A. N. T. Joseph of Valapad supplied me with a Throne for our Lourdes church, Thalayanad-the construction of it is good and artistic. The golden colour & the artistic finish on the whole are quite pleasing. (Sd.)

ഇതാ:- ചങ്ങനാശ്ശേരി രൂപതയിലെ ഇടവക പള്ളിയിലേക്കും സക്രാരി, സിംഹാസനം, തിരിക്കാലുകൾ മുതലായ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

അന്വേഷിക്കുക:—

A. N. T. Joseph, Metal Works, Valapad

# തറവാട്ടുകാരി

(11-ാംപേജ് തുടർച്ച)

നെ വരുത്തി ചികിത്സിപ്പിക്കാനാണ് കുഞ്ഞച്ചൻെറ ആഗ്രഹം. അമ്മയ്ക്കാണെങ്കിൽ നാട്ടുവൈദ്യന്മാരെ അത്രപിടിത്തവുമല്ല. ശുദ്ധഹൃദയനായ കുഞ്ഞച്ചൻ, ദുർവ്വിധിയുടെ പെട്ടെന്നുണ്ടായ ഈ ആഘാതമേററ്, ഏററവും വിഷമസ്ഥിതിയിലായി. അമ്മയുടെ നിർബ്ബന്ധംമൂലം അടുത്തുള്ള ആശുപത്രിയിൽ അവരെ എത്തിച്ചു കുഞ്ഞച്ചൻ പണത്തെക്കാൾ പ്രാധാന്യം തൻെറ മാതാവിൻെറ ജീവനുനൽകിവേണ്ടതുചെയ്തു. ആററിയെട്ടുരൂപയുടെ കടബാദ്ധ്യതകൂടെ നോട്ടിൽ സ്ഥലം പിടിച്ചപ്പോൾ മാമ്മിച്ചേട്ടത്തിയുടെ രോഗം ഭേദപ്പെട്ട് അവർ തിരിയെ വീട്ടിലെത്തി.

തൻെറ ചിരകാലപ്രതീക്ഷകൾ സഫലമാക്കുവാനുള്ള സുദിനവും കാത്തിരിക്കുകയായിരുന്നു ചാക്കോച്ചൻ, പശിയേറിയ ഒരു വ്യാഘ്രത്തെപ്പോലെ. ഒരു ദിവസം കുഞ്ഞച്ചനെ വരുത്തിപ്പറയുകയാണ്:-

"എഴുതിത്തന്ന നോട്ടിലെ വ്യവസ്ഥകൾ നിനക്കറിയാമല്ലോ. വസ്തു ഈടുവെച്ചിട്ടുണ്ടെങ്കിലും അതിൻെറ വിലയേക്കാൾ കൂടുതൽ പണം എനിക്കു വരുവാനുണ്ട്. പലിശയുൾപ്പെടെ അറുനൂറോളമായി. ഒന്നുകിൽ പണം തരണം. അല്ലാത്തപക്ഷം ഞാൻ വ്യവഹാരത്തിനൊരുങ്ങുകയാണ്."

കുഞ്ഞ:- "ഏതായാലും വ്യവഹാരത്തിനൊരുങ്ങരുത്. എനിക്കതിനു നിവൃത്തിയില്ല. അമ്മയെക്കൂടെ വിവരമറിയിച്ചിട്ട ഞാനിങ്ങോട്ടു വരാം."

ദുസ്സഹമായ ചിന്താഭാരത്തോടുകൂടിയാണ് കുഞ്ഞച്ചൻ വീട്ടിലെത്തിയത്. അവൻ വിവരമെല്ലാം അമ്മയെ ധരിപ്പിച്ചു. പുരയിടം അന്യാധീനപ്പെട്ടുപോകുന്നെങ്കിൽ, തൻെറ താവാട്ടുമഹിമയ്ക്കു വരാവുന്ന കുറവിനെപ്പററി അവർ വ്യസനിച്ചു. ഒടുവിൽ അമ്മയും മകനുംകൂടി ചിന്നമ്മയെ അവളുടെ സഹോദരൻെറ പക്കൽ പറഞ്ഞയക്കാൻ തീർച്ചപ്പെടുത്തി. ചിന്നമ്മയ്ക്കു അതിൽ പ്രതിഷേധമുണ്ടായിരുന്നു. അവൾ സഹോദരൻെറ വിവാഹശേഷം വീട്ടിൽ പോയിട്ടേയില്ല, അവരുടെ വലിപ്പം കാണണ്ടല്ലോ എന്നോർത്ത്. എങ്കിലും ഗതികേടിൻെറ പരമകാഷ്ഠ അവളെ വീട്ടിലേക്കു പറഞ്ഞയച്ചു. വിവരം അറിഞ്ഞപ്പോൾ സഹോദരൻ പറയുകയാണ്:

"കുറച്ചു രൂപയുണ്ടായിരുന്നതെല്ലാം ചെലവായിപ്പോയി. ഇനി എന്നോടു പറഞ്ഞാൽ യാതൊരു നിവൃത്തിയുമില്ല." ചിന്നമ്മ പലതും പറഞ്ഞുനോക്കി. പണപ്പെരുപ്പത്തിൻെറ മായയാൽ മൂടപ്പെട്ട അയാളുടെ കണ്ണുകൾക്ക്, സഹോദരിയുടെ ദയനീയസ്ഥിതി കാണുവാൻ കഴിഞ്ഞില്ല. നിറഞ്ഞ കണ്ണുകളോടും, തകന്ന ആശയോടും, ഒട്ടിയവയറോടുംകൂടി, തൻെറ പിഞ്ചുശിശുവിനെയും തോളിലിട്ടുകൊണ്ടുള്ള ചിന്നമ്മയുടെ ആ പടിവാതിലിറക്കത്തിൽ, അവളുടെ സ്വർഗ്ഗസ്ഥരായ മാതാപിതാക്കളെങ്കിലും കണ്ണീർവാർത്തിരിക്കണം.

ചിന്നമ്മയുടെ വരവും കാത്ത് അക്ഷമരായിരിക്കുകയായിരുന്നു അമ്മയും മകനും. വിവരമറിഞ്ഞപ്പോൾ, അന്ത്യമായി അവശേഷിച്ച അവരുടെ ആശാങ്കുരവും നിശ്ശേഷം വാടിപ്പോയി. മററു മാർഗ്ഗങ്ങൾ കാണായ്കയാൽ വസ്തു, മംഗലത്തു ചാക്കോച്ചനുതന്നെ തീർകൊടുക്കാൻ തീരുമാനിച്ചു. അടുത്തദിവസംതന്നെ അതു നടക്കുകയും ചെയ്തു. ചാക്കോച്ചൻ വസ്തു കൈവശപ്പെടുത്തി. വിവാഹവേളയിൽ മിന്നുകെട്ടുന്നതുപോലെ എല്ലാത്തെങ്ങിലും ചാക്കോച്ചൻ പൊത്തുകെട്ടിച്ചു. ഇതൊന്നും കാണാൻ ശക്തയാകാതെ മാമ്മിച്ചേട്ടത്തി വീട്ടിനുള്ളിലിരുന്നു കണ്ണീർ പൊഴിക്കുകയായിരുന്നു. കുഞ്ഞച്ചനെ വിളിച്ചു ചാക്കോച്ചൻ പറഞ്ഞു: "കുഞ്ഞച്ചാ, നിങ്ങളിവിടെ താമസിക്കുന്നതിനു വിരോധമൊന്നുമില്ല. പക്ഷെ തേങ്ങാ ഒന്നും ഇടാൻ പാടില്ല. മാമ്മിച്ചേട്ടത്തി എന്തിയേ." കുഞ്ഞച്ചൻെറ മനോവേദന അവൻെറ തൊണ്ടയിൽ തിങ്ങിക്കൂടി അവനെ മൗനാവലംബിയാക്കി. ഉണ്ടായിരുന്ന തേങ്ങയുംകൊണ്ടു ചാക്കോച്ചൻ വീട്ടിലേക്കുമടങ്ങി. രണ്ടെണ്ണം കുഞ്ഞച്ചൻെറ മുററത്തേക്കും എറിഞ്ഞുകൊടുത്തു.

കുഞ്ഞച്ചനും അമ്മയും കൂടി ഭാവിയെപ്പററി ആലോചിക്കുകയായി.

കുഞ്ഞ: "അമ്മേ, ഇവിടെ താമസിക്കുന്നതിനു വിരോധമില്ലെന്നു പറഞ്ഞു. ഞാനെന്തെങ്കിലും ജോലിചെയ്തു കൊണ്ടുവന്നു നമുക്കു കഴിഞ്ഞുകൂടാം. അല്ലാതെന്തു ചെയ്യും."

മാമ്മി: "വേണ്ട വേണ്ട; ഇന്നാള് നാത്തൂൻെറയും മററും എഴുത്തു വന്നില്ലേ നമ്മളും മലബാറിനു ചെല്ലണമെന്നും പറഞ്ഞ്. അവിടെ ചെന്ന് എങ്ങനെയും കഴിയാം. എൻെറ തറവാട്ടിൽ ആരും ഇങ്ങനെ വല്ലവൻേറം പറമ്പിൽ കെടന്നിട്ടില്ല. മാനം കെട്ടിവടെ കെടക്കുന്നതിനേക്കാൾ നല്ലതു മരിക്കുവാ."

പണ്ടേതന്നെ മാമ്മിച്ചേട്ടത്തിയുടെ നിശ്ചയത്തിനു മാററമില്ല. വഴിച്ചെലവിനെങ്കിലും പണമുണ്ടാകണ്ടെ. കുഞ്ഞച്ചൻ വിഷമിച്ചു. "മുണ്ടുമുറിസാമാനങ്ങൾ" പോലും വില്ക്കത്തക്കതൊന്നുമില്ല. ചാക്കോച്ചനെത്തന്നെ സമീപിച്ചു നോക്കി ഇരുപത്തഞ്ചു രൂപാ വാങ്ങാൻ. ചാക്കോച്ചൻ പറയുന്നത് കുഞ്ഞച്ചൻെറ പക്കൽ നിന്നും ഇനിയും പണം അങ്ങോട്ടു ചെല്ലാനുണ്ടെന്നാണ്. ഒടുവിൽ കുഞ്ഞച്ചൻെറ ദയനീയസ്ഥിതിയിൽ, ചാക്കോച്ചൻെറ രണ്ടാമത്തെ മകൻ, കോളേജിൽ പഠിക്കുന്ന രാജൻെറ മനസ്സലിഞ്ഞു. അവൻ പിതാവിനോടു ഒരുപ്രകാരത്തിൽ പതിനഞ്ചു രൂപ വാങ്ങി കുഞ്ഞച്ചനു കൊടുത്ത് അവനെ യാത്രയാക്കി.

മലബാർയാത്രയ്ക്കുള്ള ഒരുക്കമായി. കുഞ്ഞച്ചൻെറ പ്രിയപ്പെട്ട പട്ടിയായിരുന്നു "ജിമ്മി." ജിമ്മിയുടെ പുറത്തു തലോടിക്കൊണ്ട് കുഞ്ഞച്ചൻ അല്പസമയം നിന്നുപോയി. തൻെറ യജമാനൻെറ തപ്തഹൃദയം തണുപ്പിക്കുന്നതിനായിരിക്കണം ആ വിശ്വസ്തദാസൻ, തൻെറ വാലാകുന്ന വിശറി ആട്ടികൊണ്ടിരുന്നത്. നാലഞ്ചു ബാഷ്പകണങ്ങൾ ആ സ്നേഹധനൻെറ നയനങ്ങളിൽനിന്നും ജിമ്മിയുടെ കഴുത്തിലുള്ള ജടയിൽ വീണു മറഞ്ഞു. രാത്രി പത്തുമണിയോടുകൂടി ആ കുടുംബം എറണാകുളത്തിനു ബോട്ടു കയറി. അയൽവാസികളോടു യാത്ര പറയുന്നതിനു പോലും മാമ്മിച്ചേട്ടത്തിയുടെ തറവാട്ടുമഹിമ—ആ മിത്ഥ്യാഭിമാനം അവരെ അനുവദിച്ചില്ല. ജിമ്മിയുടെ, ഏകാന്തതയിലുള്ള ആ ഓലിയാനിടീൽ, അവരുടെ വിരഹത്തിലുള്ള ശോകഗാനം പോലെ ദിക്കെങ്ങും മാറെറാലികൊണ്ടു.

—ാ—

ആദ്ധ്യാത്മികവീഥി

# "ആദർശബാലൻ"

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ ആദർശബാലനെപ്പററിയുള്ള അവതാരകൻെറ അഭിപ്രായം നിങ്ങളെ ധരിപ്പിച്ചു. ഇത്തവണ അതിൻെറ രചയിതാവിൻെറ പ്രസ്താവനയിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കാമെന്നു കരുതുന്നു.

"പ്രിയ കുട്ടികളേ,

"ആദർശബാലൻ" നിങ്ങൾക്കു വേണ്ടി എഴുതിയിട്ടുള്ള ഒരു പുസ്തകമാണ്.......(ഈ പുസ്തകരചനയിൽ, എനിക്കു മാർഗ്ഗനിർദ്ദേശം ചെയ്തിട്ടുള്ളത് പ്രധാനമായി ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പായുടെ ക്രിസ്തീയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിശ്വലേഖനവും, അഗാധപണ്ഡിതനും, തികഞ്ഞ വിദ്യാഭ്യാസപ്രവത്തകനും ...ആയ റവ. ഫാദർഎണസ്റ്റ്ആർ.ഹൾഎസ്. ജെ. അവർകൾ കുട്ടികളുടെ ശരിയായ വളത്തൽ സംബന്ധിച്ചു രചിച്ചിട്ടുള്ള (Formation of Character, Collapses in Adult Life) മുതലായ കൃതികളും വി. ഡോൺബോസ്കോയുടെ ബാലപരിശീലനപദ്ധതികളുമാണ്.

"......നമ്മുടെ നാട്ടിലെ കുട്ടികളെ സംബന്ധിച്ചു പറഞ്ഞാൽ അവരിൽ പലരും ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും ലഭിക്കാതെ ഉഴലുന്ന ഭാഗ്യഹീനരാണെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഒരുവനു അവശ്യാവശ്യമായ വിജ്ഞാനനേട്ടങ്ങൾ അവ ലഭിക്കേണ്ടതായ സ്ഥാനങ്ങളിൽനിന്നു യഥാകാലം കിട്ടാതെ വന്നാൽ സ്വന്തപരിശ്രമംകൊണ്ടു അവ സമ്പാദിക്കാനുള്ള കടമ അവനുണ്ടല്ലോ. ഇപ്രകാരം നിങ്ങൾക്കു വന്നുചേരുന്ന കത്തവ്യം നിർവ്വഹിക്കുന്നതിൽ നിങ്ങളെ കുറെയെങ്കിലും സഹായിക്കുക എന്നുള്ളതാണ് ഈ പുസ്തകരചനയിലുള്ള പ്രധാന ലക്ഷ്യം.

"ആദർശബാലൻ" എന്നാണ് ഈ പുസ്തകത്തിനു പേരുകൊടുത്തിരിക്കുന്നതെങ്കിലും പ്രധാനമായി കൗമാരത്തിലേക്കു കാലൂന്നിത്തുടങ്ങിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ ഉപകാരപ്രദമാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഇതെഴുതിയിട്ടുള്ളത്. അതുകൊണ്ടു ഏറെക്കുറെ അവരുടെ എല്ലാ പ്രശ്നങ്ങൾക്കും സമാധാനം നൽകുന്നതിനു ഇതിൽ ശ്രമിച്ചിട്ടുണ്ട്.

"......ഈ പുസ്തകത്തിനു പ്രധാനമായി മൂന്നു ഭാഗങ്ങളാണുള്ളത്. കുട്ടികൾ പ്രകൃത്യാ ആദർശപ്രിയരാണല്ലോ. തന്മൂലം യാതൊരാശങ്കയും കൂടാതെ നിങ്ങൾ കനുകരിക്കാവുന്നതും നിങ്ങൾ അനുകരിക്കേണ്ടതുമായ ഒരു അതുല്യ ആദർശത്തെപ്പററിയാണു ആദ്യഭാഗത്ത് പ്രതിപാദിച്ചിട്ടുള്ളത്. ഉത്തമരായി വളന്നുവരുന്നതിനുള്ള ചില പ്രായോഗികനിർദ്ദേശങ്ങൾ രണ്ടാം ഭാഗത്തിൽ ചേത്തിരിക്കുന്നു. "ബോർഡിംഗുകളിലും" ഹോസ്റ്റലുകളിലും താമസിക്കുന്ന കുട്ടികൾ അവശ്യം അറിയുകയും അനുവത്തിക്കുകയും ചെയ്യേണ്ടതായ ചില പ്രധാനകാര്യങ്ങളാണു മൂന്നാംഭാഗം ഉൾക്കൊള്ളുന്നത്.

"ആദ്യഭാഗത്തു പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ആദർശബാലൻ ഒരു ചരിത്രപുരുഷനായ നസ്രസ്സിലെ ഈശോ തന്നെയാണ്...

"ഉത്തമനായി വളരുവാൻ ഒരു കുട്ടിക്കെങ്കിലും ഈ പുസ്തകം ഉപകരിച്ചാൽ ഇതയുള്ളവൻ കൃതാത്ഥനായി..."

പുസ്തകത്തിൽനിന്നു ചില ഭാഗങ്ങൾ അടുത്തതിൽ.

എന്നു

പ്രാത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവ്.


(12-ാംപേജ് തുടർച്ച)

നിക്കു ആ സംഭവം വളരെ സന്തോഷപ്രദമായ ഒന്നാണ്. അന്നു ആ കുഞ്ഞിൻെറ ഹൃദയത്തിൽനിന്നു പുറപ്പെട്ട ആ അഭിവാദ്യത്തിൽ നിറഞ്ഞിരുന്ന ആത്മാത്ഥത പലരും "മഹോന്നതനായോവേ!" എന്ന് എന്നെ അഭിസംബോധനചെയ്യുമ്പോൾ ഉണ്ടാകുന്നുണ്ടോയെന്നു ഞാൻ സംശയിക്കുന്നു."

കഴിനാൾ പച്ചെല്ലി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അവിടുത്തേക്കു കുട്ടികളോടുള്ള സ്നേഹവും ആർദ്രതയും ശതഗുണീഭവിച്ചുവെന്നു പറയേണ്ടിയിരിക്കുന്നു. അവിടുന്നു കുട്ടികളോടു കാണിക്കുന്ന പൈതൃകമായ വാത്സല്യപ്രകടനങ്ങളാണ് ഈ രംഗത്തിൽ ചേത്തിട്ടുള്ള ചിത്രങ്ങൾ പ്രകടമാക്കുന്നത്.

പ്രിയ കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, നിങ്ങളെ ഇത്രയധികം സ്നേഹിക്കുന്ന പരിശുദ്ധ മാർപ്പാപ്പായെ നിങ്ങൾ സ്നേഹിക്കുക. അവിടുത്തേക്കുവേണ്ടി ദിവസവും പ്രാത്ഥിക്കുക. നിരവധി ആകുലതകൾ നമ്മെപ്രതി സഹിക്കുന്ന അവിടുത്തേക്കുവേണ്ടി നിങ്ങളുടെ സൽകൃത്യങ്ങൾ കാഴ്ചവയ്ക്കുക.

വച്ചൂട്ടർ




# വിനോദവീഥി



"ഈ പേപ്പറെല്ലാംകൂടി കാലേ അരക്കാ റാത്തലുണ്ട് കൊച്ചമ്മാ. ഒന്നരയണ മേടിച്ചോളിൻ."

* * *

വിമാനത്തിൽ ആദ്യമായി കയറുവാൻ വന്ന ഒരു യുവതി പയലററിനോടു ചോദിക്കുകയാണ്:-


"സർ, ആകാശത്തിൽ പറന്നുകൊണ്ടിരിക്കുമ്പോൾ എഞ്ചിൻ നിന്നുപോയാൽ പിന്നെന്താണു ചെയ്യേണ്ടത്?"

പയലററ്:- "പാരച്ച്യൂട്ട ധരിച്ചു വിമാനത്തിൽനിന്നു പുറത്തു ചാടണം. ഒന്ന്, രണ്ട് എന്നു പത്ത് എണ്ണിക്കഴിയുമ്പോൾ അതിൻെറ ചരടു വലിക്കണം."

യുവതി:- "എന്നിട്ടും പാരച്ച്യൂട്ട വിടരുന്നില്ലെങ്കിലോ?"

പയലററ്:- "കൈകൾ രണ്ടും വായുവിൽ അടിച്ചുകൊണ്ട് "ഞാനൊരു പക്ഷിയാണ്; പക്ഷിയാണ്" എന്നുരുവിട്ടുകൊള്ളാം."

* * *



"അല്ലേ ഇതു താഴത്തെ അന്നക്കൊച്ചല്ലേ. എൻെറടീ ഞാനോത്തു വേറാരാണ്ടോ സിനിമാപടത്തിലഭിനയിക്കാൻ പോവ്വാണ്. നീ പള്ളീലേക്കാണെന്നു ഞാനോത്തേ ഇല്ലട്ടോ?"

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

## ചെറുകഥ

# തറവാട്ടുകാരി

**(എം. വി. ജോസഫ് ചമ്പക്കുളം)**

"മതിയെടീ, മതിയെടീ, എന്നാ കണ്ടോണ്ടാ ഇത്ര ചാടുന്നെ." മാമ്മിച്ചേട്ടത്തി മകളെ അടക്കുവാൻ ശ്രമിക്കുകയാണ്. ചാച്ചിക്കുട്ടി അടങ്ങുമോ?

ചാച്ചി: "നിങ്ങൾക്കു കൊറെ കാണാനൊണ്ടു്. എന്നാപ്പിന്നെ അവരുടെ ചക്രമങ്ങു കൊടുത്തേക്കല്ലോ. ഞാൻ പോകത്തില്ലാരുന്നോ."

മാമ്മി: "എടീ വായാടീ, ആ ചെറുക്കനിതു കേട്ടോണ്ടു വന്നാ നിന്റെ പൊറുതി കഴിക്കുമെടീ."

ചാച്ചി: "ഓ, ചെറുക്കൻ! കെട്ടിച്ചപ്പം വിചാരിക്കണ്ടീരുന്നു, ബാക്കിയുള്ളതും എപ്പോഴെങ്കിലും കൊടുക്കേണ്ടതാണെന്നു്. കളിപ്പിക്കാമെന്നു വിചാരിച്ചിട്ടാ, അല്ലെങ്കിൽ എന്നേ കൊടുത്തേനേ."

മാമ്മി: "അതേടീ, ഗതികെട്ട കാലത്തു് അത്രയും തന്നു കെട്ടിച്ചതും പോര, പിന്നേം തരാം. കിട്ടീട്ടു പോയാമതി. ഇവിടെക്കെടന്നോ; ഞങ്ങളെക്കൂടെ പട്ടിണിയിടാൻ."

ചാച്ചി: "ഇപ്പം പറഞ്ഞാപ്പോരം. പൊങ്ങിയടത്തു കൊണ്ടെക്കെട്ടിക്കാൻ പോയതെന്തിനാ. എന്നെ വല്ല തറമ്മക്കാക്കും പിടിച്ചു കൊടുത്താപ്പോരാഞ്ഞോ."

മാമ്മി: "അമ്പോ! ഇതിന്റെ നാക്കു തട്ടക്കാനാക്കുകഴിയും. ഇതല്ലേ മാപ്പിളവീട്ടുകാക്കും വേണ്ടാതിവിടെ കൊണ്ടിട്ടിരിക്കുന്നതു്. ഇതാരു ചെയ്ത ദോഷത്തിനു പ്രാശ്ചിത്തമെടാ!"

"അമ്മേ, നാത്തൂനേ, ഇല്ലേവരുന്നു. ഒന്നു മിണ്ടാതിരിക്ക്. ചെവിതല കേൾക്കട്ടെ." മാമ്മിച്ചേട്ടത്തിയുടെ മരുമകൾ ചിന്നമ്മയാണ് ആ വിവരം വിളംബരം ചെയ്തതു്. ആ വീടു പ്രശാന്തമായി; കാററും മഴയും പെട്ടെന്നവസാനിച്ച പ്രകൃതി പോലെ.

ആ സമയത്തെങ്കിലും കുഞ്ഞച്ചൻ വന്നില്ലായിരുന്നെങ്കിൽ, മാമ്മിച്ചേട്ടത്തി ചൂലുംകെട്ടെടുക്കുമായിരുന്നു, മകളുടെ വാക്സമരത്തിനറുതിവരുത്താൻ. കുഞ്ഞച്ചൻ എല്ലുമുറിയെ പണിചെയ്താണ്, പട്ടിണിയിൽനിന്നും ആ വീടിനെ രക്ഷിക്കുന്നതു്. വീടിന്റെ മേന്മയാണ് അവന്റെ ജീവിതലക്ഷ്യം. കുട്ടനാട്ടിലുള്ള എല്ലാ ജോലികളും അവനു നല്ലവശമാണ്. ഏതു കാലാവസ്ഥയിലും അവൻ പണി ചെയ്യും; ഉഷ്ണമെന്നോ തണുപ്പെന്നോ ഭേദമില്ലാതെ. കുടുംബസ്വത്തായി അവനു കിട്ടിയിട്ടുള്ളതു്, ആററരികിലുള്ള ആ എട്ടു സെൻറു പുരയിടവും ആ ചെറു മൺപുരയും മാത്രമാണ്. പുരയിടത്തിലുള്ള തെങ്ങുകളാണെങ്കിൽ, കാററുവീഴ്ചമൂലം മുരടിച്ചു മഞ്ഞനിറത്തിൽ നില്ക്കുകയാണ്; "പിരാക്കുപിടിച്ച സന്തതി"കളെപ്പോലെ.

ആറു മാസത്തോളമായി, ചാച്ചിക്കുട്ടി അവിടെ ഒരു സത്യഗ്രഹം ആരംഭിച്ചിരിക്കുകയാണ്. സ്ത്രീധനത്തിന്റെ ബാക്കിയുള്ള നൂററിയൻപതു രൂപാ കിട്ടുവാൻ വേണ്ടി. ചാച്ചിക്കുട്ടിയുടെ ഭർത്താവ് ഇങ്ങനൊന്നും കളിപ്പു പാറുന്ന ആളല്ലായിരുന്നു. അയാൾ കണ്ടുപിടിച്ച വിദ്യയാണ്, ചാച്ചിക്കുട്ടിയേയും പിള്ളേരെ രണ്ടിനേയും അവിടെ കൊണ്ടുചെന്നേല്പിക്കുക എന്നതു്. പണം ഉണ്ടാകുമോ ഇല്ലയോ എന്നു് അയാൾ ഒന്നു പരീക്ഷിക്കുകയാണ്. അങ്ങനെ അവർ തമ്മിലുള്ള ആ പാവനമായ വിവാഹബന്ധം താല്ക്കാലികമായി വേർപെടുത്തപ്പെട്ടിരിക്കുകയാണ്, വെറും നൂററിയൻപതു വെള്ളിനാണയത്തിന്റെ പേരിൽ. കുഞ്ഞച്ചനുമുണ്ടു് മക്കൾ രണ്ടു്. അമ്മയ്ക്കു് കുടിയതരം എണ്ണ തേക്കണം; വലിയ വീടുകളിലെ സ്ത്രീകളെപ്പോലെ ആഴ്ചയിൽ രണ്ടു രവന്ന വെള്ളമാണം; ദിവസവും മൂന്നുംനാലും പ്രാവശ്യംകാപ്പിയും ആടുചവയ്ക്കുന്നതുപോലെമുറുക്കാനും. ചിലമട്ടാവശ്യത്തിനു ഒരു പിടി കയറു പോലും പിരിക്കുകയില്ലാ, കുടുംബസ്ഥിതിക്കു കുറവാണല്ലോ എന്നോർത്തു്. വിചാരിക്കുന്ന ഏതു കാര്യത്തിനും എത്ര പണവും മാമ്മിച്ചേട്ടത്തി ചെലവിടീക്കും. അതേ അവർ ശീലിച്ചിട്ടുള്ളു. ഇങ്ങനെയുള്ള കനത്ത കുടുംബഭാരം കുഞ്ഞച്ചന്റെ ചുമലിൽ താങ്ങത്തക്കതായിരുന്നില്ല; എങ്കിലും അമ്മയുടെ വാക്കുകൾ അവനു ദൈവവാക്യം പോലെയാണ്. പുകവലി, ചീട്ടുകളി, മദ്യപാനം മുതലായവയാൽ സ്വയം നാശമടയുന്ന ചില ചെറുപ്പക്കാരോടു കുഞ്ഞച്ചനു വലിയ വെറുപ്പായിരുന്നു. ദുരഭിമാനം കൂടാതെ, ഏതു ജോലിയും ചെയ്തു കുടുംബത്തിലെ ആവശ്യങ്ങൾ അവൻ നിറവേററിവന്നു.

ഇങ്ങനെയിരിക്കുമ്പോഴാണ്, അളിയന്റെ (ഭാര്യാസഹോദരൻ) വിവാഹം അടുത്തിരിക്കുന്നതായി അറിവുകിട്ടിയതു്. മാമ്മിച്ചേട്ടത്തിയുടെ അദ്ധ്യക്ഷതയിൽ ഒരാലോചനായോഗം കൂടി.

മാമ്മി: "എടാ ചെറുക്കാ, പോകുന്നെങ്കിൽ ആണുങ്ങളും പെണ്ണുങ്ങളും പോകുന്നതുപോലെ വേണം. അല്ലെങ്കിൽ ഞാൻ വരുന്നില്ല. ഞാനൊന്നാന്തരം കുടുമ്മക്കാരിതന്നെയാ. കുറച്ചു പണത്തിന്റെ കൊറവേ ഒള്ളു. ചിന്നമ്മെ നിന്നെക്കൊണ്ടു കെട്ടിച്ചതേ, അവരു ഷീണിച്ചിരുന്നപ്പഴാ. ഇപ്പം ആ ചെറുക്കൻ കെട്ടുന്നതു രൂപാ മൂവായിരം വാങ്ങിച്ചാ. നമ്മളതു കരുതിവേണം പോകാൻ."

കുഞ്ഞ: അവൻ പട്ടാളത്തീപ്പോയി കൊണ്ടുവന്ന ചക്രമാ. അതിനിപ്പം നമ്മളെന്തു ചെയ്യും. നമുക്കു വല്ല വശവുമുണ്ടോ?"

മാമ്മി: "എടാ, രൂപാ ആരോടെങ്കിലും കടം വാങ്ങിക്കണം. എങ്ങനെയെങ്കിലും വീടിയാപ്പോരേ. അതിനൊക്കെവശമുണ്ടാകും. മംഗലത്തെ ചാക്കോച്ചനോടു കൊറെ രൂപാ കടം ചോദിരു്. ഞാൻ പറഞ്ഞെന്നു പറ. അതിയാനെത്ര വേണമെങ്കിലും തരും."

കുഞ്ഞ: "എന്തൊക്കെ വേണമെന്നാ അമ്മ പറയുന്നതു്?"

മാമ്മി "ഒരു സ്പെഷ്യൽ ബോട്ടു വേണം. നാലു കൊട്ട എണ്ണപ്പലഹാരം; അഞ്ചാറു താറാവു്; പിന്നെ ബാൻറുകാരും വേണം. പിന്നൊന്നുള്ളതു കേക്കിന്റെ കര്യമാ; ഇന്നാളൊരു കല്യാണത്തിനു ഞാൻ കണ്ടു. എങ്ങാണ്ടൊന്നുണ്ടാക്കിയപ്പം കേക്കേലുണ്ടല്ലോ, അഞ്ചാറു വെളക്കു നിന്നു കത്തുന്നു. അങ്ങനെ ഒരെണ്ണം വേണം നമ്മക്കും. രൂപാ എത്രയായാലും തരക്കേടില്ല."

ചാച്ചിക്കുട്ടി അകത്തിരുന്നു് എന്തൊക്കെയോ പിറുപിറുക്കുകയാണ്, ഇതെല്ലാം കേട്ടു്. കൊച്ചിനിട്ടൊരടിയും.

ഇതിനിടയ്ക്കു് ചിന്നമ്മയ്ക്കൊരു കാര്യംഅറിയിക്കാനുണ്ടായിരുന്നു. അവൾ ഏതാണ്ടൊരു ശോകച്ഛായ കലന്ന സ്വരത്തിൽ പറയുകയായി, "ഞാൻ വരുന്നില്ല. എന്റെ കവിണിയെല്ലാം കീറിപ്പോയി." അപ്പോഴാണ് മാമ്മിച്ചേട്ടത്തിക്കു നല്ല ഒരു പുടവ വേണമെന്ന കാര്യം അവരുടെ ഓർമ്മയിൽ വന്നതു്. ഈ ആവശ്യങ്ങൾ ഓരോന്നും കുഞ്ഞച്ചന്റെ ഹൃദയത്തെ പിളക്കുന്ന ഓരോ അസ്ത്രങ്ങളായിട്ടാണ് അവനനുഭവപ്പെട്ടതു്. കണക്കു കൂട്ടിയിട്ടു നൂറു രൂപയ്ക്കു മേലാകും. അവന്റെ തല പുകഞ്ഞു. ഒടുവിൽ മംഗലത്തേ ചാക്കോച്ചനെത്തന്നെ അവൻ ശരണം പ്രാപിച്ചു. ഏതായാലും കല്യാണം കൂടണ്ടേ!

ചാക്കോച്ചൻ, രൂപാനോട്ടുകൾ വെയിലത്തുവച്ചുണക്കുന്നവനാണെന്നാണു കേൾവി. തന്റെ അൻപതുപറ നിലം, കുഞ്ഞച്ചന്റെ നീണ്ട പുരയിടത്തിന്റെ പിറകുവശത്താണു കിടക്കുന്നതു്. ആ നിലത്തിന്റെ ഐശ്വര്യത്തെത്തടയുന്ന ഒരു ഭിത്തിപോലെയാണു കുഞ്ഞച്ചന്റെ ആററരികിലുള്ള ആ പുരയിടത്തിന്റെ കിടപ്പു്. ചാക്കോച്ചനതിനു കണ്ണുവയ്ക്കാൻ തുടങ്ങീയിട്ടു നാൾ വളരെയായി. എല്ലാംകൂടെ ചേർത്തു നികത്തി ഒരു വലിയ പുരയിടം സൃഷ്ടിക്കണമെന്നു ചാക്കോച്ചനൊരാഗ്രഹം. കുഞ്ഞച്ചനു് എത്ര രൂപാ കടംകൊടുക്കുന്നതിനും ചാക്കോച്ചനിഷ്ടമാണ്. ചോദിക്കാത്ത കുറമാത്രം. കുഞ്ഞച്ചനേക്കണ്ടമാത്രയിൽ ചാക്കോച്ചൻ പറയുകയാണ്—ഒരു പുഞ്ചിരിയോടുകൂടി: "എന്താ പിന്നെ കുഞ്ഞച്ചൻ, പതിവില്ലാതെ ഇങ്ങോട്ടു കടന്നതു്."

കുഞ്ഞ:- (തലചൊറിഞ്ഞു വിനയത്തോടെ) "അളിയന്റെ കല്യാണം അടുത്തിരിക്കുകയാ; നൂറു നൂററിയിരുപത്തഞ്ചു രൂപായോളം ഒരു വായ്പവേണം—അമ്മ പറഞ്ഞു."

ചാക്കോ:- "അത്യാവശ്യമാണെങ്കിൽ തരാം. എടാ, നിന്റെ പെങ്ങളിങ്ങുവന്നു നിൽക്കുകയാണോ?"

കുഞ്ഞ:- "സ്ത്രീധനംവകേൽ നൂററൻപതുരൂപായോളം കൊടുക്കാനൊണ്ടു്. അളിയൻ അവളെ ഇവിടാക്കിയിരിക്കുവാ."

ചാക്കോ:- "രൂപാ വേണമെങ്കിൽ ഞാൻ തരാരുന്നല്ലോ. അലോഹ്യം കുറഞ്ഞാൽത്തന്നെ എന്തു സമാധാനമുണ്ടു്. നീ വല്ലതുമൊന്നു വരച്ചു ഒപ്പിട്ടുതന്നാൽ മതിയായിരുന്നല്ലോ."

കുഞ്ഞ:- "അമ്മയോടൊന്നു ചോദിക്കട്ടെ."

ചാക്കോ:- "മതി, ഞാൻ പറയുകയായിരുന്നു. രൂപായും ഇവിടെ കുറവാ. നൂററിയിരുപത്തഞ്ചു രൂപാ ഇപ്പോൾ വേണമായിരിക്കും, അല്ലേ." ചാക്കോച്ചൻ, അറയ്ക്കകത്തുള്ള പത്തായത്തിലിരിക്കുന്ന പെട്ടിതുറന്നു് അത്രയും രൂപയെടുത്തു കുഞ്ഞച്ചനുകൊടുത്തു. വെറും വിശ്വാസത്തിന്റെ പേരിൽ. "കല്യാണംകഴിഞ്ഞു് ഇങ്ങോട്ടൊന്നുവരണം" എന്നൊരു താക്കീതും.

രണ്ടാഴ്ചയ്ക്കുള്ളിൽ മാമ്മിച്ചേട്ടത്തിയുടെ ആഗ്രഹങ്ങളെല്ലാം നിറവേററപ്പെട്ടു. കുഞ്ഞച്ചൻ ഒരു യന്ത്രപ്പാവപോലെ അമ്മയുടെ നിർദ്ദേശങ്ങൾ അനുസരിക്കുകയാണു ചെയ്തതു്. കേക്കു മാമ്മിച്ചേട്ടത്തിക്കു നന്നേ പിടിച്ചു. കുഞ്ഞച്ചൻ ഒരു ബട്ടനിൽ ഒരമത്തു്. ആ ഏഴുനിലക്കേക്കിന്റെ പല ഭാഗങ്ങളിലായി, വിവിധവർണ്ണത്തിലുള്ള ബൾബുകൾ തിളങ്ങിക്കണ്ടു. തന്റെ തറവാട്ടുമഹിമയെ ആ ബൾബുകൾ വിളംബരം ചെയ്യുന്നതായി മാമ്മിച്ചേട്ടത്തിക്കു തോന്നി.

സ്പെഷ്യൽബോട്ടിലുള്ള അവരുടെ പോക്കു് അയൽവക്കത്തെ പെണ്ണുങ്ങൾ അസൂയയോടുകൂടി നോക്കിനിന്നു. ചാച്ചിക്കുട്ടിയും പിള്ളേരും വീടുകാവലേററു. കിഴക്കേതിലെ കുശുമ്പിമറിയ ചാച്ചിക്കുട്ടിയോടു പറയുകയാണ്: "എടീ ചാച്ചിയേ! ഇതെവിടെച്ചെന്നവസാനിക്കുമെന്നു കണ്ടറിയണം. ഇതിനു വല്ലോം ആവിശമുണ്ടോ?"

ചാച്ചി:- "ഓ!! ബാക്കിയുള്ളവരുടെ കാര്യത്തിനൊന്നുമില്ല. ഇതിനൊക്കെ അവർക്കുണ്ടു്. എല്ലാം നശിക്കട്ടെ."

കല്യാണം വളരെ കേമമായി നടന്നു. ആ സ്പെഷ്യൽബോട്ടിലാണു ചെറുക്കനും പെണ്ണും പള്ളിയിൽനിന്നു പോയതു്. മാമ്മിച്ചേട്ടത്തിയെ എല്ലാവരും പുകഴ്ത്തി. കേക്കു് പലർക്കും ഒരത്ഭുതസൃഷ്ടി തന്നെയായിരുന്നു. ഇങ്ങനെയെല്ലാമായാലും, കഷ്ടം! വെറുംകൈയുമായാണു ആ ചിന്നമ്മ പിള്ളേരേയുംകൊണ്ടു മടങ്ങിയതു്. മാമ്മിച്ചേട്ടത്തി അതിനുകണ്ട സമാധാനം: "തന്തയോ തള്ളയോ ഉണ്ടായിരിക്കണം, ഇതൊക്കെ അറിഞ്ഞു വല്ലതും ചെയ്യാൻ" എന്നാണ്. മരുമകളെ അവർ കുററപ്പെടുത്തിയുമില്ല.

കുഞ്ഞച്ചൻ അമ്മയുമായാലോചിച്ചു്, നൂററിയൻപതുരൂപകൂടെ ചാക്കോച്ചനോടു കടംവാങ്ങി. ചാച്ചിക്കുട്ടിയെ ഒന്നു പറഞ്ഞുവിടണ്ടേ! മററു വല്ല മാർഗ്ഗവുമുണ്ടോ! കുഞ്ഞച്ചൻ, ചാക്കോച്ചൻ കാണിച്ച കടലാസിന്റെ താഴെ ഒരൊപ്പിട്ടുകൊടുത്തതേയുള്ളു. അതു മുന്നൂറുരൂപയുടെ ഒരു പ്രോമിസറി നോട്ടായിരുന്നു. ആകെ വാങ്ങിയതു കൂടാതെ ഇരുപത്തഞ്ചുരൂപാ കൂടി എഴുതിയതിനേപ്പററി കുഞ്ഞച്ചൻ പ്രതിഷേധിച്ചു. ചാക്കോച്ചനതിനു സമാധാനം പറഞ്ഞതു്, "നോട്ടെഴുതുമ്പോൾ അങ്ങനെ കുറച്ചുതുകയൊക്കെ കൂട്ടിയാണെഴുതേണ്ടതു്, തിരിച്ചുതരുമ്പോൾ വാങ്ങിയതുമാത്രം തന്നാൽമതി" എന്നെല്ലാമാണ്.

രൂപാകിട്ടിയ വിവരം കേൾക്കാനിരുന്നു, ചാച്ചിക്കുട്ടിയുടെ ഭർത്താവു വന്നുചേരാൻ; വസന്തകാലത്തുമാത്രം ചെടിയെ, സമീപിക്കുന്ന ഒരു മധുപത്തെപ്പോലെ. ചാച്ചിക്കുട്ടി അങ്ങനെ വീണ്ടും ഭർത്തൃഗൃഹത്തിലായി. വീട്ടിലെ നിരന്തരശല്യത്തിനൊരറുതിവന്നതിൽ മാമ്മിച്ചേട്ടത്തിയും കുടുംബവും സന്തുഷ്ടരായി.

കുടുംബസംരക്ഷണത്തിൽ കുഞ്ഞച്ചനെ ശ്വാസംമുട്ടിച്ച വിഷമപ്രശ്നങ്ങൾ വളരെയുണ്ടായിരുന്നു. അതിലൊന്നും സഹതപിക്കാതെ ദിവസങ്ങൾ ഒന്നിനുപിറകെ ഒന്നായി വർഷം രണ്ടു പെട്ടെന്നു കഴിഞ്ഞു. അപ്പോഴാണ്, ഭർത്താവിന്റെ ആ വർഷത്തെ ചാത്തമെങ്കിലും സാമാന്യം മെച്ചമായി ഒന്നു നടത്തണമെന്നു മാമ്മിച്ചേട്ടത്തിക്കൊരു മോഹം ജനിച്ചതു്. കുഞ്ഞച്ചനും ആഗ്രഹമുണ്ടു്, അവന്റെ പിതാവിന്റെ ചാത്തം കേമമായി നടത്താൻ. എന്നാൽ സാമ്പത്തികതളർച്ച അവന്റെ ആഗ്രഹത്തിന്റെ കൂമ്പുകളെ വാട്ടിക്കളഞ്ഞു. അവനമ്മയോടു പറയുകയാണ്: "അമ്മേ കടത്തിന്റെ മോളിൽ കടമല്ലേ. നമുക്കു വശമില്ല, ചാത്തമൊക്കെ കേമമായി നടത്താൻ. അന്നു നമുക്കെല്ലാവർക്കും കുമ്പസാരിച്ചു വി. കുർബാന കൈക്കൊണ്ടു പ്രത്യേകം പ്രാത്ഥിക്കണം. ഒരു കുർബാന ചൊല്ലിക്കണം. മൂന്നുനാലു പാവങ്ങൾക്കു ചോറുംകൊടുക്കാം. അതുമതി."

മാമ്മി:- "എടാ, എന്റെ വെല്യപ്പന്റെ ചാത്തം ആണ്ടുതോറും കേമമായിത്തന്നെയാ നടത്തീട്ടുള്ളതു്. ഞാനത്തരം കുടുംബത്തിൽ ജനിച്ചവളാ. നിന്റെ അപ്പന്റെ ചാത്തം ഒരു കൊല്ലം ഒന്നു നടത്താൻ നിവൃത്തിയില്ല; അല്ലേ. നീ നടത്തണ്ടാടാ; ഞാൻ നടത്തിക്കോളാം. ഒന്നുമില്ലെങ്കിൽ അതിയാനൊണ്ടാക്കിത്തന്ന ഇത്രേം മണ്ണെങ്കിലുമൊണ്ടല്ലോ."

അമ്മയുടെ അഭിപ്രായദാർഢ്യത്തിൽ മകന്റെ അഭിപ്രായം ലയിച്ചുപോയി, മഹാസമുദ്രത്തിൽ വീണ മഴത്തുള്ളികൾപോലെ. കുഞ്ഞച്ചൻ വീണ്ടും മംഗലത്തു ചാക്കോച്ചനെത്തന്നെ അഭയം പ്രാപിച്ചു. അമ്മയുടെ നിർദ്ദേശപ്രകാരം നൂററിയൻപതുരൂപാകൂടെ കടംവാങ്ങി. ചാക്കോച്ചനാകുന്ന കല്പവൃക്ഷത്തിന്റെ ഔദാര്യശീലം കുഞ്ഞച്ചനെ അത്ഭുതപ്പെടുത്തി. ഇതിനുമുൻപും ചുരുക്കമായി പണം വേണ്ടിവന്ന പല അവസരങ്ങളിലും ചാക്കോച്ചന്റെ സഹായം കുഞ്ഞച്ചനു ലഭിച്ചു. ഇതൊന്നും ചാക്കോച്ചൻ വിട്ടില്ല. അപ്പഴപ്പോൾ ഈ തുകകളെല്ലാം ആ നോട്ടിൽ കുഞ്ഞച്ചനെക്കൊണ്ടുതന്നെ എഴുതിച്ചുപോന്നു. അങ്ങനെ ആ നോട്ടിന്റെ ഭാരം കൂടിക്കൂടിവന്നു. ഏതായാലും ചാത്തം കഴിച്ചതു സാമാന്യം കേമമായിത്തന്നെയായിരുന്നു.

അധികം താമസിയാതെതന്നെയാണ് മാമ്മിച്ചേട്ടത്തിക്കു് അതികഠിനമായ ജ്വരം പിടിപെട്ടതു്. അടുത്തുള്ള നാട്ടുവൈദ്യ

(ശേഷം 10-ാം പേജിൽ)



Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, June, 29 1955 No. 44



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ഇത്തവണ കൊച്ചുപുണ്യവാൻെറ ചരിത്രം തുടരുന്നതിനിടയ്ക്കു നിങ്ങളെ ഒരുല്ലാസത്തിനു കൊണ്ടുപോകാനാണ് വല്യേട്ടൻ വിചാരിക്കുന്നതു്. ഇടയ്ക്കിടയ്ക്കു ഒരു മാററം ഉണ്ടായില്ലെങ്കിൽ കുഞ്ഞുമനസ്സുകൾ മുഷിഞ്ഞുപോയേക്കുമല്ലോ. എങ്ങോട്ടാണ് ഉല്ലാസത്തിനു പോകേണ്ടതു്? ഈ ലോകത്തിൽ കുഞ്ഞുങ്ങളെ ഏററമധികം സ്നേഹിക്കുന്ന ഒരാളുടെ പക്കലേക്കാകട്ടെ. അതു നിങ്ങളെല്ലാം കാണാൻ ആഗ്രഹിക്കുന്ന ഒരു സ്ഥലവും ഒരാളുമാണ്. ആരാണെന്നോ? റോമയിലിരിക്കുന്ന പരിശുദ്ധ മാർപ്പാപ്പാ, പന്ത്രണ്ടാം പീയൂസ് തിരുമേനി. അവിടുത്തേക്കു കുട്ടികളോടു പണ്ടുമുതലേ വലിയ ഇഷ്ടമാണ്. നിരവധി കഥകൾ അതുസംബന്ധിച്ചുണ്ടു്.

കർദ്ദിനാൾപച്ചെല്ലി അന്നു സ്റ്റേററു്സിക്രട്ടറിയാണ്. അക്കാലത്തു്—1936-ൽ—അദ്ദേഹം അമേരിക്ക സന്ദർശിക്കുകയുണ്ടായി. ഫോർഡാം യൂണിവേഴ്സിററിയിൽ ഗംഭീരമായ സ്വീകരണം. കർദ്ദിനാൾ പ്രത്യേകകാറിൽ വന്നിറങ്ങി. പ്രമുഖാതിഥികളും ആതിഥേയരും തമ്മിലുള്ള കുശലപ്രശ്നങ്ങൾ നടക്കുന്നു. കുറച്ചകലെനിന്നും 5 വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടി ഉച്ചത്തിൽ വിളിക്കുകയാണ്: "ഹീ! മിസ്റ്റർ, ഹീ!" ഈ കുട്ടിയുടെ പ്രവൃത്തി പ്രശസ്താതിഥിയോടുള്ള ഒരനാദരവായോയെന്നു എല്ലാവരും ശങ്കിച്ചു. യാതൊരു ഭാവഭേദവും കൂടാതെ കുശലപ്രശ്നങ്ങൾക്കിടയിൽ ഏതാനും നിമിഷത്തിനുള്ളിൽ കർദ്ദിനാൾ പച്ചെല്ലിയുടെ ഉയരംകൂടിയ ശരീരം ആ കൊച്ചുപെൺകുട്ടിയുടെമേൽ കുനിഞ്ഞുനില്ക്കുന്നതും വിടർന്ന പുഞ്ചിരിയോടുകൂടി അവർ പരസ്പരം സംഭാഷിക്കുന്നതുമാണ് എല്ലാവരും കണ്ടതു്. "ഹീ! ദേർ!" കർദ്ദിനാൾ കുഞ്ഞിനെ അഭിവാദ്യംചെയ്തു.

വേറൊരു സംഭവം. അമേരിക്കയിൽ ചെന്നയുടനെ അമേരിക്കൻരീതിയിൽ ഒരു സ്യൂട്ടു തൈപ്പിക്കുന്നതിനു ഒരു തയ്യൽക്കാരൻെറ അടുത്തുപോയി കർദ്ദിനാൾ. ഈ സംഭവത്തെപ്പററി അത്ഭുതപൂർവ്വം ആ തയ്യൽക്കാരൻ പറയുന്നതിപ്രകാരമാണ്: "ഇത്തരത്തിലുള്ള ഒരാളെ എൻെറ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. ഞാൻ വിവാഹിതനാണെന്നും എനിക്കു കുഞ്ഞുങ്ങളുണ്ടെന്നും മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ അദ്ദേഹം എൻെറ കുട്ടികളെപ്പററിയുള്ള സംസാരത്തിൽ വ്യാപൃതനായി. എത്ര സ്നേഹപൂർവ്വകമായ അന്വേഷണങ്ങളാണ് അവരെപ്പററി. ഒരത്ഭുതമനുഷ്യൻതന്നെയാണദ്ദേഹം! ചുരുക്കത്തിൽ, സുദീർഘമായ സംഭാഷണം കഴിഞ്ഞിട്ടും ഉടുപ്പിൻെറ അളവെടുക്കുന്ന കാര്യവും തൈക്കേണ്ട ഫാഷനും പറയാൻ മറന്നുപോയി തിരുമേനി!" നോക്കണം കുട്ടികളുടെ കാര്യത്തിലുള്ള ശ്രദ്ധ.

വേറൊന്നു്. തിരുമേനി മെത്രാപ്പോലീത്തായായിരുന്ന കാലത്തു സ്വിററ്സർലണ്ടിൽവച്ചു ഒരു തെരുവിൽക്കൂടി നടന്നുപോവുകയായിരുന്നു. തിരുമേനിയുടെമാതാപിതാക്കന്മാരുടെ മരണം സംബന്ധിച്ചുണ്ടായ കദനവിചാരം അദ്ദേഹത്തെ ഭാരപ്പെടുത്തിയിരുന്നു. ഒരു കൊച്ചുകുട്ടിതെരുവിൻെറ ഒരുഭാഗത്തുനിന്നു കരയുന്നതായി അദ്ദേഹം കണ്ടു. സസ്നേഹം ആ കുഞ്ഞിനെ സമീപിച്ചു് അദ്ദേഹം ദുഃഖകാരണം ആരാഞ്ഞു. വീട്ടിൽനിന്നും അപ്പം വാങ്ങിക്കാൻ കൊടുത്തയച്ച പണം വഴിയിൽ കളഞ്ഞുപോയിയെന്നു കണ്ണുനീരൊഴുക്കിക്കൊണ്ടു ആ ബാലൻ പറഞ്ഞു. തിരുമേനി അവനെ ആശ്ലേഷിച്ചു്, കണ്ണുനീർ തുടച്ചു സമാശ്വസിപ്പിച്ചു്, അടുത്തുണ്ടായിരുന്ന അപ്പക്കടയിൽ കൊണ്ടുപോയി ആവശ്യമുള്ള അപ്പം വാങ്ങിക്കൊടുത്തു കൂടാതെ അവനെ ആ സന്ധ്യാസമയത്തു വീടിൻെറ പടിവരേയും കൊണ്ടുചെന്നാക്കി മടങ്ങുകയുംചെയ്തു. അന്നുരാത്രി ആ വീട്ടിലെ നീണ്ട സംഭാഷണവിഷയം എന്തായിരുന്നുവെന്നു പറയേണ്ടല്ലോ!

മറെറാന്നു്. കർദ്ദിനാൾപച്ചെല്ലി ബ്രസെൽസിൽവച്ചുഒരുമാന്യകുടുംബത്തിൻ വിരുന്നിനു ക്ഷണിക്കപ്പെട്ടു. സ്വല്പസമയത്തെ പരിചയംകൊണ്ടു ആ വീട്ടിലെ ഒരു ചെറുബാലനുമായി അദ്ദേഹം വലിയ വേഴ്ചയിലായി. അത്താഴംകഴിഞ്ഞു കുട്ടി ഉറങ്ങാൻപോകുന്നതിനുമുമ്പു അവൻെറ പുതിയ സ്നേഹിതനായ അതിഥിയോടു യാത്രപറഞ്ഞു: "വൃദ്ധാ, ഗുഡ്നൈററു്!" ആതിഥേയർ പരിഭ്രാന്തരായി. കുട്ടിയുടെ അവിവേകം! പക്ഷെ കർദ്ദിനാൾ സന്തോഷത്തോടുകൂടി പൊട്ടിച്ചിരിച്ചുകൊണ്ടു് കുട്ടിയോടു പറഞ്ഞു: "ഗുഡ്നൈററു്!" ആ രംഗം അങ്ങനെ കഴിഞ്ഞു. കുറെനാൾ കഴിഞ്ഞു വേറൊരു സല്ക്കാരത്തിൽ ആ കുട്ടിയുടെ അമ്മ കർദ്ദിനാളിനടുത്ത ഇരിപ്പടത്തിൽ ഇരിക്കാനിടയായി. സംഭാഷണമദ്ധ്യേ കർദ്ദിനാൾ കുട്ടിയുടെ വിശേഷങ്ങൾ ചോദിച്ചു. അവർ ക്ഷമാപണം ചെയ്യുന്നതിനു തുടങ്ങി, കുട്ടിയുടെ പഴയ അവിവേകത്തെപ്പററി. പക്ഷെ കർദ്ദിനാൾ പറഞ്ഞു: "ദയവായി എന്നെ വിശ്വസിക്കുക. എ

(ശേഷം 10-ാംപേജിൽ)

### 28-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—റോസമ്മ

### പ്രശ്നം നമ്പ്ര് 29

(ജോസഫ് ആക്കാട്ടുമുണ്ടയ്ക്കൽ, കല്പാട്ട്. വയസ്സ് 14)

ഞങ്ങളുടെ തോട്ടത്തിൽ ഒരു ചെടിയിന്മേൽ ധാരാളം കായ് പഴുത്തു നില്ക്കുന്നുണ്ടായിരുന്നു. ഒരു കിളിവന്നു ഒരെണ്ണം കൊത്തിയെടുത്തു അതിൻെറ കുഞ്ഞിനു കൊണ്ടുപോയി കൊടുത്തു. മടങ്ങിവന്നു ബാക്കിയുണ്ടായിരുന്നതിൻെറ പകുതി എണ്ണം അതു തിന്നുകൊണ്ടു പോയി. രണ്ടാമതും മൂന്നാമതും നാലാമതും ഓരോ കിളികൾ വന്നു ഇതേവിധം ചെയ്തു. ഓരോന്നും ആദ്യം ഒരു പഴം കുഞ്ഞിനു കൊണ്ടുപോയി കൊടുക്കും. മടങ്ങിവന്നു ബാക്കിയുള്ളതിൻെറ പകുതി എണ്ണം കൊത്തിതിന്നും. നാലുകിളിയും പോയി കഴിഞ്ഞപ്പോൾ ചെടിയിൽ ഒരൊററ പഴം മാത്രം ശേഷിച്ചു. ആ ചെടിയിന്മേൽ ആകെ എത്ര പഴമുണ്ടായിരുന്നു?

(ഉത്തരം അടുത്തതിൽ)



ആർമേനിറങ്ങ പരിശുദ്ധ പിതാവു് രോഗിയായ ഒരു ശിശുവിനെ ആശീർവ്വദിക്കുന്നു. അതിൻെറ പിതാവു് അതിനെ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്.



കടന്നുപോകുന്ന മാർപ്പാപ്പാ ഉയർത്തിപ്പിടിച്ചിരിക്കുന്ന ഒരു ബാലികയെ കൈ നീട്ടി അനുമോദിക്കുന്നു. അവൾ വിസ്മയഭരിതയാണെങ്കിലും ഭയപ്പെടുന്നില്ല.



സ്ഥൈര്യലേപനം സ്വീകരിച്ച കുട്ടികൾ മാർപ്പാപ്പായുടെ സന്നിധിയിൽ. അവിടുത്തെ അനുഗ്രഹം നിറഞ്ഞു തുളുമ്പുന്ന വദനം അവരെ ധൈര്യമുള്ളവരും സന്തുഷ്ടരും സംസാരകുതുകികളുമാക്കുന്നു.



ഒരു കുടുംബത്തിനു അനുവദിച്ച സന്ദർശനവേളയിൽ അവരുടെ കൊച്ചുകുട്ടി പരിശുദ്ധ പിതാവിനു സമ്മാനം സമർപ്പിക്കുന്നു. പരിശുദ്ധ പിതാവു അവർക്കു കൊടുക്കുന്നതിനുള്ള സമ്മാനങ്ങൾ (പടങ്ങൾ, കാശുരൂപങ്ങൾ മുതലായവ) കൈയിൽ പിടിച്ചിരിക്കുന്നു.



കുട്ടികളുടെ മദ്ധ്യത്തിലൂടെ മാർപ്പാപ്പാ സംവഹിക്കപ്പെടുന്നു. അവരുടെ അട്ടഹാസവും ആർപ്പുവിളിയും. അനുഗൃഹീതനായ ഒരു ബാലൻ പരിശുദ്ധ പിതാവിൻെറ മോതിരം മുത്തുന്നു. അവൻെറ അപ്പൻ അവനെ എടുത്തു പൊക്കിനിർത്തിയിരിക്കുകയാണ്, അത്യാനന്ദത്താൽ പൊട്ടിച്ചിരിക്കുകയാണ് മാർപ്പാപ്പാ.



പരിശുദ്ധ പിതാവു കുട്ടികളുടെ ഇടയിൽ നടന്നു അവരോടു സംസാരിക്കുന്നു.